

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 57 ലക്കം 5

ആഗസ്റ്റ് 2017

## നാടും വീടും പൊന്നോണം നിസ്വജനത്തിനു ഭവനങ്ങൾ

## ഓണത്തിനു മുമ്പ് പെൻഷൻ

₹ 2677 കോടി അനുവദിച്ചു




പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

# പഞ്ചായത്ത്‌രാജ്

ആഗസ്റ്റ് 2017

## അകത്ത്








ഓണമുക്കുറ്റി
ആലങ്കോട് ലീലാകൃഷ്ണൻ 5

വീട് ഇനി സ്വപ്നമല്ല
പിണറായി വിജയൻ 6

എല്ലാവർക്കും വീട് - എത്താനില്ല ദൂരം
ഡോ.കെ.ടി.ജലീൽ 10

ജീവിതം സമ്പൂർണ്ണമാക്കുന്ന ലൈഫ്
ഡോ. അദീല അബ്ദുള്ള ഐ.എ.എസ് 13

കുടുംബശ്രീക്ക് അഭിമാനമായി ലൈഫ് സർവേ
എസ്. ഹരികിഷോർ ഐ.എ.എസ് 15

ലൈഫ് മിഷൻ - വിഭവ സമാഹരണം
സനോബ്.എസ്. 18

സ്നേഹതണലിന്റെ സ്വപ്നപൂർണ്ണത
അജിത.എസ് 21

ലൈഫ്: ഐക്യപ്രതീകമായി ഭവനസമുച്ചയങ്ങൾ
രവിരാജ്. ആർ 23

ലൈഫ്: ചോദ്യോത്തരം
അനീഷ് .ബി 25

ഓണം മലയാളിയെ ഓർമ്മിപ്പിക്കുന്നത്
മുരളീധരൻ തഴക്കര 31

നിലാവോണം
വി.എം.ഗിരിജ 35

ഓണപ്പട
വെള്ളനാട് രാമചന്ദ്രൻ 36

മലനാടിന്റെ മധുരോദാരവികാരം
ഡോ. അജയപുരം ജ്യോതിഷ് കുമാർ 39


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 27
ഭൂതക്കണ്ണാടി 28
ഹായ്... എന്ത് രുചി 34
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ആഗസ്റ്റ് 2017
പുസ്തകം 57 ലക്കം 5
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

# മാവേലി കാണാൻ വീടൊരുങ്ങുന്നു

സമതയുടെയും സ്നേഹത്തിന്റെയും ആവണിനിലാവുമായ് ചിങ്ങമെത്തി. ജീവിതം സുരക്ഷിതവും സുരഭിലവുമാക്കാൻ ലൈഫ് മിഷനും സജീവമായി. രണ്ടും മലയാള മണ്ണിനും മനസ്സിനും പുതുവസന്തമേകി നിറവാകുന്നു.

ഓണം ആഘോഷം മാത്രമല്ല, മലയാൺമയുടെ മഹത്‌വികാരം കൂടിയാണ്. ജാതിയോ, മതമോ, സമ്പത്തോ, ദാരിദ്ര്യമോ, അജ്ഞതയോ, അറിവോ എന്നിങ്ങനെയുള്ള വ്യത്യാസങ്ങളൊന്നും തന്നെ ഓണം കൊണ്ടാടുന്നതിന് ബാധകമാകുന്നില്ല. വീടും നാടും പൂക്കളങ്ങളാൽ നിറയുന്നു, പാട്ടുകളുയരുന്നു; പുതുവസ്ത്രങ്ങളണിഞ്ഞ്, സദ്യയുണ്ട് ആബാലവൃദ്ധം ജനങ്ങളും ഒന്നായിത്തീരുന്ന അനർഘനാളുകളാണിനി.

നാടു വാണിരുന്ന മാവേലി വീടും നാടും കാണാൻ വരുന്നു എന്നാണ് വിശ്വാസം. ഇത്തവണ മാവേലിയെ വരവേൽക്കുന്നത് പാവപ്പെട്ടവർക്ക് വീടൊരുങ്ങുന്നതിന്റെ വിജയവാർത്തകളാണ്. പൂർത്തീകരിക്കപ്പെടാത്ത 70,000 വീടുകളാണ് 2018 മാർച്ച് 31 നകം സർക്കാർ സഹായത്താൽ പൂർണ്ണമായും വാസയോഗ്യമാകുന്നത്. അതൊരു തുടക്കം മാത്രമാണ്. വീടില്ലാത്തവരുടെ വേദന, വീട് വയ്ക്കാൻ ഭൂമി പോലുമില്ലാത്തവരുടെ ജീവിതദുരിതം സർക്കാർ തിരിച്ചറിയുന്നു. നല്ല സ്വപ്നങ്ങൾ കണ്ടുറങ്ങാൻ, കുഞ്ഞുങ്ങൾക്കു പഠിക്കാനും വിനോദത്തിനും, പോഷകവും രുചിയും ചേരുന്ന ഭക്ഷണമുണ്ടാക്കാൻ, വ്യക്തിശുചിത്വത്തിന്- ഇതിനൊക്കെ ഓരോ മുറി. അത് പൗരന്റെ അടിസ്ഥാന അവകാശമാണെന്ന് സർക്കാർ കാണുന്നു. ഇതിലുമൊക്കെ ആകർഷകമായിട്ടുള്ളത് ഗൃഹനാഥന്/ഗൃഹനാഥയ്ക്ക് സാമ്പത്തിക ഭദ്രതയോടെ ജീവിക്കാൻ ഒരു തൊഴിലോ, തൊഴിൽ നിപുണതാ പരിശീലനമോ നൽകുന്നു എന്നുള്ളതാണ്. ഇക്കാര്യങ്ങൾ ഭംഗിവാക്കോ അപ്രായോഗികമോ അല്ല. പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നാം ഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. ഭൂമിയും വീടുമില്ലാത്തവരുടെയും ഭൂമിയുണ്ടായിട്ടും വീടില്ലാത്തവരുടെയും പണി പൂർത്തിയാക്കാൻ കഴിയാത്തവരുടെയും സർവ്വേ എടുത്തു കഴിഞ്ഞു.

'അനർഹർ ഒഴിവാക്കപ്പെടണം, അർഹരെ ഉൾപ്പെടുത്തണം', സർക്കാർ നിശ്ചയദാർഢ്യത്തോടെ ആവർത്തിച്ചുപറയുന്ന ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജാഗ്രതയോടെ പ്രായോഗികമാക്കി അന്തിമ ഗുണഭോക്തൃപട്ടിക പ്രസിദ്ധീകരിക്കണം. എങ്കിലേ സർക്കാരിന്റെ ഉദ്ദേശവും ജനാഭിലാഷവും ഫലപ്രാപ്തിയിലെത്തുകയുള്ളൂ.

ജനങ്ങളാഗ്രഹിക്കുന്ന സമത്വസ്ഥിതി ദൗത്യമായെടുത്ത സർക്കാർ നയങ്ങൾ മാവേലിയെ സന്തോഷിപ്പിക്കുമെന്നത് തീർച്ചയാണ്. ഇത്തവണ മാവേലി തിരിച്ചുപോവുക മനം കുളിർത്ത നിറചിരിയുമായിട്ടു തന്നെയാണ്. ചിങ്ങത്തിന്റെ നിറങ്ങൾ എങ്ങും കാണുന്നു. അത്തപ്പൂവിളികൾ കേട്ടു തുടങ്ങുന്നു. ഓണപ്പൊലിമ നിറയുന്ന 1193 ന്റെ ഈ വസന്തതുടക്കത്തിൽ എല്ലാ വായനക്കാർക്കും ഓണനന്മകളുണ്ടാവട്ടെ.

**വി. രതീശൻ ഐ.എ.എസ്**

*ധീരമായ പ്രവൃത്തികളുടെ*
*സുഗന്ധമാണ് പ്രശസ്തി*
**- സോക്രട്ടീസ്**

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
വി. രതീശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
വി. രതീശൻ ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

# ഓണമുക്കുറ്റി

ആലങ്കോട് ലീലാകൃഷ്ണൻ

മണ്ണിന്റെയിത്തിരി-
പ്പൊന്നുമായ് പിന്നെയും
മഞ്ഞണിഞ്ഞീവഴി
മുക്കുറ്റി പൂത്തുവോ!
ആടിമാസത്തിന്റെ
മൂക്കുത്തിപോയെന്ന്
പാടിയോണപ്പക്ഷി-
പിന്നെയും വന്നുവോ!
മൺകുടീരങ്ങളിൽ
മാരിവില്ലാകുന്ന
മായാവിപഞ്ചിയിൽ
പാടും ഋതുക്കളെ
വന്നുപോവുന്നുവോ
പിന്നെയും നിങ്ങളീ
പാഴിരുൾ മൂടും
മനസ്സിന്റെ കാവിലും!
ചേതോഹരങ്ങളേ
ശ്രാവണപ്പൂക്കളേ!
ഏകാകിയല്ല ഞാൻ,
നിങ്ങളെൻ സോദരർ
ആവണിത്തേരിൽവ-
ന്നോണം വിളിയ്ക്കുന്നു;
മാനുഷർ പൂക്കളായ്
ഭൂമിയ്ക്കു ബാല്യമായ്.





# വീട് ഇനി സ്വപ്നമല്ല

**പിണറായി വിജയൻ, മുഖ്യമന്ത്രി**

> അർഹരായ എല്ലാവർക്കും മാന്യമായി ജീവിക്കാനുള്ള കിടപ്പാടം നൽകുക എന്നത് നമുക്ക് അസാധ്യമായ കാര്യമല്ല. ഈ ബോധ്യം ആദ്യം മനസ്സിൽ ഉറപ്പിക്കണം. ലൈഫ് മിഷൻ മുന്നോട്ടുവെച്ചിട്ടുള്ള ലക്ഷ്യങ്ങൾ പൂർണമായും സമയബന്ധിതമായും കൈവരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വം ഇച്ഛാശക്തിയോടെ രംഗത്തുണ്ടാവണം.

ആരോഗ്യരംഗത്തും വിദ്യാഭ്യാസ രംഗത്തും സാക്ഷരതയിലും മറ്റും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുടെ മുമ്പിൽ എത്താനായിട്ടുണ്ട് കേരളത്തിന്. ഇത് അഭിമാനകരം തന്നെയാണ്. എന്നാൽ, കുറേയേറെ മുമ്പോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും എല്ലാവർക്കും സുരക്ഷിതമായി ജീവിക്കാനുതകുന്ന വീടുകൾ ഉറപ്പാക്കാനായിട്ടില്ല. ഇതേക്കാൾ ശോചനീയമാണല്ലോ മറ്റു സംസ്ഥാനങ്ങളിലെ നില എന്ന് താരതമ്യപ്പെടുത്തി ആലോചിച്ചിട്ടു കാര്യമില്ല. പല രംഗങ്ങളിലും പ്രബുദ്ധതയോടെ ഇന്ത്യയ്ക്കു മാതൃകയാകുന്ന സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെ പോരായ്മകളെ ന്യായീകരിക്കുന്ന രീതി നമുക്ക് പറ്റിയതല്ല. പോരായ്മകൾ പരിഹരിച്ചേ പറ്റൂ.

കയറിക്കിടക്കാൻ സുരക്ഷിതമായ ഇടമില്ലാത്ത ലക്ഷക്കണക്കിന് ആളുകൾ സ്വാതന്ത്ര്യം ലഭിച്ച് ഏഴുപതിറ്റാണ്ടായ ഈ ഘട്ടത്തിലും കേരളത്തിലുണ്ട് എന്നത് ദുഃഖിപ്പിക്കുന്ന കാര്യമാണ്. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തുകയെന്ന ഉദ്ദേശ്യത്തോടെയാണ് 'ലൈഫ് എന്ന പേരിലുള്ള സമ്പൂർണ ഭവനപദ്ധതി ഏറ്റെടുത്തിട്ടുള്ളത്. ഏതേതിടങ്ങളിൽ പോരായ്മകൾ ഉണ്ടോ ആ പോരായ്മകൾ കണ്ടുപിടിച്ച് പരിഹരിച്ച് മുമ്പോട്ടുപോകുന്ന മുൻഗണനാടിസ്ഥാനത്തിലുള്ള സമീപനമാണ് സംസ്ഥാന സർക്കാരിനുള്ളത്. ആ നിലയ്ക്ക് പരിശോധിച്ചപ്പോഴാണ് ഭവനനിർമ്മാണ രംഗത്തെ വിഷമങ്ങൾ സർക്കാരിന് ബോധ്യപ്പെട്ടത്.

നാം നടത്തിയ സർവ്വേയിൽ ഇന്ന് ഏകദേശം മൂന്നേമുക്കാൽ ലക്ഷം കുടുംബങ്ങൾ വീടുവെയ്ക്കാനുള്ള ഭൂമിയില്ലാത്തവരായി ഉണ്ടെന്ന കണക്കാണ് ലഭിച്ചിട്ടുള്ളത്. സ്ഥലമുണ്ടായിട്ടും വീടുവെയ്ക്കാനുള്ള സാമ്പത്തിക സ്രോതസ്സ്

കണ്ടെത്താനാകാതെ ഭവനരഹിതരായി കഴിയുന്ന ഒന്നരലക്ഷം പേർ വേറെയുമുണ്ട്. ഈ കണക്കുകൾ ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശോധനയിലാണ്. ഇക്കാര്യത്തിൽ ഒരു സൂക്ഷ്മ പരിശോധന ആവശ്യമായുണ്ട്. പരിശോധന പൂർത്തിയാക്കിയിട്ട് ഭവനനിർമ്മാണ ഘട്ടത്തിലേക്ക് കടക്കാം എന്ന കരുതുന്നില്ല. എത്രയും വേഗത്തിൽ ഭവന നിർമ്മാണം ആരംഭിച്ച മുമ്പോട്ടുപോവുക എന്നതാണ് പരിപാടി. അതാണ് 'ലൈഫ്'.



2012-15ൽ കേരളത്തിൽ നടന്ന സീറോ ലാൻഡ്‌ലെസ്സ് പദ്ധതിയിൽ ഭൂമിക്കായി അപേക്ഷ നൽകിയവരുടെ ആകെ എണ്ണം ഏകദേശം മൂന്ന ലക്ഷം മാത്രമായിരുന്നു. ഇവരിൽ കുറേപേർക്ക് സ്ഥലം നൽകിയിരുന്നു. 2011ൽ കേന്ദ്ര സർക്കാർ നടത്തിയ സോഷ്യോ ഇക്കണോമിക് ആന്റ് കാസ്റ്റ് സെൻസസിനെ അടിസ്ഥാനമാക്കി ലാൻഡ് റവന്യൂ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ കണക്കു പ്രകാരം കേരളത്തിലെ ആകെ ഭവനരഹിതരുടെ എണ്ണം 4.7 ലക്ഷവും അതിൽ ഭൂരഹിതരായ ഭവനരഹിതരുടെ എണ്ണം 1.79 ലക്ഷവുമായിരുന്നു. 2017 ആയപ്പോഴേക്കും വലിയ അളവിൽ ഭൂരഹിതർ ഉണ്ടായി എന്ന് കണക്കുകളിൽ കാണുന്നു. ഈ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതുണ്ട്. എങ്കിലും ഭൂരഹിതരായ വലിയൊരു വിഭാഗമുണ്ട് എന്നത് നമ്മെ ഉൾക്കണ്ഠപ്പെടുത്തേണ്ട കാര്യം തന്നെയാണ്.

അർഹരായവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതിൽ അനർഹരായവർ കടന്നുകൂടുന്നത് അർഹരായ ദരിദ്ര വിഭാഗങ്ങളോട് ചെയ്യുന്ന അനീതിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് പ്രധാനമായും ഇതിനുള്ള ഭൂമി കണ്ടെത്തുകയും ധനസമാഹരണം നടത്തുകയും ചെയ്യുന്നത്. അതുകൊണ്ടുതന്നെ അനർഹരായവർ പട്ടികയിലുൾപ്പെടുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽ അനാവശ്യമായ അധിക ബാധ്യത ഉണ്ടാക്കിവെയ്ക്കും. അത് ഒഴിവാക്കാനാകണം. അതിനായി ഓരോ തദ്ദേശഭരണസ്ഥാപനവും യഥാർത്ഥത്തിൽ അർഹരായവർ മാത്രമേ തങ്ങളുടെ പ്രദേശത്തെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് പരിശോധിച്ച് ഉറപ്പാക്കണം.

ഒരുവശത്ത് ഇക്കാര്യം ഉറപ്പുവരുത്തുമ്പോൾ തന്നെ മറുവശത്ത്, അർഹതയുള്ള ഒരാൾ പോലും വിട്ടുപോകുന്നില്ല എന്ന കാര്യവും ഉറപ്പാക്കണം. ഇത്തരത്തിൽ നീതിപൂർവ്വകമായ രീതിയിൽ ഗുണഭോക്തൃ പട്ടിക രൂപപ്പെടുത്തുകയെന്നതാണ് നമ്മുടെ ആദ്യ ചുമതല. വീട്ടുപണി തുടങ്ങിയിട്ട് അതു മുഴുവനാക്കാൻ കഴിയാതെ ഭവനരഹിതരായി കഴിയുന്നവരുടെ പ്രശ്നവും നമുക്ക് ഉടനെ ഏറ്റെടുക്കാനാകണം. 2016 മാർച്ച് 31നുമുമ്പ് വിവിധ ഭവന പദ്ധതികളിലായി ധനസഹായം ലഭിച്ച് വീട്ടുപണി തുടങ്ങിയെങ്കിലും പലവിധ കാരണങ്ങളാൽ അതു പകുതിവഴിക്ക് നിലച്ചുപോയവരാണ് ഈ വിഭാഗത്തിലുള്ളത്. സംസ്ഥാനത്തൊട്ടാകെ ഏതാണ്ട് 70,000 പേർ ഈ വിഭാഗത്തിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. സ്ഥലം കണ്ടെത്തുകയോ പുതുതായി സാങ്കേതിക അനുമതിനൽകേണ്ടതോ ഇല്ലാത്തതിനാൽ ഈ പ്രശ്നം നമുക്ക് ഉടനെ പരിഹരിക്കാവുന്നതാണ്. അതിനാൽ 2018 മാർച്ച് 31നു മുമ്പായി ഈ വിഭാഗങ്ങളുടെ വീടുകൾ നമുക്ക് പൂർത്തീകരിക്കാനാകണം.

മുൻകാല പദ്ധതികളിൽ നൽകിയിരുന്ന ധനസഹായം അപര്യാപ്തമായതാണ് ഈ വീടുകൾ പൂർത്തീകരിക്കാനാകാതെ പോയതിന്റെ കാരണം. ഒരു വീടിന് ഏറ്റവും അത്യാവശ്യമായ അടുക്കള, ഒരു കിടപ്പുമുറി, പൊതു ഉപയോഗ ഹാൾ, ശുചിമുറി എന്നിവയടങ്ങുന്ന ഏകദേശം 400 ചതുരശ്രഅടി വരുന്ന ഭാഗം പൂർണമായും പൂർത്തീകരിച്ച് കൈമാറുകയാണ് നാം ഉടനെ ചെയ്യേണ്ടത്. ഇതിനായി ചിലപ്പോൾ നിലവിലുള്ള കെട്ടിട രൂപകൽപനയിൽ ചെറിയ മാറ്റങ്ങൾ ആവശ്യമായേക്കാം. അങ്ങനെയെങ്കിൽ അത് പ്രാദേശികമായി സാങ്കേതികവിദഗ്ധരുടെ സഹായത്തോടെ നടപ്പാക്കണം.

ഇങ്ങനെ ഈ വീടുകൾ പൂർത്തിയാക്കുന്നതിന് ഒരു വീടിന്റെ യൂണിറ്റ് കോസ്റ്റ്, അത്

അർഹരായവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതിൽ അനർഹരായവർ കടന്നുകൂടുന്നത് അർഹരായ ദരിദ്ര വിഭാഗങ്ങളോട് ചെയ്യുന്ന അനീതിയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് പ്രധാനമായും ഇതിനുള്ള ഭൂമി കണ്ടെത്തുകയും ധനസമാഹരണം നടത്തുകയും ചെയ്യുന്നത്. അതുകൊണ്ടുതന്നെ അനർഹരായവർ പട്ടികയിലുൾപ്പെടുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽ അനാവശ്യമായ അധിക ബാധ്യത ഉണ്ടാക്കിവെയ്ക്കും. അത് ഒഴിവാക്കാനാകണം.

ഏതു പദ്ധതിയിൽ തുടങ്ങിയതായാലും, ഇന്നത്തെ നിരക്കിലുള്ള നിർമ്മാണ ചെലവുപ്രകാരം നാലുലക്ഷം രൂപ എന്ന നിശ്ചയിക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതനുസരിച്ച് പഴയ പദ്ധതിയിൽ അവർ യൂണിറ്റ് കോസ്റ്റിന്റെ എത്ര ശതമാനം തുക കൈപ്പറ്റിയിട്ടുണ്ടെന്ന് കണക്കാക്കണം. അതിന്റെ ബാക്കി പുതിയ നിരക്കിൽ കണക്കാക്കി നൽകാനാകണം. അതായത് പഴയ നിരക്കിൽ ആദ്യ ഗഡുവായി 10 ശതമാനം തുക മാത്രം വാങ്ങിയ ആൾക്ക് പണി പൂർത്തിയാക്കാൻ കഴിയുംവിധം ബാക്കി 90 ശതമാനം തുകയ്ക്കുള്ള അനുമതിയുണ്ട്. അത് പുതിയ യൂണിറ്റ് കോസ്റ്റായ നാലുലക്ഷം രൂപയുടെ 90 ശതമാനമായി കണക്കാക്കി അടുത്ത മൂന്ന ഘട്ടങ്ങളിലായി കൊടുത്തുകൊണ്ട് 2018 മാർച്ച് 31നു മുമ്പായി ആ വീട്ടുപണി പൂർത്തിയാക്കണം.

ഇത്തരത്തിൽ ഭവനരഹിതരുടെ പട്ടിക കുറ്റമറ്റ രീതിയിൽ രൂപപ്പെടുത്താനും നിലവിൽ പണിതീരാത്തതായ വീടുകളെല്ലാം പൂർത്തീകരിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ശ്രദ്ധവെച്ചാൽ ഇക്കൊല്ലം തന്നെ ഈ രംഗത്ത് നമുക്ക് നല്ല പുരോഗതി കൈവരിക്കാനാകും.

രണ്ടാമത്തെ ഘട്ടം, ഗുണഭോക്തൃപട്ടിക അന്തിമമാകുന്നതോടെ അതിലുൾപ്പെടുന്ന എല്ലാവർക്കും വീട് ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കലാണ്. ഭൂമിയുള്ള ഭവനരഹിതർക്ക് വീടുവെയ്ക്കുന്നതിനുള്ള ധനസഹായം ലഭ്യമാക്കണം. ഇക്കാര്യത്തിൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ളവർക്ക് ആദ്യത്തെ വീടു നൽകുന്നതിനുള്ള നടപടിയാണ് വേണ്ടത്. ജീവിതക്ലേശങ്ങളെ മാനദണ്ഡമാക്കിക്കൊണ്ടുള്ള മുൻഗണനാക്രമത്തിൽ വേണം ഗുണഭോക്തൃ പട്ടിക അന്തിമമാക്കേണ്ടത്. മുൻകാലത്തെ പല പദ്ധതികളിലും പെട്ട വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനാകാതെ പോയത് ഫണ്ടില്ലായ്മ കൊണ്ടാണ്. ഇത് ആവർത്തിക്കാനാകില്ല.

ഒരു കുടുംബത്തിന് 400 ചതുരശ്രയടി വരുന്ന ഒരു വീട് നിർമ്മിക്കാൻ നിലവിലുള്ള നിർമ്മാണ ച്ചെലവുകൾ പ്രകാരം എത്ര രൂപ വരുമെന്ന് കണക്കാക്കി ധനസഹായനിരക്ക് നിശ്ചയിക്കണം. ഇതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു സമിതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുമ്പോഴേക്കും ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം നമുക്ക് നൽകാൻ കഴിയും. അതോടൊപ്പം സംസ്ഥാന വ്യാപകമായി ഇത്രയും നിർമ്മിതികൾ ഒന്നിച്ചു നടത്തുമ്പോൾ അതിനു സഹായകമായി സിമന്റും മറ്റ് അത്യാവശ്യ സാമഗ്രികളും വില കുറച്ചു ലഭ്യമാക്കാനുള്ള ചർച്ചകളും സർക്കാർ ആരംഭിച്ചിട്ടുണ്ട്.

ഇക്കാര്യത്തിലും വ്യക്തമായ തീരുമാനങ്ങളും ഉത്തരവുകളും വൈകാതെ അറിയിക്കാനാകും. ഇതോടൊപ്പം നിർമ്മാണച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്ന പ്രീ ഫാബ്രിക്കേഷൻ സങ്കേതങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്.

സ്വന്തമായി ഭൂമി ഇല്ലാത്ത ഭവനരഹിതരുടെ പ്രശ്നമാണ് അടുത്ത ഘട്ടത്തിൽ ഏറ്റെടുക്കേണ്ട മറ്റൊരു ഉത്തരവാദിത്തം. ഇവരിൽത്തന്നെ പല തരത്തിലുള്ള ക്ലേശങ്ങൾ അനുഭവിക്കുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട് അവർക്ക് വീടും ജീവിക്കാനുള്ള സാഹചര്യവും ഒരുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കയറിക്കിടക്കാനുള്ള ഒരിടം നൽകുക എന്നതിലൊതുങ്ങുന്നില്ല ഈ പദ്ധതി. സുരക്ഷിതമായും അന്തസ്സോടെയും സമൂഹത്തിൽ കഴിയാൻ പറ്റുന്ന തരത്തിലുള്ള വീടുകൾ നൽകാനാണ് ഈ പദ്ധതിപ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ അവർക്ക് ലഭ്യമാക്കാവുന്ന സേവന സൗകര്യങ്ങളെല്ലാം ഒരുമിച്ചു കൊണ്ടുവരണം. തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം, തൊഴിൽ നൈപുണ്യ വികസനത്തിനുള്ള സൗകര്യം, കുട്ടികൾക്കുള്ള പൊതു പഠനമുറി, മീറ്റിങ് ഹാൾ തുടങ്ങിയവ ഭവനസമുച്ചയത്തിലുണ്ടാവണം. കുഞ്ഞുങ്ങളുടെ സംരക്ഷണത്തിന് അങ്കണവാടി, പൊതു ആരോഗ്യ പരിപാലന സൗകര്യങ്ങൾ, പൊതുവിതരണ സംവിധാനം, വൃദ്ധജന പരിപാലനത്തിനും സാന്ത്വന പരിപാലന ചികിത്സയ്ക്കുമുള്ള സൗകര്യം തുടങ്ങിയവയും ഇതിലുണ്ടാകണം.

ഇവർക്ക് ഒറ്റയ്ക്കൊറ്റയ്ക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുക കേരളത്തിൽ എളുപ്പമല്ല. എന്നാൽ, ഒറ്റയ്ക്കൊറ്റയ്ക്കുള്ള വീടുകൾക്ക് എത്ര ഭൂമി ആവശ്യമാണോ അതിന്റെ അഞ്ചിലൊന്ന് വിസ്തൃതിയിലുള്ള സ്ഥലം കണ്ടെത്തിയാൽത്തന്നെ ഭവനസമുച്ചയങ്ങളിലൂടെ ഭവനരഹിതരില്ലാത്ത കേരളം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കാം. അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യ ഘടകങ്ങളും ഒത്തുവരുന്ന കുറച്ചു സ്ഥലത്ത് കൂടുതൽ ഭവനങ്ങൾ എന്നതായിരിക്കണം ഉദ്ദേശ്യം. ലഭ്യമായ സ്ഥലത്ത് ഗുണമേന്മയോടെയും സാങ്കേതിക ഭദ്രതയോടെയും എത്രത്തോളം ഭവനയൂണിറ്റുകൾ ഉൾപ്പെടുത്താൻ സാധിക്കുമെന്ന പരിശോധിച്ച് അതനുസരിച്ചുവേണം ബഹുനില സമുച്ചയങ്ങൾ വിഭാവനം ചെയ്യുവാൻ.

കുറഞ്ഞത് 100 ഭവനങ്ങളെങ്കിലുമുള്ള സമുച്ചയങ്ങൾ നിർമ്മിച്ചെങ്കിൽ മാത്രമേ മറ്റു സേവനങ്ങളും കൂടി മെച്ചപ്പെട്ട നിലയിൽ ഏകോപിപ്പിക്കാനാകൂ. എങ്കിൽ മാത്രമേ ലൈഫ് മിഷന്റെ ലക്ഷ്യം കൈവരിക്കാനാവൂ. ഇതിനാവശ്യമായ

കയറിക്കിടക്കാനുള്ള ഒരിടം നൽകുക എന്നതിലൊതുങ്ങുന്നില്ല ഈ പദ്ധതി. സുരക്ഷിതമായും അന്തസ്സോടെയും സമൂഹത്തിൽ കഴിയാൻ പറ്റുന്ന തരത്തിലുള്ള വീടുകൾ നൽകാനാണ് ഈ പദ്ധതിപ്രകാരം ഉദ്ദേശിച്ചിട്ടുള്ളത്. അവിടെ അവർക്ക് ലഭ്യമാക്കാവുന്ന സേവന സൗകര്യങ്ങളെല്ലാം ഒരുമിച്ചു കൊണ്ടുവരണം.

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാന മാക്കി മാറ്റാനുള്ള മഹായജ്ഞത്തിന് 71-ാം സ്വാതന്ത്ര്യ ദിനത്തിൽ സർക്കാർ തുടക്കമിട്ടു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുടെ നേതൃത്വത്തിൽ ജന പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിലാണ് സംഘടിപ്പിച്ചത്.



*മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന പദ്ധതിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബൈനസ് കോമ്പൗണ്ടിലെ അമ്മിണി ബർണബാസിന്റെ വീട് സന്ദർശിക്കുന്ന*

ജില്ലാതലത്തിൽ മന്ത്രിമാർ പങ്കെടുത്ത സ്വാതന്ത്ര്യ ദിന ചടങ്ങുകൾക്കു ശേഷം 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തി. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യദിനപരിപാടികളിലും ഈ പ്രഖ്യാപനം നടത്തി. ജനപ്രതിനിധികൾ അടങ്ങുന്ന സന്നദ്ധസേവന പ്രവർത്തകർ ഭവനസന്ദർശനവും ബോധവല്ക്കരണ പ്രവർത്തനവും നടത്തി.

മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരം നഗരത്തിലെ നന്ദൻകോട്ടെ ബൈനസ് കോമ്പൗണ്ടിലെ വീടുകളിലെത്തി മാലിന്യ നിർമ്മാർജന സന്ദേശം ഉൾക്കൊള്ളുന്ന ലഘുലേഖകൾ വിതരണം ചെയ്തു.



*പാലക്കാട് കോട്ടമൈതാനിയിൽ സ്വാതന്ത്ര്യദിനാഘോഷവുമായി ബന്ധപ്പെട്ട് നടന്ന ചടങ്ങിൽ മന്ത്രി ഡോ. കെ.ടി. ജലീൽ ശുചിത്വ സന്ദേശമുൾക്കൊള്ളുന്ന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന*

ഡോ. ഡാലസിന്റെയും ഡോ. ജീന ഡാലസിന്റെയും വീട്ടിലാണ് മുഖ്യമന്ത്രി ആദ്യം എത്തിയത്. വീട്ടുടമസ്ഥന് ലഘുലേഖ നൽകി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെക്കുറിച്ച് മുഖ്യമന്ത്രി വിശദീകരിച്ചു. തുടർന്ന് അതേ ലൈനിൽ തന്നെ താമസിക്കുന്ന ബർണബാസിന്റെ വീട്ടിലും മുഖ്യമന്ത്രി എത്തി.

ഭൂമി കണ്ടെത്തുന്ന കാര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ പങ്കാളിത്തം ആവശ്യമാണ്. ഇതിനായി ലഭ്യമാക്കാവുന്ന സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയാണ് ആദ്യം കണ്ടെത്തേണ്ടത്. അതിനുപുറമെ ആവശ്യമെങ്കിൽ കൂടുതൽ ഭൂമി വാങ്ങുന്നതും പരിഗണിക്കണം. പണി തീരാത്ത വീടുകളുടെ പൂർത്തീകരണത്തിനായി നീക്കിവെയ്ക്കുന്ന തുക എത്രയെന്ന് കണക്കാക്കണം. അതിനുപുറമെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും കണ്ടെത്താനാകുന്ന ധനവിഭവവും കണക്കാക്കണം. ഭവനസമുച്ചയങ്ങളുടെ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിന് ഇത് ഇക്കൊല്ലം തന്നെ ഉപയോഗിക്കാനാകുമോ എന്ന പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യത്തിലും നടപടിക്രമങ്ങൾ ലൈഫ് മിഷൻ രൂപപ്പെടുത്തുന്നുണ്ട്.

അർഹരായ എല്ലാവർക്കും മാന്യമായി ജീവിക്കാനുള്ള കിടപ്പാടം നൽകുക എന്നത് നമുക്ക് അസാധ്യമായ കാര്യമല്ല. ഈ ബോധ്യം ആദ്യം മനസ്സിൽ ഉറപ്പിക്കണം. ലൈഫ് മിഷൻ മുന്നോട്ടുവെച്ചിട്ടുള്ള ലക്ഷ്യങ്ങൾ പൂർണമായും സമയബന്ധിതമായും കൈവരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വം ഇച്ഛാശക്തിയോടെ രംഗത്തുണ്ടാവണം.

*(തിരുവനന്തപുരത്ത് ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്ന ലൈഫ് ഏകദിനശില്പശാലയിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിൽ നിന്ന്)*



# എല്ലാവർക്കും വീട് എത്താനില്ല ദൂരം

**ഡോ.കെ.ടി.ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിന്റെ പ്രാരംഭപ്രവർത്തനങ്ങൾ പൂർത്തിയാവുകയാണ്.

ആർക്കും തെരുവിൽ അന്തിയുറങ്ങേണ്ടിവരാത്ത, എല്ലാവർക്കും ജീവനോപാധികൾ ഉറപ്പുള്ള, ആരും അവഗണിക്കപ്പെടാത്ത, എല്ലാവർക്കും ഇടമുള്ള, ജലസമൃദ്ധിയും മണ്ണിന്റെ വിശുദ്ധിയുമുള്ള നവകേരളത്തിലേക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നേതൃത്വത്തിൽ കേരള ജനത ചുവടുവയ്ക്കുകയാണ്. ഈ സർക്കാർ അഞ്ചുവർഷം തികയ്ക്കുമ്പോൾ ഒരു ദരിദ്രകുടുംബം പോലും കിടപ്പാടമില്ലാത്തതായി ഉണ്ടാകരുത് എന്ന വലിയ ലക്ഷ്യത്തിലേക്കാണ് കേരളം നീങ്ങുന്നത്. പ്രാഥമിക കണക്കുകൾ പ്രകാരം ഈ പദ്ധതിക്ക് കാൽ ലക്ഷം കോടി രൂപയോളം ചെലവു വരും. ഈ തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വായ്പയായി ലഭ്യമാക്കും.

അർഹതയുള്ള കുടുംബങ്ങളെ ഒഴിവാക്കാതെയും അനർഹരെ കടന്നു കൂടാൻ അനുവദിക്കാതെയും മികച്ച ഗുണഭോക്തൃ ലിസ്റ്റുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം അതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. പദ്ധതിയുടെ ഗുണഭോക്തൃ പട്ടിക (കരട് ) കുടുംബശ്രീ സംസ്ഥാന മിഷൻ ഐടി വിഭാഗം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു. ഒഴിവാക്കപ്പെടുന്നവരുടെ ലിസ്റ്റും അവരെ ഒഴിവാക്കുന്നതിനുള്ള കാരണങ്ങളും അടക്കം ജൂലായ് 30നു മുൻപായി ഈ ലിസ്റ്റുകൾ പ്രസിദ്ധപ്പെടുത്താനുള്ള നിർദ്ദേശവും നൽകിയിരുന്നു.

ഈ സർക്കാർ അഞ്ചുവർഷം തികയ്ക്കുമ്പോൾ ഒരു ദരിദ്രകുടുംബം പോലും കിടപ്പാടമില്ലാത്തതായി ഉണ്ടാകരുത് എന്ന വലിയ ലക്ഷ്യത്തിലേക്കാണ് കേരളം നീങ്ങുന്നത്.

ഗുണഭോക്താവിന്റെ പേര്, വാർഡ്, മേൽവിലാസം, ബാധകമായ ക്ലേശ ഘടകങ്ങൾ, എന്നിവ സഹിതം അപേക്ഷകരുടെ വിവരങ്ങൾ പരസ്യപ്പെടുത്തി പൊതു ജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിച്ച് ലിസ്റ്റുകൾ പരിഷ്കരിക്കുന്ന പ്രവർത്തനമാണ് ഈ ദിവസങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടക്കുന്നത്. പരാതി പരിഹാരം സുതാര്യവും സമയബന്ധിതവുമായി നടത്തുന്നതിനുള്ള സ്പഷ്ടമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ആക്ഷേപങ്ങൾ തീർപ്പാക്കുന്നതിനും ജില്ലാതലത്തിൽ അപ്പീലുകൾ പരിഗണിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും സമയക്രമവും നിശ്ചയിച്ചു നൽകിയിട്ടുണ്ട്.

തദ്ദേശഭരണസ്ഥാപന വെബ്സൈറ്റ്, സിഡിഎസ് ഓഫീസ്, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ്, കലക്ടറേറ്റ് എന്നിവിടങ്ങളിലും അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, ഇതര സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലും ഈ ലിസ്റ്റുകൾ ലഭ്യമാണ്.

തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ പരിശോധകരുടെ അശ്രദ്ധ കൊണ്ടോ അർഹതയുള്ളവർ ഒഴിവാക്കപ്പെട്ടു പോയതായി കണ്ടെത്തിയാൽ മതിയായ പരിശോധനകൾക്കു ശേഷം അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തണം. ലിസ്റ്റിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കാനും കൃത്യമായ നടപടി വേണം. ഗുണഭോക്താവിനെ സംബന്ധിച്ചുള്ള വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ അവസരം നൽകുകയും വേണം.

ഉൾപ്പെടുത്തലുകളും ഒഴിവാക്കലുകളും നടത്തി കുറവു തീർത്ത പട്ടികകൾ ആഗസ്റ്റ് 20-നകം പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനു ശേഷവും ആക്ഷേപങ്ങൾ ഉള്ളവർക്ക് ജില്ലാ കളക്ടർക്ക് പരാതി നൽകാം. എല്ലാ പരാതികളും തീർത്ത് ആഗസ്റ്റ് 31-നകം ലിസ്റ്റുകൾ അന്തിമമാക്കണം. സെപ്റ്റംബർ ആദ്യ ആഴ്ചകളിൽ ഗ്രാമസഭകൾ വിളിച്ചു ചേർത്ത് ഈ ലിസ്റ്റുകൾക്ക് അംഗീകാരം തേടണം. ഗ്രാമസഭ അംഗീകരിച്ച അന്തിമപട്ടിക സെപ്റ്റംബർ 29-നകം പ്രസിദ്ധപ്പെടുത്താൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മഹത്തായ ലൈഫ് പദ്ധതിയുടെ പ്രയോജനം അതോടെ ഗുണഭോക്താക്കളിൽ എത്തിത്തുടങ്ങും.

യാതൊരു രഹസ്യാത്മകതയും ഇല്ലാതെ തികച്ചും സുതാര്യമായി വേണം കരട് ലിസ്റ്റുകൾ കൈകാര്യം ചെയ്യാൻ. ശുപാർശ കൊണ്ട് അനർഹമായത് കിട്ടുമെന്നോ, ശുപാർശയ്ക്ക് ആളില്ലാത്തവർക്ക് അർഹമായത് നഷ്ടപ്പെടുമെന്നോ ഒരാളും ചിന്തിക്കാൻ ഇടവരരുത്.

എതു തദ്ദേശഭരണ സ്ഥാപനത്തിന്റെ കാര്യം എടുത്താലും, അനർഹരായ കുറച്ചു പേർ, ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. അർഹതയുള്ള കുറച്ചു പേർ ഒഴിവാക്കപ്പെട്ടിരിക്കാനും ഇടയുണ്ട്. ഇത്തരം പിഴവുകൾ തിരുത്താനുള്ള അവസരത്തിനു വേണ്ടിയാണ് കരടു ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആക്ഷേപങ്ങൾ ഉള്ളവർ പരിഹാരം തേടുക തന്നെ വേണം. പരിശോധനകൾക്കും തിരുത്തലിനുമുള്ള അവസരങ്ങൾ ഉപയോഗിക്കാതെ, ഗ്രാമസഭയുടെ അംഗീകാരമുള്ള ലിസ്റ്റുകൾ നിർവഹണ ഉദ്യോഗസ്ഥരുടെ കൈയിൽ എത്തിയതിനു ശേഷം പരാതിയുമായി വരുന്നത് നിർവഹണ നടപടികളുടെ വേഗത കുറയ്ക്കാനേ സഹായിക്കൂ. കരടു ലിസ്റ്റുകൾ കുറവു തീർത്ത് അന്തിമമാക്കുന്നതിനുള്ള നടപടികൾ സുതാര്യവും കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും പാടില്ല. ഈ സന്ദേശം ജനങ്ങളിൽ എത്തിക്കേണ്ടത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. പലവട്ടം പറഞ്ഞിട്ടുള്ളതുപോലെ 'ലൈഫ്' ഒരു മിഷൻ ആണ്. ജനങ്ങളെ അണിനിരത്തി കൂട്ടായ പ്രവർത്തനത്തിലൂടെ വിജയത്തിൽ എത്തിക്കേണ്ട വികസന ദൗത്യം. ഇവിടെ ആരും ആർക്കും ഒരു സൗജന്യവും നൽകുന്നില്ല. ജനങ്ങൾ ഒരുമിച്ചു നിന്ന് നേടുകയാണു ചെയ്യുന്നത്!

അഞ്ചു വർഷം കൊണ്ട് സമ്പൂർണ പാർപ്പിട സുരക്ഷ കൈവരിക്കുക എന്ന വലിയ ലക്ഷ്യത്തിലേയ്ക്ക് മുന്നേറാൻ കേരളം തയ്യാറെടുത്തു കഴിഞ്ഞു. വിവിധ പദ്ധതികളിലായി പണി പൂർത്തിയാകാതെ കിടക്കുന്ന 70,000 ഓളം വീടുകൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. ഭൂരഹിത കുടുംബങ്ങൾക്കു വേണ്ടിയുള്ളപാർപ്പിട സമുച്ചയങ്ങളുടെ നിർമ്മാണം പതിന്നാല് ജില്ലകളിലും ഉടൻ ആരംഭിക്കും.

അർഹതയുള്ള എല്ലാവർക്കും സർക്കാർ സഹായത്തോടെ പാർപ്പിടം ഉറപ്പുവരുത്തുക എന്ന ദൗത്യം, അത് എത്ര തന്നെ ശ്രമകരമാണെങ്കിലും, ഒഴിവാക്കാൻ കഴിയുന്ന ഒന്നല്ല

ആദ്യവട്ടപരിശോധന പൂർത്തിയാക്കിയ കരട് ലിസ്റ്റുകളിൽ സംസ്ഥാനത്ത് ഒട്ടാകെ 506904 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അതിൽ 373138 കുടുംബങ്ങൾ ഭൂരഹിത – ഭവനരഹിതരാണ്. ഒന്നോ രണ്ടോ പേർ കൂലിപ്പണിക്കു പോകുന്ന ഒരു കുടുംബത്തിന് കൂലിയിൽ നിന്നുള്ള വരുമാനം മിച്ചം വച്ച് മൂന്നോ നാലോ സെന്റ് വില കൊടുത്തു വാങ്ങി അതിൽ ഒരു വീടു വയ്ക്കാൻ ഇന്നത്തെ അവസ്ഥയിൽ സാധിക്കില്ല. ഭൂമിയ്ക്കും കെട്ടിട നിർമ്മാണ സാമഗ്രികൾക്കും അത്ര വേഗത്തിലാണ് വില കയറുന്നത്. സംസ്ഥാനത്തെ ഭവന രഹിത കുടുംബങ്ങളിൽ നല്ലൊരു പങ്കും ഒരൊറ്റയാളുടെ വരുമാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ദരിദ്രകുടുംബങ്ങളാണ്. മാറാവ്യാധി

തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലോ പരിശോധകരുടെ അശ്രദ്ധ കൊണ്ടോ അർഹതയുള്ളവർ ഒഴിവാക്കപ്പെട്ടു പോയതായി കണ്ടെത്തിയാൽ മതിയായ പരിശോധനകൾക്കു ശേഷം അവരെ ലിസ്റ്റിൽ ഉൾപ്പെടുത്തണം. ലിസ്റ്റിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കാനും കൃത്യമായ നടപടി വേണം.




*തിരുവനന്തപുരത്ത് നടന്ന ലൈഫ് - തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കുള്ള ശില്പശാല മുഖ്യ മന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി ഡോ. കെ.ടി. ജലീൽ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ജില്ലാപ്രസിഡന്റ് വി.കെ. മധു തുടങ്ങിയവർ സമീപം*

'ലൈഫ്' ഒരു മിഷൻ ആണ്. ജനങ്ങളെ അണിനിരത്തി കൂട്ടായ പ്രവർത്തനത്തിലൂടെ വിജയത്തിൽ എത്തിക്കേണ്ട വികസന ദൗത്യം. ഇവിടെ ആരും ആർക്കും ഒരു സൗജന്യവും നൽകുന്നില്ല. ജനങ്ങൾ ഒരുമിച്ച് നിന്ന് നേടുകയാണ് ചെയ്യുന്നത്!

കൾ പിടിപെട്ടവരും ശാരീരിക-മാനസിക വൈകല്യങ്ങൾ ഉള്ളവരും കടത്തിണ്ണകളിൽ അന്തിയുറങ്ങുന്ന അഗതികളും വരെ ഈ ലിസ്റ്റുകളിൽ ഉണ്ട്. സംസ്ഥാനത്തെ പാർപ്പിട പ്രശ്നത്തിന്റെ ഗൗരവം ശരിയായി മനസ്സിലാക്കിയാണ് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനു മുൻപു തന്നെ പാർപ്പിട സമുച്ചയങ്ങൾക്ക് ഭൂമി കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചത്.

വീടില്ലാത്തവരെയും മണ്ണും വീടും ഇല്ലാത്തവരെയും സഹായിക്കുന്നത് അവരെ കടക്കെണിയിലേക്ക് തള്ളിവിട്ടു കൊണ്ട് ആകരുത് എന്ന നിർബന്ധം സർക്കാരിന് ഉണ്ട്. സർക്കാർ നൽകിയ വീട് പൂർത്തിയാക്കാൻ കടം വാങ്ങി ആ കടം വീട്ടാൻ അതേ വീടു തന്നെ അന്യാധീനപ്പെടുത്തുന്ന എത്രയെങ്കിലും കുടുംബങ്ങളെ നമ്മൾ കാണുന്നുണ്ട്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്താൻ വേണ്ടിയാണ് യൂണിറ്റ് തുകയിൽ ഗണ്യമായ വർദ്ധനവു വരുത്തിയതു കൂടാതെ, പകുതി വഴിയിൽ നിർമ്മാണം ഉപേക്ഷിച്ച് പോയവർക്ക് വീടു പൂർത്തിയാക്കാൻ വീണ്ടും സഹായം നൽകാൻ സർക്കാർ തീരുമാനിച്ചതും. മുൻ സർക്കാരുകൾ സ്വീകരിച്ചു പോന്ന സമീപനത്തിൽ നിന്നു വ്യത്യസ്തമായി, പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തിക്ക് അനുസരിച്ചായിരിക്കും ഇവർക്കുള്ള തുക നിശ്ചയിക്കുക.

ഭൂരഹിതരായവർക്ക് വേണ്ടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്.ജനകീയാസൂത്രണത്തിന്റെ ചരിത്രത്തിലെ ഏറ്റവും ബൃഹത്തായ ക്ഷേമ പദ്ധതിയായി ലൈഫ് മാറുകയാണ്. ആകസ്മിക അവധി അടക്കമുള്ള ആനുകൂല്യങ്ങൾ വേണ്ടെന്നു വച്ച്, പ്രവൃത്തി സമയം നോക്കാതെ അധിക സമയം ജോലി ചെയ്തും അവധി ദിവസങ്ങളിലടക്കം ഓഫീസിൽ ഹാജരായും ഇഎംഎസ് ഭവനപദ്ധതിയുടെ ആദ്യ രണ്ടു വർഷങ്ങളിൽ അതിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിച്ച ഉദ്യോഗസ്ഥരിലും അവർക്ക് പിന്തുണ നൽകിയ ജനപ്രതിനിധികളിലും സന്നദ്ധ പ്രവർത്തകരിലും നല്ലൊരു വിഭാഗം ഇപ്പോഴും രംഗത്ത് ഉള്ളവരാണ്. ഇഎംഎസ് ഭവനപദ്ധതി നിർത്തിയേടത്തു നിന്ന് അതേ ഊർജ്ജത്തോടെ നമ്മൾ വീണ്ടും തുടങ്ങുമ്പോൾ ജനങ്ങൾ അതിനെ വികാരവായ്പോടെ നെഞ്ചേറ്റിയിരിക്കുന്നു.

ഇതുവരെ കണ്ട ഭവന പദ്ധതികളിൽ നിന്നു വ്യത്യസ്തമായി, താമസ സൗകര്യം ഒരുക്കുക എന്ന ഏക ലക്ഷ്യത്തോടെയല്ല സർക്കാർ ലൈഫ് പദ്ധതി നടപ്പിലാക്കുന്നത്. വീട് ലഭ്യമാക്കുന്നതോടൊപ്പം, ദാരിദ്ര്യത്തിന്റെ ദൂഷിത വലയത്തിൽ നിന്ന് പുറത്തു കടക്കാൻ ഗുണഭോക്താക്കളെ സഹായിക്കുക എന്നതും തുല്യ അളവിൽ പ്രധാനമാണ്. ഈ കാഴ്ചപ്പാടിന് അനുസൃതമാണ് ഭൂരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ ഒരുക്കുന്നത് സംബന്ധിച്ചുള്ള സർക്കാരിന്റെ കാഴ്ചപ്പാട്. അംഗൻവാടികൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, വൃദ്ധർക്കുള്ള സൗകര്യങ്ങൾ,പാലിയേറ്റീവ് പരിചരണം, യോഗങ്ങൾ ചേരുന്നതിനുള്ള ഹാൾ മുതലായ വിപുലമായ സൗകര്യങ്ങൾ ഈ സമുച്ചയങ്ങളിൽ ഒരുക്കും.

സാമൂഹിക-സാംസ്കാരിക സംഘടനകളുടെ പ്രവർത്തകരും സന്നദ്ധ സേവകരും നാടിന്റെ നന്മയിലും ദരിദ്ര -പിന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിലും ദാരിദ്യത്തിന്റെ കാരണങ്ങൾ ഇല്ലാതാക്കുന്നതിലും താൽപ്പര്യമുള്ള എല്ലാവരും ഭിന്നതകൾ മാറ്റി വച്ച് ഈ പദ്ധതിയുടെ വിജയത്തിനു വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുടക്കീഴിൽ ഒരുമിച്ച് നിൽക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

# ജീവിതം സമ്പൂർണ്ണമാക്കുന്ന ലൈഫ്

ഡോ. അദീല അബ്ദുള്ള ഐ.എ.എസ്

ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ ഏതുകാലത്തും ഏതൊരു ജനതയുടെയും പ്രാഥമിക ആവശ്യങ്ങളാണ്. സമൂഹത്തിന്റെ മുകൾത്തട്ടിലുള്ളവർ പാർപ്പിടം സ്വായത്തമാക്കുമ്പോൾ താഴെത്തട്ടിലുള്ളവർക്ക് എന്നും ഭരണകൂടത്തിന്റെ ഒരു താങ്ങ് ആവശ്യമായി വരും. സർക്കാരിന്റെ ഒരു സുപ്രധാന ഉത്തരവാദിത്തമായി ഇത് മാറും.

ലോകത്ത് പലയിടങ്ങളിലും നോക്കിയാൽ സമ്പൂർണ്ണ ഭവന പദ്ധതികൾ പലതും പരാജയപ്പെട്ടതായി കാണാം. സാമ്പത്തികമായി താഴെത്തട്ടിൽ ജീവിക്കുന്നവർക്ക് പ്രത്യേക ഭവനത്തിനായി തുച്ഛമായ സാമ്പത്തിക സഹായം നൽകുമ്പോൾ പ്രാന്തവൽക്കരണത്തിലേക്ക് ജനതയെ തള്ളിവിടുകയാണ് ചെയ്യുന്നത്. കൂടുതൽ പേരും കടക്കാരാകുന്ന പതിവാണ് നാം കാണുന്നത്. തൊഴിലിൽ നിന്നും തൊഴിലിടങ്ങളിൽ നിന്നും സമാധാനത്തിൽ നിന്നും സ്ഥിരതയിൽ നിന്നുമുള്ള അകൽച്ചയാണ് പലയിടങ്ങളിലും ഗുണഭോക്താക്കളിൽ സംഭവിക്കുന്നത്.

എന്നാൽ ഒരു ഭവന പദ്ധതിയിലൂടെ നാം ഈ പ്രശ്നങ്ങളെ അവതരിപ്പിച്ചാലോ? അതാണ് ലൈഫ്, അഥവാ സമഗ്ര പാർപ്പിട പദ്ധതി. ഈ പദ്ധതി ഭൂരഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും വിധവയെയും മാറാരോഗിയെയും പ്രാന്തവൽക്കരിക്കപ്പെട്ടവരെയും വീടെന്ന സ്വപ്നത്തിലേക്ക് നടത്തുന്നു. ഇതിനൊപ്പം ഇത്തരക്കാർക്ക് തൊഴിൽ നൈപുണ്യം, സാമ്പത്തിക ശാക്തീകരണം, സാമൂഹിക സുരക്ഷ എന്നിവ കൂടി ലൈഫ് പദ്ധതി ഉറപ്പാക്കുന്നു.

## ആരാണ് ഗുണഭോക്താക്കൾ?

പല സർക്കാർ പദ്ധതിയിലേക്ക് അപേക്ഷിച്ച് ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽപെട്ടവരെയും കേന്ദ്രസർക്കാരിന്റെ സാമൂഹിക വിദ്യാഭ്യാസ ജാതി സെൻസെസിൽ നിന്നുമുള്ളവരെയും കുടുംബശ്രീ മിഷനിലൂടെ സർവ്വെ നടത്തി ലിസ്റ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറി തയ്യാറാക്കുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ അർഹരെ ഉൾപ്പെടുത്തിയും അനർഹരെ ഒഴിവാക്കിയും ശരിയായ ഗുണഭോക്താക്കളെ കണ്ടെത്തി, ഗ്രാമസഭയിലൂടെ ലിസ്റ്റ് പാസാക്കി നൽകുന്നു. ഈ ലിസ്റ്റിൽപ്പെട്ടവരിൽ ക്ലേശഘടകം ഉള്ളവരും ഇല്ലാത്തവരും ഉണ്ടാകും. മുൻഗണന മാനദണ്ഡം നിശ്ചയിച്ച് ഓരോ ഘട്ടങ്ങളി

പദ്ധതിക്കുള്ള തുക പഞ്ചായത്തിന് അനുവദിക്കുകയും അവ വായ്പയായി പഞ്ചായത്തുകൾ തിരികെ നൽകുകയും ചെയ്യണമെന്നുള്ളതിനാൽ അനർഹർക്ക് വീട് നൽകാതിരിക്കാൻ ഓരോ പഞ്ചായത്തും ശ്രദ്ധിക്കണം.





ലായി പഞ്ചായത്തും മറ്റ് വകുപ്പുകളും ഈ ലിസ്റ്റിൽ നിന്നും ഭവനരഹിതർക്ക് ഭവനം നൽകുന്നു. ഈ ലിസ്റ്റ് യഥാസമയം വാലിഡേറ്റ് ചെയ്യുകയും ചെയ്യുന്നു.

കരട് ലിസ്റ്റിൽ 5 ലക്ഷത്തോളം ഗുണഭോക്താക്കളാണുള്ളത്. ഇവർക്ക് ഒന്നിച്ച് ഭവനം നൽകുക എന്നത് ഏത് സർക്കാരിനും അസാദ്ധ്യമാണ്. അതിനാൽ ഘട്ടംഘട്ടമായി പൂർത്തീകരണത്തിലേക്ക് കടക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത് . പല സർക്കാർ ഫണ്ടുകളിൽ നിന്നും വീടിന് പണം ലഭിച്ച് പൂർത്തിയാക്കാനാവാത്ത 70,000 പേരെ ആദ്യഘട്ടത്തിൽ പരിഗണിക്കും. 2018 മാർച്ച് 31 നകം ഇവരുടെ വീടുകൾ പൂർത്തീകരിക്കും. 2018 ഏപ്രിൽ മുതൽ ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്താക്കളെ ഭവനമുള്ളവരാക്കുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങും. 50ൽ കുറവ് ക്ലേശഘടകമുള്ള കുടുംബങ്ങളുള്ള പഞ്ചായത്തുകളെ പൂർണ്ണമായും ക്ലേശഘടകമുള്ള ഭവനരഹിതരില്ലാത്ത പഞ്ചായത്തുകളായി പ്രഖ്യാപിക്കും. തുടർന്ന് അമ്പതിലധികം ക്ലേശഘടകകുടുംബങ്ങളുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകും. മൂന്നാം ഘട്ടത്തിൽ ക്ലേശഘടകമില്ലാത്ത ഗുണഭോക്താക്കളെ പരിഗണിക്കും. നാലാംഘട്ടത്തിൽ വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമുള്ള ഭവനമായി മാറ്റാനുള്ള നടപടികൾ സ്വീകരിക്കും.

## എങ്ങനെ നടപ്പിലാക്കും?

ഒരു സമൂഹത്തിന്റെ വികസന പ്രതീകമാണ് ഭവനങ്ങൾ. കെട്ടുറപ്പും സുരക്ഷിതവുമായ ഭവനം ഏതൊരു വ്യക്തിയുടെയും ആവശ്യമാണ്. ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഓരോ ഭവന സമുച്ചയം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഭൂരഹിത ഭവനരഹിതരെയാണ് ഗുണഭോക്താക്കളായി കണക്കാക്കുന്നത്.

ഭൂമിയുള്ളവർക്ക് ഒറ്റ ഭവനവും ഭൂമിയില്ലാത്തവർക്ക് ഫ്ളാറ്റും (ബഹുനിലകെട്ടിടം), ഫ്ളാറ്റിന് സാദ്ധ്യതയില്ലാത്തവർക്ക് ഭൂമി വാങ്ങി മൂന്ന് നിലകളുള്ള വീട്/ബഹു നില ഫ്ളാറ്റുകൾ നിർമ്മിക്കുവാനുമാണ് പദ്ധതി. ഈ ഫ്ളാറ്റുകൾക്കെല്ലാം കമ്മ്യൂണിറ്റി ഹാൾ, അംഗൻവാടി, വൃദ്ധജന പരിചരണം എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തും. ആയതിന് എം.എൽ.എ ഫണ്ടു കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

പദ്ധതിക്കുള്ള തുക പഞ്ചായത്തിന് അനുവദിക്കുകയും അവ വായ്പയായി പഞ്ചായത്തുകൾ തിരികെ നൽകുകയും ചെയ്യണമെന്നുള്ളതിനാൽ അനർഹർക്ക് വീട് നൽകാതിരിക്കാൻ ഓരോ പഞ്ചായത്തും ശ്രദ്ധിക്കണം.

തുടക്കം എന്ന നിലയ്ക്ക് ഓരോ ജില്ലയിലും ഓരോ ഫ്ളാറ്റ് സമുച്ചയം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ ചെലവിൽ നടപ്പിലാക്കുന്നതാണ്. 500 ചതുരശ്രഅടിയുള്ള 2 ബെഡ്റൂം ഫ്ളാറ്റുകളാണ് നൽകുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ഈ സ്വപ്നസാക്ഷാത്ക്കാരത്തിലേക്ക് നമുക്ക് മുന്നേറണം. ലക്ഷ്യബോധത്തിൽ തീവ്രമായൂന്നുന്ന കർമ്മ സന്നദ്ധതയോടെ നീങ്ങുന്ന പട്ടാളക്കാരെപ്പോലെ നാമോരുത്തരും പ്രവർത്തിക്കണം. അവരവർ ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട രീതിയിൽ നല്ല അച്ചടക്കത്തോടെയും ദീർഘവീക്ഷണത്തോടെയും ചെയ്യണം. ഇതിലൂടെ നിസ്വരും ആലംബഹീനരുമായ ജനവിഭാഗങ്ങളെ സാന്ത്വനിപ്പിക്കാനും കൈപിടിച്ചുയർത്താനും നമുക്കാകും.

അതാവട്ടെ വരും ദിവസങ്ങളിൽ നമ്മുടെ സ്വപ്നം , നമ്മുടെ ലക്ഷ്യം.

**ലക്ഷ്യബോധത്തിൽ തീവ്രമായൂന്നുന്ന കർമ്മ സന്നദ്ധതയോടെ നീങ്ങുന്ന പട്ടാളക്കാരെപ്പോലെ നാമോരുത്തരും പ്രവർത്തിക്കണം. അവരവർ ചെയ്യേണ്ടത് ചെയ്യേണ്ട സമയത്ത് ചെയ്യേണ്ട രീതിയിൽ നല്ല അച്ചടക്കത്തോടെയും ദീർഘവീക്ഷണത്തോടെയും ചെയ്യണം. ഇതിലൂടെ നിസ്വരും ആലംബഹീനരുമായ ജനവിഭാഗങ്ങളെ സാന്ത്വനിപ്പിക്കാനും കൈപിടിച്ചുയർത്താനും നമുക്കാകും.**

*(ലേഖിക ലൈഫ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറാണ്)*



# കുടുംബശ്രീക്ക് അഭിമാനമായി ലൈഫ് സർവേ

**എസ്. ഹരികിഷോർ ഐഎഎസ്**

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിലും നിലനിൽപ്പിലും ഭാഗമാകാൻ സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള സുരക്ഷിതവും മാന്യവുമായ വീടുകൾ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമ്പൂർണ സുരക്ഷാ പാർപ്പിട പദ്ധതിയാണ് ലൈഫ് മിഷൻ. കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധന നടത്തി ഗുണഭോക്താക്കളെ കണ്ടെത്താൻ കുടുംബശ്രീയെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്.

ഗുണഭോക്താക്കളെ കണ്ടെത്തുന്ന സർവേ നടത്താനുള്ള ചുമതല സർക്കാർ കുടുംബശ്രീയെ ഏൽപ്പിക്കുമ്പോൾ അത് നൽകിയ വെല്ലുവിളികൾ ചെറുതായിരുന്നില്ല. സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫിന്റെ ഗുണഫലവും ലക്ഷ്യവും ഏറ്റവും അർഹരായവരിൽ എത്തിക്കണമെങ്കിൽ അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തുകയും അതോടൊപ്പം അനർഹരായ ഒരാളും ഇതിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തുകയും വേണമായിരുന്നു. ഒരുതരത്തിലുമുള്ള ഇടപെടലുകൾക്ക് അവസരം നൽകാതെ ഏറ്റവും സത്യസന്ധമായി ഗുണഭോക്തൃ നിർണയം നടത്തുക എന്നതായിരുന്നു കുടുംബശ്രീയുടെ ചുമതല.

### സമയബന്ധിതമായി സർവേ പൂർത്തിയാക്കൽ

ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ നിർണയ സർവേയും അതിന്റെ ഡാറ്റാ എൻട്രിയുമാണ് കുടുംബശ്രീ നടത്തിയത്. 2017 ഫെബ്രുവരി ഏഴിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദേശങ്ങളും സമയക്രമവും നിശ്ചയിച്ചത്. ഇതേ തുടർന്ന് സർവേ നടപടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിക്കുകയായിരുന്നു.

**സർക്കാരിന്റെ അഭിമാന പദ്ധതി സാക്ഷാത്ക്കരിക്കാനുള്ള ഏറ്റവും പ്രാധാന്യമർഹിക്കുന്ന ജോലി മികച്ച രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞത് കുടുംബശ്രീക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നു.**

## ഗുണഭോക്താക്കൾ നാലു വിധം; 14 ലക്ഷം ഫോറങ്ങൾ

സർവേ സംബന്ധിച്ച മാർഗരേഖ പ്രകാരം 14 ലക്ഷം ഫോറങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എത്തിച്ചു. ഗുണഭോക്താക്കൾ നാലു വിധമായിരുന്നു.

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭൂരഹിത ഭവനരഹിതർ (ഈ ഗണത്തിൽ വന്നവരെ കണ്ടെത്തുന്നതിനുള്ള സർവേയാണ് ഇപ്പോൾ പൂർത്തിയായത്.)
3. പൂർത്തീകരിക്കാത്ത ഭവനരഹിതർ (ഈ സാമ്പത്തിക വർഷത്തിൽ)
4. വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്നവർ ഇപ്രകാരം ഗുണഭോക്താക്കളെ തരംതിരിച്ചുകൊണ്ടാണ് സർവേ നടത്തിയത്.

## അടിസ്ഥാന രേഖകൾ

2011ൽ കേന്ദ്ര സർക്കാർ നടത്തിയ സാമൂഹ്യ -സാമ്പത്തിക ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും വിവരങ്ങളും കൂടാതെ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി /ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പട്ടികയുമാണ് സർവേയുടെ അടിസ്ഥാന രേഖയായി പരിഗണിച്ചത്. ഇതുപ്രകാരം 6,14,000 പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

## സർവേ നടത്താൻ അയൽക്കൂട്ടങ്ങളും

സാമൂഹ്യ സാമ്പത്തിക ജാതി സെൻസസ്, പഞ്ചായത്തിന്റെ ലിസ്റ്റ് എന്നിവ കൂടാതെ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവേ നടത്താൻ അയൽക്കൂട്ടങ്ങൾക്കും നിർദേശം നൽകിയിരുന്നു. ഇതുപ്രകാരം 5,18,318 പേരെയാണ് കണ്ടെത്തിയത്. ഒരു വാർഡിൽ രണ്ടു കുടുംബശ്രീ പ്രവർത്തകർക്കു വീതമാണ് ഗുണഭോക്തൃ സർവേ നടത്താനുള്ള അനുമതി നൽകിയിരുന്നത്. ഇതുപ്രകാരം സംസ്ഥാനത്തെ 20000ത്തോളം വാർഡുകളിൽ നിന്നായി 50000 പേർ സർവേ നടത്തി. ഇവർക്ക് മികച്ച രീതിയിലുള്ള പരിശീലനവും നൽകിയിരുന്നു. ഫെബ്രുവരി 17 മുതൽ മാർച്ച് രണ്ടു വരെയായിരുന്ന സർവേ. ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പക്കലുള്ള പട്ടിക അനുസരിച്ച് ഭൂമിയുള്ള ഭവനരഹിതർ ഭൂരഹിത ഭവനരഹിതർ, എന്നിവരുടെ സർവേയും ഇതേ വിഭാഗത്തിൽ അയൽക്കൂട്ടങ്ങൾ കണ്ടെത്തിയ ഭൂരഹിത/ ഭവനരഹിതരുടെ സർവേയും നടന്നു. ഇതിന്റെ മേൽ പരിശോധനകൾ ഫെബ്രുവരി 19 മുതൽ മെയ് 18 വരെ നടത്തുകയും ചെയ്തു. ഇതുപ്രകാരം സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന ഭൂമിയുള്ള ഭവനരഹിതരായി 1,33,766 ഉം ഭൂരഹിത ഭവനരഹിതരായി 3,73,138 ഉം ചേർന്ന് ആകെ 5,06,904 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.

സർവേയിൽ കണ്ടെത്തിയ അർഹരായവരുടെ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ജൂലൈ 30ന് പ്രസിദ്ധീകരിച്ചു. സർവേയിൽ വിട്ടുപോകുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും അപ്പീൽ നൽകാൻ അവസരമുണ്ട്.

## മാനദണ്ഡങ്ങൾ

സർവേയിൽ അർഹരായ ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ മാനദണ്ഡങ്ങൾ പറഞ്ഞിരുന്നു. 1. റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബമായി പരിഗണിക്കപ്പെട്ടവർ 2. വാർഷിക വരുമാനം മൂന്നു ലക്ഷത്തിൽ കൂടാത്തവർ 3. സ്വന്തമായി ഇരുചക്ര വാഹനം ഉള്ളവരിൽ ഉപജീവനത്തിനായി വാഹനം ഉപയോഗിക്കുന്നവർ. 4. കുടുംബത്തിൽ ആരും തന്നെ സർക്കാർ, പൊതുമേഖല ഉൾപ്പെടെ ഉദ്യോഗസ്ഥർ/ വിരമിച്ചവർ ആയി ഇല്ലെങ്കിൽ 5. സ്വന്തമായി / കുടുംബാംഗങ്ങളുടെ പേരിൽ ഭൂമി / ഭവനം ഇല്ലാത്തവർ എന്നിങ്ങനെയായിരുന്നു അഞ്ചു മാനദണ്ഡങ്ങൾ. ഇതടിസ്ഥാനമാക്കിയാണ് അയൽക്കൂട്ട വനിതകൾ സർവേ പൂർത്തിയാക്കിയത്.

അർഹരായ ഗുണഭോക്താക്കളിൽ മുൻഗണന നിശ്ചയിക്കുന്നതിനായി ഒൻപതു മാനദണ്ഡങ്ങളാണ് അവലംബിച്ചത്.

1, മാനസിക വെല്ലുവിളികൾ നേരിടുന്നവർ/ അന്ധർ/ ശാരീരിക തളർച്ച സംഭവിച്ചവർ 2. അഗതികൾ 3. അംഗവൈകല്യമുള്ളവർ 4. ഭിന്നലിംഗക്കാർ 5. ഗുരുതര / മാരകരോഗമുള്ളവർ 6. അവിവാഹിതരായ അമ്മമാർ. 7. രോഗം / അപകടത്തിൽ പെട്ട് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ. 8. വിധവകൾ 9. എയ്ഡ്സ് രോഗികൾ എന്നീ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി നടത്തിയ സർവേയിലൂടെ ഇവരുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞുവെന്നതും നേട്ടമാണ്.

## സർവേ ഫോറം തമിഴ് കന്നഡ ഭാഷകളിലും

ഗുണഭോക്തൃ നിർണയം വേഗത്തിലാക്കാനും ഭാഷാപരമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമായി ഇടുക്കി, കാസർകോട് ജില്ലകളിൽ യഥാക്രമം തമിഴ്, കന്നഡ ഭാഷകളിലും സർവേ

> പദ്ധതിയുടെ ഏറ്റവും പ്രധാനഘടകമായ ഗുണഭോക്താക്കളുടെ സർവേ പിഴവുകളില്ലാതെ നടത്താനായതാണ് കുടുംബശ്രീയുടെ നേട്ടം. പന്ത്രണ്ട് ലക്ഷത്തിലധികം സർവേ പൂർത്തിയാക്കിയതിൽ പഞ്ചായത്ത് തലത്തിൽ മേൽപരിശോധന നടത്തിയപ്പോൾ നാൽപതിനായിരം അപേക്ഷകൾ മാത്രമാണ് നിരസിച്ചത്. അതായത് ആകെ സർവേ നടത്തിയതിന്റെ മൂന്നു ശതമാനം മാത്രം.

## ഭൂരഹിത-ഭവനരഹിതരും ഭൂമിയുള്ള ഭവനരഹിതരും - ജില്ല അടിസ്ഥാനത്തിൽ (in descending order)

| ജില്ല | ഭൂമിയുള്ള ഭവനരഹിതർ | ജില്ല | ഭൂരഹിത-ഭവനരഹിതർ | ജില്ല | ആകെ |
|---|---|---|---|---|---|
| PKD | 17094 | TVM | 53840 | TVM | 68452 |
| MLP | 17074 | PKD | 39872 | PKD | 56966 |
| TVM | 14612 | KLM | 39425 | MLP | 51977 |
| IDK | 11492 | TSR | 38895 | TSR | 49153 |
| TSR | 10258 | EKM | 38666 | KLM | 48625 |
| KLM | 9200 | MLP | 34903 | EKM | 47383 |
| KZD | 8945 | ALP | 22988 | IDK | 32813 |
| EKM | 8717 | KZD | 21342 | KZD | 30288 |
| KSD | 8007 | IDK | 21321 | ALP | 28766 |
| WYN | 7017 | KTM | 16383 | KTM | 21952 |
| KNR | 6603 | KSD | 13822 | KSD | 21828 |
| ALP | 5778 | KNR | 13742 | KNR | 20346 |
| KTM | 5569 | PTA | 9106 | WYN | 15849 |
| PTA | 3399 | WYN | 8833 | PTA | 12505 |
| Total | 133766 | Total | 373138 | Total | 506904 |

14

ഫോറം നൽകിയിരുന്നു.

### ഡാറ്റാ എൻട്രിക്ക് 70 ഐ.ടി യൂണിറ്റുകൾ; 3400 വനിതകൾ

ഫെബ്രുവരി 20 മുതൽ മുതൽ മെയ് 23 വരെയായിരുന്ന സർവേ സബന്ധിച്ച ഡാറ്റാ എൻട്രി. കുടുംബശ്രീ മുഖേന സർവേ സംബന്ധിച്ച പൂർണ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി. ഇതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ കുടുംബശ്രീയുടെ കീഴിലുള്ള 70 ഐ.ടി യൂണിറ്റുകളിൽ നിന്നായി 3400 ഓളം പേരാണ് മൂന്ന ഷിഫ്റ്റുകളായി രാപ്പകൽ ഭേദമന്യേ പ്രവർത്തിച്ചത്.

### കുടുംബശ്രീയുടെ സോഫ്റ്റ്‌വെയർ

കുടുംബശ്രീയുടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ചുമതലയുള്ള ടീം ലൈഫ് സർവേയുടെ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും ഡാറ്റാ എൻട്രി, വിശകലനം, റിപ്പോർട്ടുകൾ തയ്യാറാക്കൽ എന്നിവ ചെയ്യുന്നതിനും സ്വന്തമായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ചെയ്തു. കൂടാതെ സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും അപ്പീലിനനുസൃതമായി ഗുണഭോക്തൃ പട്ടികയിൽ മാറ്റങ്ങൾ വരുത്തുന്നതിനും പട്ടിക റിപ്പോർട്ടാക്കി മാറ്റുന്നതിനും സഹായകരമാകുന്ന രീതിയിലാണ് സോഫ്റ്റ്‌വെയർ രൂപപ്പെടുത്തിയത്. ഏറ്റവും മികച്ച രീതിയിലാണ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയത്.

### പിഴവുകളില്ലാതെ

പദ്ധതിയുടെ ഏറ്റവും പ്രധാനഘടകമായ ഗുണഭോക്താക്കളുടെ സർവേ പിഴവുകളില്ലാതെ നടത്താനായതാണ് കുടുംബശ്രീയുടെ നേട്ടം. പന്ത്രണ്ട് ലക്ഷത്തിലധികം സർവേ പൂർത്തിയാക്കിയതിൽ പഞ്ചായത്ത്തലത്തിൽ മേൽപരിശോധന നടത്തിയപ്പോൾ നാൽപതിനായിരം അപേക്ഷകൾ മാത്രമാണ് നിരസിച്ചത്. അതായത് ആകെ സർവേ നടത്തിയതിന്റെ മൂന്ന ശതമാനം മാത്രം. മുൻഗണനാ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സഹായകമാകുന്ന വിധത്തിൽ ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഫോമുകൾ രൂപകൽപന ചെയ്തത് സർവേയുടെ വിജയത്തിന കാരണമായി.

### പ്രതീക്ഷകളോടെ മുന്നോട്ട്

സർക്കാരിന്റെ അഭിമാന പദ്ധതി സാക്ഷാത്ക്കരിക്കാനുള്ള ഏറ്റവും പ്രാധാന്യമർഹിക്കുന്ന ജോലി മികച്ച രീതിയിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞത് കുടുംബശ്രീക്ക് കൂടുതൽ ആത്മവിശ്വാസം നൽകുന്നു. ഇനി വരും നാളുകളിലും നാടിന്റെ നൻമയ്ക്കായി സർക്കാരിനൊപ്പം പ്രവർത്തിക്കാനാകുമെന്നാണ് പ്രതീക്ഷ.

*(ലേഖകൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറാണ്)*

**സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന ഭൂമിയുള്ള ഭവനരഹിതരായി 1,33,766 ഉം ഭൂരഹിത ഭവനരഹിതരായി 3,73,138 ഉം ചേർന്ന് ആകെ 5,06,904 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്.**

# ലൈഫ് മിഷൻ – വിഭവ സമാഹരണം

**സനോബ്.എസ്.**

കുടിവെള്ളവും ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ ഒരു മനുഷ്യന് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം പാർപ്പിടമാണ്. എന്നാൽ സംസ്ഥാനത്ത് അഞ്ചരലക്ഷത്തോളം കുടുംബങ്ങൾക്ക് സുരക്ഷിതമായ വീടുകളില്ലായെന്ന് ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നടത്തിയ സർവ്വേയുടെ ആദ്യ കണക്കുകൾ സൂചിപ്പിക്കുന്നു. അതുകൊണ്ടു തന്നെ ഭവനരഹിതരില്ലാത്ത കേരളത്തിനായി ആരംഭിച്ച ലൈഫ് – സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് കൂടുതൽ പ്രാധാന്യം കൈവന്നിരിക്കുന്നു.

നാലു വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളെയാണ് ലൈഫ് മിഷന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതർ, സർക്കാർ പദ്ധതികളിൽപ്പെടുത്തി ഭവന നിർമ്മാണത്തിന് സഹായധനം അനുവദിച്ചെങ്കിലും പൂർത്തിയാകാത്തതോ, നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തതോ ആയ കുടുംബങ്ങൾ, പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താല്ക്കാലിക ഭവനം ഉള്ളവർ, ഭൂരഹിത ഭവനരഹിതർ എന്നിവരാണത്.

ഭൂമിയുള്ള ഭവനരഹിതർക്ക് മുൻകാലങ്ങളിലെ പോലെ വ്യക്തിഗത ഭവന നിർമ്മാണത്തിന് ധനസഹായം നല്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. വിവിധ സർക്കാർ പദ്ധതികളിൽ ധനസഹായം കൈപ്പറ്റി പല കാരണങ്ങളാൽ പണി പൂർത്തിയാക്കാത്ത വീടുകളുടെ കണക്ക് ശേഖരിച്ച് അവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ബാക്കി തുക നല്കുക എന്നതാണ് രണ്ടാമത്തെ സമീപനം. വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ കണക്കുകൾ ശേഖരിച്ച് സാങ്കേതിക ഏജൻസികളുടെ സഹായത്തോടെ, അവ വാസയോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നല്കിയോ ഏജൻസികൾ മുഖേനയോ പണി പൂർത്തിയാക്കുക എന്നതാണ് മൂന്നാമത്തെ രീതി. പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്ന വിഭാഗമാണ് ഭൂരഹിത-ഭവനരഹിതർ. മുൻകാല ഭവന നിർമ്മാണ പദ്ധതികളിൽ താരതമ്യേന കുറഞ്ഞ പരിഗണന മാത്രം ലഭിച്ചിട്ടുള്ള വിഭാഗമാണിത്. കേരളത്തിലെ സ്ഥലലഭ്യതയുടെ കുറവ് തന്നെയാണ് ഇവരുടെ പ്രശ്നപരിഹാരം ദുസ്സഹമാക്കുന്ന പ്രധാന ഘടകം. ഒരു കുടുംബത്തെ പുനരധിവസിപ്പിക്കാൻ മൂന്നുസെന്റ് ഭൂമി വച്ച് കണക്കാക്കിയാൽ പോലും സർവ്വേ പ്രകാരം ആവശ്യമായ 3.73 ലക്ഷം വീടുകൾ നിർമ്മിക്കുന്നതിന് ഏകദേശം 12000 ഏക്കർ സ്ഥലം വേണ്ടിവരും. എന്നാൽ ഭൂരഹിത-ഭവനരഹിതർക്കായി എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്ന ഭവന സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ഇതിന്റെ മൂന്നിലൊന്നിൽ താഴെ ഭൂമി മതിയാകും. അതുകൊണ്ടുതന്നെ ഭൂരഹിത-ഭവനരഹിതരെ ഭവനസമുച്ചയങ്ങൾ/ഫ്ലാറ്റുകൾ/ക്ലസ്റ്റർ വീടുകൾ എന്നിവ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ധനസമാഹരണം

മിഷന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നടത്തിയ സർവ്വേ പ്രകാരം കരട് പട്ടികയിൽ ആകെ 506904 കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ 373138 പേർ ഭൂരഹിത-ഭവനരഹിതരും 133766 പേർ ഭൂമിയുള്ള ഭവനരഹിതരുമാണ്. പൂർത്തിയാകാത്ത ഭവനമുള്ളവർ, വാസയോഗ്യമല്ലാത്ത ഭവനമുള്ളവർ എന്നിവർക്ക് ഉപരിയായുള്ള ഗുണഭോക്താക്കളുടെ എണ്ണമാണ് ഇത്. സർവ്വേയിൽ കണ്ടെത്തിയവരും മറ്റ് ഗുണഭോക്താക്കളും ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് സുരക്ഷിതവും സമ്പൂർണ്ണവുമായ പാർപ്പിടം നല്കുന്ന ലൈഫ് മിഷൻ വിജയകരമായി പൂർത്തീകരിക്കുന്നതിന് ഏകദേശം 50,000 കോടി രൂപ ആവശ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും

> വിപ്ലവകരമായ ഏതൊരു സർക്കാർ പദ്ധതിയും പോലെ പുറമേ നിന്നുള്ള സഹായം ലൈഫ് സമ്പൂർണ്ണ പദ്ധതിക്കും അനിവാര്യമാണ്. അത് ഏത് അളവിൽ ഫലപ്രദമായി വിനിയോഗിക്കുന്നു എന്നതാവും ലൈഫ് മിഷന്റെ വിജയത്തെ നിർണ്ണയിക്കുക.

വിവിധ വകുപ്പുതല ഭവനപദ്ധതികൾക്കായി ബജറ്റിൽ വകയിരുത്തുന്ന തുകയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതത്തിൽ നിന്നും സമാഹരിക്കാനാകുന്ന തുകയും കിഫ്ബി, സഹകരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കാൻ കഴിയുന്ന വായ്പയും ശേഖരിക്കാൻ കഴിയുന്ന കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടും പ്രാദേശിക സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ വഴി കണ്ടെത്താൻ കഴിയുന്ന തുകകളുമാണ് ലൈഫ് പദ്ധതിയുടെ ധനസ്രോതസ്സുകൾ. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ആവശ്യമായി വരുന്ന വായ്പാ തുക സംസ്ഥാന സർക്കാർ കിഫ്ബി പോലുള്ള സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നതിനും അതിന്റെ മുതൽ ഓരോ സാമ്പത്തിക വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുകയിൽ 25%-ത്തിൽ അധികരിക്കാത്ത തുക കണക്കാക്കി തിരിച്ച പിടിച്ച് ഒടുക്കുവരുത്തുവാനും മുഴുവൻ പലിശയും സർക്കാർ നേരിട്ട് ഒടുക്കുന്നതിനുമാണ് നിലവിൽ ലക്ഷ്യമിട്ടിട്ടുള്ളത്.

ലൈഫ് പദ്ധതിയുടെ വിജയത്തിന് ആവശ്യമായ മുഴുവൻ തുകയും സർക്കാരിനും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാത്രമായി കണ്ടെത്താൻ കഴിയില്ല. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ പ്രാദേശിക സമാഹരണം നടത്തുക, സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് സംഭാവനകൾ ശേഖരിക്കുക, സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മൽസരങ്ങൾ സംഘടിപ്പിച്ചുള്ള ഫണ്ട് ശേഖരണം, വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി. / എം.എൽ.എ. വികസന ഫണ്ടുകൾ എന്നിവ വഴി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും ആകെ ചെലവിന്റെ 10% തുക എങ്കിലും കണ്ടെത്തേണ്ടി വരും. സംഭാവനകൾ നല്കുന്നവർക്ക് അർഹമായ നികുതിയിളവുകൾ അനുവദിച്ച് കൂടുതൽ പേരെ ഇതിലേക്ക് ആകർഷിക്കാം.

## എന്താണ് CSR ?

കമ്പനി നിയമത്തിന്റെ (Companies Act, 2013) 2014-ലെ ഭേദഗതി അനുസരിച്ച് 1000 കോടി രൂപയിലധികം വിറ്റുവരവോ 500 കോടി രൂപ അറ്റാദായമോ 5 കോടി രൂപയിലധികം ലാഭമോ ഉള്ള കമ്പനികൾ തങ്ങളുടെ ലാഭത്തിന്റെ 2% തുക കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്ത നിർവ്വഹണത്തിനായി (Corporate Social Responsibility - CSR) ചെലവഴിക്കണം. ഈ തുക ചെലവഴിക്കേണ്ടത് സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തും



അതിന്റെ പരിസരത്തുമാകണം. 2014 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച ചട്ടങ്ങൾ അനുസരിച്ച് കമ്പനിക്ക് നേരിട്ടോ ട്രസ്റ്റ് അഥവാ ചാരിറ്റബിൾ സൊസൈറ്റി രൂപീകരിച്ചോ ഈ പണം ചെലവഴിക്കാം. എന്നാൽ അത് കമ്പനിയുടെ സാധാരണ പ്രവർത്തനത്തിന്റെ ഭാഗമോ, കമ്പനി ജീവനക്കാർക്ക് നേട്ടം ഉണ്ടാക്കുന്ന പദ്ധതികളിലോ ആകാൻ പാടില്ല.

CSR ഫണ്ട് ശേഖരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, ഇതര കമ്പനികൾ എന്നിവരുടെ യോഗം സർക്കാർ വിളിച്ച ചേർക്കേണ്ടതുണ്ട്. ഓരോ സ്ഥാപനത്തിന്റെയും 2% CSR ഫണ്ട് അടുത്ത അഞ്ച് വർഷത്തേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് താത്പര്യമുള്ള കമ്പനികളോട് ഒരു നിശ്ചിത എണ്ണം സൗജന്യമായി നിർമ്മിച്ച് നല്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. ഒരു വാർഡ് അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം മുഴുവനായി ദത്തെടുത്ത് അവിടെയുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്ക്

ഒന്നോ അതിൽ അധികമോ കമ്പനികളെ ഉപയോഗിച്ച് ഒരു ജില്ലയെ മുഴുവൻ ദത്തെടുപ്പിക്കാൻ കഴിയുമോ എന്നും പരിശോധിക്കേണ്ടതുണ്ട്.

# ഓണത്തിനു മുൻപ് എല്ലാവർക്കും പെൻഷൻ

## 2677 കോടി രൂപ അനുവദിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് നൽകി വരുന്ന സാമൂഹ്യ സുരക്ഷാപെൻഷനുകളായ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ (അഗതി പെൻഷൻ), കർഷക തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നിവ 2017 മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രതിമാസ പെൻഷനും 2016 ജൂൺ മുതൽ ഏപ്രിൽ വരെയുള്ള കുടിശ്ശികയും ചേർത്ത് ആകെ 2677 കോടി രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിയായി. ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് വേണ്ടി 1374 കോടി രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തിരുവനന്തപുരത്തെ സ്റ്റാച്യൂ മെയിൻ ബ്രാഞ്ചിലും സഹകരണസംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് നേരിട്ട് വീടുകളിലെത്തിക്കുന്നതിനായി 1303 കോടി രൂപ വെള്ളയമ്പലം സബ് ട്രഷറിയിൽ പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള സ്പെഷ്യൽ റ്റി. എസ്. ബി. അക്കൗണ്ടിലും നിക്ഷേപിച്ചു. ഓണത്തിനു മുമ്പായി ഗുണഭോക്താക്കൾക്ക് പെൻഷൻ തുക ലഭ്യമാക്കുന്നതാണ്.

ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് താത്പര്യമുള്ള കമ്പനികളോട് ഒരു നിശ്ചിത എണ്ണം സൗജന്യമായി നിർമ്മിച്ച് നല്കുവാൻ ആവശ്യപ്പെടാവുന്നതാണ്. ഒരു വാർഡ് അല്ലെങ്കിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം മുഴുവനായി ദത്തെടുത്ത് അവിടെയുള്ള ലൈഫ് മിഷൻ പ്രവർത്തനങ്ങൾക്ക് മുഴുവൻ ധനസഹായം അനുവദിക്കുന്ന രീതിയും അവലംബിക്കാവുന്നതാണ്.

*ലേഖകൻ ലൈഫ് മിഷനിൽ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറാണ്*

മുഴുവൻ ധനസഹായം അനുവദിക്കുന്ന രീതി അവലംബിക്കാവുന്നതാണ്. ഒരു വാർഡിലെയോ, ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയോ മുഴുവൻ ഗുണഭോക്താക്കൾക്കും സാധന സാമഗ്രികൾ ഒരുമിച്ച് വാങ്ങിച്ച് (Bulk purchase) നല്കുന്നതിന് കോർപ്പറേറ്റുകളുടെ സഹായം തേടാവുന്നതാണ്. ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് നിർമ്മാണ യോഗ്യമായ ഭൂമി സൗജന്യമായി ലഭ്യമാക്കാവുന്നതാണ്. ഒന്നോ അതിൽ അധികമോ കമ്പനികളെ ഉപയോഗിച്ച് ഒരു ജില്ലയെ മുഴുവൻ ദത്തെടുപ്പിക്കാൻ കഴിയുമോ എന്നും പരിശോധിക്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള സാമഗ്രികൾ നിർമ്മിക്കുന്ന കമ്പനികളുടെ സഹായം കുറഞ്ഞ നിരക്കിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനായി വിനിയോഗിക്കാം. പരിസ്ഥിതി സൗഹാർദ്ദ നിർമ്മാണരീതികളും സാങ്കേതികവിദ്യയും പ്രായോഗികമാക്കുന്ന കമ്പനികളുടെ സഹായം ആ മേഖലയിൽ വിനിയോഗിക്കാം. കെട്ടിട നിർമ്മാണ രംഗത്ത് പുത്തൻ സാങ്കേതിക വിദ്യകൾ പരീക്ഷിക്കുന്ന BMTPC, FRBL പോലെയുള്ള സ്ഥാപനങ്ങളുടെ മാതൃകാ ഭവനസമുച്ചയങ്ങൾ അവരെക്കൊണ്ട് തന്നെ സൗജന്യമായി നിർമ്മിച്ച് ഒരു കൂട്ടം ആളുകളെ പുനരധിവസിപ്പിക്കുവാനും അത് ആ കമ്പനികൾക്ക് ഒരു പരസ്യമാകുവാനും തരത്തിലുള്ള പരസ്പര സഹായകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാം. ലൈഫ് പദ്ധതിയിൽ പുനരധിവസിപ്പിക്കുന്ന കുടുംബത്തിലെ ഒരംഗത്തിനെങ്കിലും തൊഴിൽ നൈപുണ്യ പരിശീലനം നല്കി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്. ഈ പരിശീലനങ്ങളിലും താത്പര്യമുള്ള കമ്പനികളെ പങ്കെടുപ്പിക്കാവുന്നതും പരിശീലനം സിദ്ധിച്ച ആളുകൾക്ക് പ്രസ്തുത കമ്പനികളിൽ തന്നെ തൊഴിൽ നല്കുവാൻ കഴിയുമോ എന്ന സാധ്യതയും പരിശോധിക്കാം. ലൈഫ് മിഷൻ പോലെയുള്ള പദ്ധതികളിൽ സർക്കാരിന് സഹായം നല്കുന്ന കമ്പനികൾക്കും സ്ഥാപനങ്ങൾക്കും സമാനസ്വഭാവമുള്ള ഭാവിപ്രവർത്തനങ്ങളിൽ പ്രത്യേക പരിഗണന നല്കുന്നതാണ് എന്ന തരത്തിൽ നയരൂപീകരണം നടത്തുന്നത് ഉപയോഗപ്രദമാകും.

വിപ്ലവകരമായ ഏതൊരു സർക്കാർ പദ്ധതിയും പോലെ പുറമേ നിന്നുള്ള സഹായം ലൈഫ് സമ്പൂർണ്ണ പദ്ധതിക്കും അനിവാര്യമാണ്. അത് ഏത് അളവിൽ ഫലപ്രദമായി വിനിയോഗിക്കുന്നു എന്നതാവും ലൈഫ് മിഷന്റെ വിജയത്തെ നിർണ്ണയിക്കുക.



# സ്നേഹതണലിന്റെ സ്വപ്നപൂർണ്ണത

**അജിത.എസ്**

2017-18 **പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവർഷം**

പണിതീരാത്ത വീട് സമ്മർദ്ദങ്ങളുടെയും സംഘർഷങ്ങളുടെയും മാറാല പേറുന്ന വാസസ്ഥാനമാണെന്നൊരു ചൊല്ലുണ്ട്. ചൊല്ലിനർത്ഥം തേടേണ്ടെങ്കിലും മനവും തനുവും കറയേറ്റുന്ന പ്രയാസഭ്രമിയിൽ നിന്ന് മോചനമാണ് ഇനിയുള്ള ലക്ഷ്യം. സ്വപ്നം നിറച്ച് ഒരു സഞ്ചാരം. ഇനിയുള്ള നാളുകൾ തണലിന്റെതാണ്, തലോടലിന്റെതാണ്.

കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി രൂപം കൊടുത്ത നവകേരളം കർമ്മപദ്ധതിയുടെ ഒരു സുപ്രധാനഘടകമാണ് 'ലൈഫ്' - ജീവനോപാധികളോടുകൂടിയ സമ്പൂർണ പാർപ്പിട പദ്ധതി.ലൈഫ് പദ്ധതി ഭവനരഹിതരെ പരിഗണിക്കുന്നതോടൊപ്പം ഭൂരഹിത ഭവനരഹിതരെയും വാസയോഗ്യമല്ലാത്ത ഭവനങ്ങളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണവുമാണ് ലക്ഷ്യമിടുന്നത്. 2017-18 സാമ്പത്തിക വർഷം പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണ വർഷമായിട്ടാണ് ആചരിക്കുന്നത്.

2016 മാർച്ച് 31 ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ ധനസഹായം ലഭിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ ലഭ്യമായ ധനസഹായഗഡുവിന് തുല്യമായി പണി തീർക്കേണ്ടിയിരുന്ന ഘട്ടത്തിലേക്കെത്തിക്കാൻ കഴിയാതെവരികയും അടുത്തഘട്ടം ധനസഹായം മുടങ്ങുകയും ഇപ്പോഴും പണിതീരാത്ത അവസ്ഥയിൽ തുടരുകയും ചെയ്യുന്ന വീടുകളാണ് പൂർത്തീകരിക്കാത്ത വീടുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

സംസ്ഥാനമൊട്ടാകെ വിവിധ പദ്ധതികളിൽ ഉൾപ്പെട്ട് പണിതീരാത്ത ഏകദേശം 70,000 വീടുകൾ ഉള്ളതായി പ്രാഥമിക വിവരങ്ങൾ വെളിപ്പെടുത്തുന്നു. വിശദമായ കണക്കുകൾ ശേഖരിച്ചുവരുന്നു.

സാമ്പത്തിക തടസ്സം കൊണ്ടുമാത്രം പണി മുടങ്ങിയ ഭവനങ്ങൾ 2017 നവംബർ ഒന്നിനു പണി പുനരാരംഭിച്ച് 2018 മാർച്ച് 31നു മുമ്പ് പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മുൻകാല ഭവനപദ്ധതികളുടെ യൂണിറ്റ് കോസ്റ്റ് യാഥാർത്ഥ്യത്തിൽ നിന്ന് വളരെ അകലെയായതും ചില സ്ഥലങ്ങളിൽ ഗുണഭോക്താക്കൾ സാമൂഹിക പ്രതിബദ്ധതയില്ലാത്ത ഏജൻസികളെ നിർമ്മാണ ചുമതല ഏൽപ്പിച്ചതും നിർദ്ദിഷ്ട പദ്ധതിയിൽ നിന്ന് വ്യതിചലിച്ച് പാർപ്പിടം എന്നത് ഒരു ആഢംബരത്തിന്റെ പ്രതീകമാക്കിയതും ദൈനംദിന ചെലവുകൾ പോലും താങ്ങാൻ കഴിയാത്ത അവസ്ഥയും ഗുണഭോക്താവിന്റെ ആകസ്മിക മരണവും മാരക രോഗങ്ങളും കേരള സമൂഹത്തിൽ പണിപൂർത്തി



യാക്കാത്ത വീടുകളുടെ എണ്ണം കൂടാനുള്ള കാരണമായിട്ടുണ്ട്. കെട്ടുറപ്പുള്ളതും സുരക്ഷിതവുമായ ഭവനം ഏതൊരു വ്യക്തിയുടെയും ആവശ്യമാണ്. അത് ഒരു സമൂഹത്തിന്റെ സമഗ്ര വികസനത്തിന്റെ പ്രതീകവുമാണ്. നവകേരളം പദ്ധതിയിലൂടെ ഇത് സാക്ഷാത്ക്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ലൈഫ് പദ്ധതിയിലൂടെ പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിന് യൂണിറ്റ് കോസ്റ്റ് നാലുലക്ഷം രൂപയാക്കി വർധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

വീടിന്റെ അടിസ്ഥാനം പൂർത്തിയാക്കുമ്പോൾ 10 ശതമാനവും ചുമരുകൾ മേൽക്കൂര നിരപ്പ് വരെ പൂർത്തിയാക്കുമ്പോൾ 45 ശതമാനവും മേൽക്കൂര പൂർത്തിയാക്കുമ്പോൾ 25 ശതമാനവും ഫിനിഷിങ് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ 20 ശതമാനവും എന്ന നിരക്കിൽ നാലു ഘട്ടങ്ങളായി പരിഗണിച്ച് നിലവിൽ ഗുണഭോക്താവ് ഏതു സ്റ്റേജുവരെയുള്ള ധനസഹായമാണോ കൈപ്പറ്റിയിട്ടുള്ളത് അതിനു ശേഷമുള്ള ഗഡുക്കൾ മാത്രം പുതിയ നിരക്കിൽ കണക്കാക്കി നൽകുന്നതാണ്.

പണി പുനരാരംഭിക്കുന്നതിനു സഹായകമായി പുതുക്കിയ ധനസഹായ നിരക്കിൽ വരുന്ന ആദ്യഗഡുവോ അതിലൊരു ഭാഗമോ മുൻകൂറായി നൽകുന്നത് ഈ പദ്ധതിയുടെ ഒരു പ്രത്യേകതയാണ്. ഓരോ വീടിനും പരമാവധി 400 ചതുരശ്രയടി പ്ലിന്ത് ഏരിയ വരുന്ന ഭവനം അഥവാ ഭവനഭാഗം (അടുക്കള, പൊതു ഉപയോഗഹാൾ, കുറഞ്ഞത് ഒരു കിടപ്പുമുറി, ശുചിമുറി എന്നിവ ഉൾപ്പെടുന്നത്) പൂർത്തീകരിക്കുന്നതിനാണ് സഹായം നൽകുന്നത്. ഇതിനനുയോജ്യമായി രൂപകല്പനയിൽ മാറ്റം ആവശ്യമെങ്കിൽ അത് ടി.പി.ടി.എയിലെ വിദഗ്ധരുടെ സഹായത്തോടെ മാറ്റംവരുത്തി പൂർത്തീകരിക്കണം.

സാമ്പത്തിക തടസ്സം കൊണ്ടുമാത്രം പണി മുടങ്ങിയ ഭവനങ്ങൾ 2017 നവംബർ ഒന്നിനു പണി പുനരാരംഭിച്ച് 2018 മാർച്ച് 31നു മുമ്പ് പൂർത്തീകരിക്കേണ്ടതാണ്. ഇത്തരത്തിൽ 2018 മാർച്ച് 31 ഓടുകൂടി പണി തീരാതെ കിടക്കുന്ന വീടുകൾ പൂർത്തീകരിച്ച് സുരക്ഷിതമായൊരു ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യത്തിലേക്ക് എത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

*(ലേഖിക ലൈഫ് മിഷനിൽ സ്റ്റേറ്റ് മിഷൻ മാനേജരാണ്.)*

2016 മാർച്ച് 31 ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളിൽ നിന്നോ ധനസഹായം ലഭിക്കുകയും എന്നാൽ ഏതെങ്കിലും കാരണവശാൽ ലഭ്യമായ ധനസഹായഗഡുവിന് തുല്യമായി പണി തീർക്കേണ്ടിയിരുന്ന ഘട്ടത്തിലേക്കെത്തിക്കാൻ കഴിയാതെവരികയും അടുത്തഘട്ടം ധനസഹായം മുടങ്ങുകയും ഇപ്പോഴും പണിതീരാത്ത അവസ്ഥയിൽ തുടരുകയും ചെയ്യുന്ന വീടുകളാണ് പൂർത്തീകരിക്കാത്ത വീടുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നത്.

# ലൈഫ്: ഐക്യപ്രതീകമായി ഭവനസമുച്ചയങ്ങൾ

**രവിരാജ്. ആർ**

വീട് എന്നത് ഒരു അടിസ്ഥാന ആവശ്യം എന്നതിന് ഉപരിയായി ഒരു വ്യക്തിയുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന ഘടകമായി മാറിയിരിക്കുന്നു. ഭവനനിർമ്മാണത്തിനായി ഏറ്റവും കൂടുതൽ തുക ചെവഴിക്കുന്ന ഒരു ജനതയാണ് കേരളത്തിലുള്ളത്. ജീവിതകാലത്തെ സമ്പാദ്യത്തിന്റെ സിംഹഭാഗവും മലയാളികൾ വീട് വയ്ക്കുന്നതിനായി ചെലവഴിക്കുന്നു. ഒരു വശത്ത് ആധുനികസൗകര്യങ്ങളോടു കൂടിയ സൗധങ്ങൾ ഉയരുമ്പോഴും വലിയ ഒരു വിഭാഗം ജനത തെരുവോരങ്ങളിലും തോട് പുറമ്പോക്കിലും കുടിൽകെട്ടി കഴിയേണ്ട അവസ്ഥയിലാണ്. കേരളത്തിലെ ഏകദേശം 4 ലക്ഷത്തോളം കുടുംബങ്ങൾ ഭവനരഹിതരാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭവനരഹിതരുടെ പുനരധിവാസത്തിനായി വിവിധ ഭവനനിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് എങ്കിലും ഭൂരിപക്ഷം പദ്ധതികളും ഭൂമിയുള്ള ഭവനരഹിതരെ ലക്ഷ്യംവച്ചുള്ളതായിരുന്നു. എന്നാൽ ഭൂരഹിത ഭവനരഹിതരെക്കൂടി പുനരധിവസിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ലൈഫ് മിഷൻ.

2011 ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യ 3,33,87,677 ആണ്, ഇതിൽ 1,77,55,506 പേർ ഗ്രാമങ്ങളിലും 1,59,32,171 പേർ നഗരങ്ങളിലുമാണ് താമസിക്കുന്നത്. അതായത് ജനസംഖ്യയുടെ 52.28% പേർ ഗ്രാമീണ മേഖലയിലും 47.72% പേർ നഗരപ്രദേശത്തുമാണ്. 2001 ൽ 29.96% ആയിരുന്ന നഗര ജനസംഖ്യ 2011ൽ 52.28%ലേക്ക് ഉയർന്നിരിക്കുന്നു. ഇത് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള നഗരവത്ക്കരണത്തെ സൂചിപ്പിക്കുന്നു. വർദ്ധിച്ചുകൊണ്ടിരിക്കുന്ന നഗരജനസംഖ്യ നഗരമേഖലയിലെ പാർപ്പിട സൗകര്യം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു.

വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയും ഭൂമിയുടെ ലഭ്യതകുറവും ഭവന മേഖലയിൽ കേരളം നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രശ്നങ്ങളാണ്. ലൈഫ് സർവ്വേയുടെ കരട് പട്ടിക പ്രകാരം 373138 എണ്ണം ഭൂരഹിത-ഭവനരഹിത കുടുംബങ്ങളാണുള്ളത്. അവർക്ക് ഭൂമിയും വീടും നൽകുകയാണെങ്കിൽ ഏകദേശം 12000 ഏക്കർ ഭൂമി ആവശ്യ



ലൈഫ് മിഷൻ ഭവന
സമുച്ചയങ്ങൾക്കുള്ള
ഭൂമി സംഭാവന
യജ്ഞത്തിന്
ഒക്ടോബർ 2ന്
തുടക്കം കുറിക്കും.



മായി വരും. ഇത്രയും ഭൂമി കേരളത്തിൽ കണ്ടെത്തുക പ്രായോഗികമല്ല. അതുകൊണ്ടാണ് ഭൂരഹിതഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി ഭവന സമുച്ചയങ്ങൾ എന്ന ആശയം സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. നിലവിൽ കണ്ടെത്തിയിട്ടുള്ള ഭൂരഹിത ഭവനരഹിത കുടുംബങ്ങളെ എല്ലാ സൗകര്യങ്ങളോടും കൂടിയ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിനായി ഏകദേശം 2500 ഏക്കർ ഭൂമി ആവശ്യമായി വരും. എന്നാൽ നിലവിൽ ഭവന സമുച്ചയങ്ങൾക്ക് വിവിധ ജില്ലകളിലായി 123 ഏക്കർ ഭൂമിയാണ് കണ്ടെത്താൻ സാധിച്ചിട്ടുള്ളത്.


ലൈഫ് പദ്ധതിപ്രകാരം എല്ലാവിധ സാമൂഹിക പശ്ചാത്തലത്തോടു കൂടിയതും, തൊഴിലോ മറ്റ് വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾക്ക് ജീവിതോപാധിയും സാമ്പത്തിക ഭദ്രതയും ഉറപ്പുനൽകുന്നതിന് ഉതകുന്ന തരത്തിലുള്ളതുമായ ഭവന സമുച്ചയങ്ങളാണ് ഭൂരഹിത ഭവനരഹിതർക്കായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് . ഇതിന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ലൈഫ് മിഷൻ നടത്തി വരുന്നു. തദ്ദേശസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയ്ക്കാണ് ഭവനസമുച്ചയ നിർമ്മാണത്തിനായി പ്രഥമപരിഗണന നൽകുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ കൈവശം ഉള്ള ഭൂമിയും ഈ ആവശ്യത്തിലേക്ക് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഭൂമി കൈമാറ്റം വേഗമാക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. കമ്മറ്റി ഒരു ഏകജാലക സംവിധാനമായി പ്രവർത്തിക്കുന്നതും ഭൂമികൈമാറ്റം വേഗത്തിലാക്കുന്നതുമാണ്. എല്ലാ തദ്ദേശസ്ഥാപനങ്ങളും വിവിധ വകുപ്പുകളും ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തി ലൈഫ് മിഷന് കൈമാറി നൽകേണ്ടതാണ്. ഇങ്ങനെ കണ്ടെത്തുന്ന ഭൂമി തണ്ണീർത്തടങ്ങളോ, പാടശേഖരങ്ങളോ നികത്തുന്നതാകരുത്. നിയമാനുസൃതമായും സാങ്കേതികമായും കെട്ടിട നിർമ്മാണത്തിനനുയോജ്യമായ ഭൂമി തന്നെയാകണം. ഇപ്രകാരം കണ്ടെത്തുന്ന ഭൂമിയുടെ വിശദാംശ ലിസ്റ്റ് അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ല മിഷന് കൈമാറേണ്ടതാണ്. സർക്കാർ ഭൂമി അപര്യാപ്തമാണെങ്കിൽ ഭൂമി വാങ്ങുന്നതിനുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. 26.05.2017 ലെ സ.ഉ.(സാ.ധാ)നം.1738/2017/തസ്വഭവ)

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പുനരധിവാസത്തിന് ആവശ്യമായത്ര ഭൂമി കണ്ടെത്താനാകണമെന്നില്ല. അതുകൊണ്ടു തന്നെ ലഭ്യമാകുന്ന വിലപ്പെട്ട ഭൂമിയുടെ ഉത്തമ വിനിയോഗം ഉറപ്പാക്കുന്ന വിധത്തിൽ വേണം ഭവനസമുച്ചയ ഗുണഭോക്താക്കളുടെ വിതരണം നിശ്ചയിക്കേണ്ടത്. അതതു പ്രദേശത്തെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും അവിടെ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിൽ വീട് ഉറപ്പാക്കുന്നതോടൊപ്പം അതിനുപരിയായി ആവശ്യമെങ്കിൽ അടുത്തുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂമി ലഭ്യമെങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ഭൂമിയുടെ ലഭ്യത കുറവ് പരിഗണിച്ച് വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി സംഭാവനയായി സ്വീകരിക്കാൻ ലൈഫ് മിഷൻ തീരുമാനിച്ചിട്ടുണ്ട്. പല സംഘടനകളും ഇതിനോടകം തന്നെ സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ ഭവന സമുച്ചയങ്ങൾക്കുള്ള ഭൂമി സംഭാവനായജ്ഞത്തിന് ഒക്ടോബർ 2ന് തുടക്കം കുറിക്കും.

ഭൂമിയുടെ ലഭ്യത കുറവ് പരിഗണിച്ച് വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി സംഭാവനയായി സ്വീകരിക്കാൻ ലൈഫ് മിഷൻ തീരുമാനിച്ചിട്ടുണ്ട്. പല സംഘടനകളും ഇതിനോടകം തന്നെ സന്നദ്ധത അറിയിക്കുകയും ചെയ്തിട്ടുണ്ട്.

*(ലേഖകൻ ലൈഫ് മിഷനിൽ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണറാണ്)*




# ലൈഫ്: ചോദ്യോത്തരം

**? ഭൂമി നൽകാൻ വ്യക്തികൾ/സ്ഥാപനങ്ങൾ തയ്യാറായാൽ സ്വീകരിക്കാവുന്നതാണോ**

സ്വീകരിക്കാവുന്നതാണ്. ഭൂമി ദാനമായി നൽകുന്നതിലേക്കായി ഒക്ടോബർ-2ന് എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട ക്യാംപയിൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**? സർക്കാർ ധനസഹായത്തിലൂടെയല്ലാതെ സ്വയം പണിതു പൂർത്തിയാക്കാത്ത ഭവനത്തിന് സഹായം നൽകാമോ**

സാധിക്കുകയില്ല. ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ അത്തരത്തിലുള്ള ഭവനങ്ങളുടെ പൂർത്തീകരണത്തിന് പൊതുധനസമാഹരണത്തിലൂടെ ശ്രമം നടത്തേണ്ടതാണ്.

**? പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് മിഷൻ ഈ വർഷത്തെ ലക്ഷ്യമായി കരുതുന്നു. അങ്ങനെയുള്ള ഭവനങ്ങളുടെ ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ**

പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്കുള്ള യൂണിറ്റ് നിരക്ക് വർദ്ധിപ്പിച്ച് ആനുപാതിക വിഹിതം നൽകി പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളിൽ നിന്നും ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ശേഖരിച്ച് വരുന്നതേയുള്ളൂ. കൂടാതെ ഇതിലേക്കായി ഒരു ഓൺലൈൻ MIS സംവിധാനവും ഒരുക്കുന്നുണ്ട്.

**? ഐ.എ.വൈ പദ്ധതിക്കായി തയ്യാറാക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളിൽ പലരും ലൈഫ് മിഷന്റെ ലിസ്റ്റിന്റെ ഭാഗമാണ്. ഇവരെ ഗുണഭോക്താക്കളായി പരിഗണിക്കാമോ**

അപ്പീൽ സമയത്ത് അർഹതയുടെ അടിസ്ഥാനത്തിൽ ഉൾക്കൊള്ളിക്കാവുന്നതാണ്.

**? പട്ടികജാതി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ സമുച്ചയം പണിയാൻ അനുമതി നൽകാൻ കഴിയുമോ**

കഴിയും, പ്രസ്തുത തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ അർഹരായ മുഴുവൻ പട്ടികജാതി ഗുണഭോക്താക്കളെയും പുനരധിവസിപ്പിക്കുന്നതിനുള്ള സമുച്ചയങ്ങളുടെ നിർമ്മാണത്തിന് വാങ്ങിയ ഭൂമി ഉപയോഗിക്കാവുന്നതാണ്. പട്ടികജാതി ഗുണഭോക്താക്കളെ മുഴുവൻ പുനരധിവസിപ്പിച്ചു കഴിഞ്ഞാൽ മറ്റു വിഭാഗക്കാരുടെ പുനരധിവാസത്തിനായി ഉപയോഗിക്കാവുന്നതാണ്.

**? പുതിയ പദ്ധതി പ്രകാരം ഒരു വാർഡിൽ ഒരു**

**വർഷത്തിൽ പത്തിലധികം വീട് നൽകാൻ കഴിയുമോ?**

അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും അഞ്ചുവർഷത്തിനുള്ളിൽ സുരക്ഷിത ഭവനം നൽകാനാണ് ലക്ഷ്യമിടുന്നത്. ഇതിന് വാർഡ് ഒരു അടിസ്ഥാന ഘടകമാക്കേണ്ടതില്ല.

**? ഭൂമിയുള്ള ഭവനരഹിതരുടെ മാനദണ്ഡത്തിൽ 25 സെന്റ് സ്ഥലം എന്ന് പറയുന്നു. ഇക്കാരണത്താൽ അർഹതപ്പെട്ട ആളുകൾ ഒഴിവായി പോകുന്നു. പരിധി വർദ്ധിപ്പിക്കുമോ**

ഇപ്പോൾ പരിഗണിക്കാൻ സാദ്ധ്യമല്ല.

**? പൂർത്തിയാക്കാത്ത ഭവനങ്ങളുടെ ഇനത്തിൽ ഭിത്തി തേയ്ക്കാത്തതും തിണ്ണ ഇടാത്തതും ആയ വീടുകളെ ഉൾപ്പെടുത്തുമോ?**

ഇല്ല, സർക്കാരിന്റെ ഏതെങ്കിലും ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യത്തിന്റെ ഒരു ഭാഗം കൈപ്പറ്റുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്തവയെയുമാണ് ഇതിലേക്കായി പരിഗണിക്കുന്നത്. താമസത്തിന് യോഗ്യമാകുന്ന രീതിയിൽ പൂർത്തിയാക്കിയിട്ടുള്ള ഗുണഭോക്താക്കളെ ഇതിലേക്കായി പരിഗണിക്കുകയില്ല.

**? പഞ്ചായത്തിൽ മൂന്ന് ലക്ഷംവീട് കോളനികളുണ്ട്. ഇവിടെ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരാണ് അധികവും. ഇവർക്ക് ഫ്ളാറ്റ് മോഡൽ വീട് വച്ച് നൽകുന്നത് പരിഗണിക്കാമോ**

ആദ്യഘട്ടത്തിൽ ഓരോ ജില്ലയിലും ഓരോ ഭവനസമുച്ചയ നിർമ്മാണമാണ് ലക്ഷ്യമിടുന്നത്. ഇതിൽ ഭൂരഹിത ഭവനരഹിതരെയാണ് ഗുണഭോക്താക്കളായി കണക്കാക്കുന്നത്. വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്ന ഘട്ടത്തിൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

**? ഇരട്ട ലക്ഷംവീടുകൾ ഒറ്റവീടുകളാക്കുന്നതിന് പദ്ധതി പ്രയോജനപ്പെടുത്താമോ**

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ എന്ന ഘട്ടത്തിൽ ഇത് പരിഗണിക്കാവുന്നതാണ്.

**? ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ടവരെ ഭൂരഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്താമോ**

ഭൂമി ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ധാരാളം ഗുണഭോക്താക്കൾ തദ്ദേശസ്ഥാപനത്തിൽ ഉണ്ടെങ്കിൽ ഒരു പ്രത്യേക പ്രൊപ്പോസൽ ആയി ജില്ലാകളക്ടർ മുഖാന്തരം സമർപ്പിക്കാവുന്നതാണ്. ആയത് ഡി.എൽ.എ. സി നടപടിക്രമം പ്രകാരം പരിഗണിച്ച് ഉത്തരവ് നൽകുന്നതാണ്. അനുവദിക്കാൻ സാധിക്കാത്ത കേസുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളെ ഭൂരഹിത ഭവനരഹിതരായി കണക്കാക്കേണ്ടതാണ്.

**? നിലവിൽ ലൈഫിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ വിസ്തീർണ്ണം വ്യക്തമാക്കാമോ**

ലൈഫ് മിഷനിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളുടെ ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണം 350 ചതുരശ്രഅടിയും കൂടിയത് 600 ചതുരശ്രഅടിയും ആയി നിജപ്പെടുത്തി ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഏറ്റവും കുറഞ്ഞ തറ വിസ്തീർണ്ണം 400 ചതുരശ്രഅടിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**? പട്ടയമില്ലാത്ത ഭൂമിയിൽ താമസിക്കുന്നവരെ ഏത് ലിസ്റ്റിൽ ഉൾപ്പെടുത്താം**

ഭൂരഹിത-ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്താം.

**? അവിവാഹിത, വിവാഹമോചിതർ, സന്താനമില്ലാത്തവർ എന്നിവർക്ക് മുൻഗണന നൽകാമോ**

മുൻഗണന പട്ടികയിൽ ഈ വിഭാഗങ്ങൾ ഉൾപ്പെട്ടിട്ടില്ല.

**? കോൺക്രീറ്റ് ഘട്ടം വരെ പൂർത്തിയാക്കിയ വീട്, മുഴുവൻ തുകയും വകുപ്പിൽ നിന്ന് കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിക്കുന്നതിന് അധിക തുക അനുവദിക്കാമോ**

അധിക തുക അനുവദിക്കാൻ സാധിക്കുകയില്ല. ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ അത്തരത്തിലുള്ള ഭവനങ്ങളുടെ പൂർത്തീകരണത്തിന് പൊതുധന സമാഹരണത്തിലൂടെ ശ്രമം നടത്തേണ്ടതാണ്.

**? ആദ്യഘട്ടത്തിൽ ഭവനരഹിതരായ ഷെഡ്ഡുകളിൽ താമസിക്കുന്നവരെയാണോ, അല്ലെങ്കിൽ വിവിധ വകുപ്പുകളിൽ നിന്ന് ധനസഹായം ലഭിച്ച് ഭവന നിർമ്മാണം പൂർത്തീകരി ക്കാൻ കഴിയാത്ത കുടുംബങ്ങളെയാണോ പരിഗണിക്കുന്നത്**

വിവിധ വകുപ്പുകളിൽ നിന്നും ആനുകൂല്യം കൈപ്പറ്റുകയും എന്നാൽ പൂർത്തീകരിക്കാൻ സാധിക്കാത്തവരായ ഗുണഭോക്താക്കളെയുമാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്.

**? മരിച്ചുപോയവരുടെ പേരിലുള്ള ഭൂമിയിൽ വീട് വച്ച് താമസിക്കുന്നവർ ഭൂരഹിത ഭവനരഹിതരുടെ അർഹതാപട്ടികയിൽ വന്നിട്ടുണ്ട്. ഇവരെ അംഗീകരിക്കാമോ**

സ്വത്ത് വീതംവച്ച് കിട്ടാൻ അർഹതയുള്ളവരെ ഭൂരഹിത-ഭവനരഹിതരുടെ പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ല.

*തയ്യാറാക്കിയത്:*
***അനീഷ്.ബി***
*അസിസ്റ്റൻഡ് ഡവലപ്പ്മെന്റ് കമ്മീഷണർ, ലൈഫ് മിഷൻ*

# വാർത്തകൾ വിശേഷങ്ങൾ

## വിവാഹ രജിസ്ട്രേഷന് ജാതി/മത സാക്ഷ്യപത്രം ആവശ്യമില്ല

2008 കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു)ചട്ടങ്ങൾപ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ജാതി, സമുദായം തെളിയിക്കുന്ന രേഖകൾ തുടങ്ങി ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ലാത്ത രേഖകൾ ആവശ്യപ്പെടരുതെന്ന് ലോക്കൽ രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നല്കി ചീഫ് രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. ബി1-21102/17, തീയതി 04-08-2017)

## സാമൂഹ്യ സുരക്ഷാ പെൻഷൻ-വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ് പരിഗണിച്ചാൽ മതി

സാമൂഹ്യസുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള വരുമാന പരിധി നിർണ്ണയിക്കുന്നതിന് അപേക്ഷകൻ വസിക്കുന്ന പ്രദേശത്തെ വില്ലേജ് ഓഫീസർ നല്കുന്ന വരുമാന സർട്ടിഫിക്കറ്റ് മാത്രം പരിഗണിച്ചാൽ മതിയെന്ന് അംഗീകരിച്ച് ഉത്തരവായി.

(സ.ഉ(സാധാ)നം. 6060/2017/ധന, തീയതി 01-08-2017)

## റോഡ് നിർമ്മാണം- അനുമതി നേടിയതിനുശേഷം സ്ഥാനം മാറ്റരുത്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് നിർമ്മാണത്തിന് ആവശ്യമായ അനുമതികളെല്ലാം നേടിയ ശേഷം വർക്കിന്റെ സ്ഥാനം മാറ്റുവാൻ നിർദ്ദേശിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണെന്നും പ്രസ്തുത തീരുമാനം എല്ലാ പ്രവൃത്തികളിലും കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 263/ഡി.സി1/2017/തസ്വഭവ, തീയതി 15-07-2017)

## പൊതുസ്ഥലങ്ങളിലെ വൃക്ഷങ്ങളിൽ നിന്നുമുള്ള അപകടങ്ങൾ ഒഴിവാക്കണം.

പൊതുനിരത്തുകളിലും സ്ഥലങ്ങളിലും നില്ക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും പ്രസ്തുത വൃക്ഷങ്ങളും അവയുടെ ശിഖരങ്ങളും കടപുഴകിയും ഒടിഞ്ഞുവീണുമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നമ്പർ 248/ആർ.സി.3/2016/തസ്വഭവ, തീയതി 14-07-2017)

## ക്ഷേമനിധി ബോർഡ് പെൻഷൻ 1100 രൂപയായി വർദ്ധിപ്പിച്ചു

എല്ലാ ക്ഷേമനിധി ബോർഡുകളും നല്കുന്ന പെൻഷൻ പ്രതിമാസം 1100/- രൂപയായി വർദ്ധിപ്പിച്ചും നിലവിൽ 1100/- രൂപയിൽ കൂടുതൽ നല്കുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതേ നിരക്കിൽ നിലനിർത്തിയും ഉത്തരവായി.

(സ.ഉ(കൈ)നം. 359/2017/ധന, തീയതി 04-08-2017)

## ലൈഫ്-മാർഗ്ഗരേഖ പുറപ്പെടുവിച്ചു

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട മാർഗ്ഗരേഖ അംഗീകരിച്ചു ഉത്തരവായി.

(സ.ഉ(എം.എസ്)നം. 151/2017/തസ്വഭവ, തീയതി 31-07-2017)

## സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം - നടപടിക്രമങ്ങളിൽ ഭേദഗതി

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് വായ്പാ സംഘങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്ന വിവിധ സാമൂഹിക സുരക്ഷാ പെൻഷനുകളുടെ നടപടിക്രമം ഭേദഗതി ചെയ്തു ഉത്തരവായി.

(സ.ഉ(എം.എസ്)നം. 381/2017/ധന, തീയതി 17-08-2017)

## കെ.പി.ഇ.പി.എഫ് അംഗത്വം സംബന്ധിച്ച്

മറ്റു വകുപ്പുകളിൽ നിന്നും പഞ്ചായത്ത് വകുപ്പിൽ ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ജി.പി.എഫ് അക്കൗണ്ട് അവസാനിപ്പിച്ച് കെ.പി.ഇ.പി.എഫ് അംഗത്വം നേടുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിപ്പിച്ചു.

(സർക്കുലർ നം. പി.എഫ് 5-35813/15 തീയതി 28-07-2017)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# മുറച്ചെറുക്കനും വേണ്ട മുറപ്പെണ്ണും വേണ്ട

ഡോ. വട്ടവിള വിജയകുമാർ



ഒരു കുഞ്ഞിനെ ജനിപ്പിക്കാൻ നിയമം അനുശാസിക്കുന്ന ലൈസൻസാണ് വിവാഹം. ഇതിലൂടെ സാംസ്കാരികമായും സാമൂഹ്യമായും വ്യത്യസ്തത പുലർത്തുന്ന രണ്ടു വ്യക്തികൾ സമ്മേളിക്കുമ്പോൾ വംശതുടർച്ച എന്ന പ്രകൃതിയുടെ അലംഘനീയ നിയമം പരിപാലിക്കപെടുന്നു. ആരോഗ്യമുള്ളൊരു ഭാവിതലമുറയാണ് ആഗ്രഹിക്കുന്നതെങ്കിൽ കഴിയുന്നതും രക്തബന്ധമുള്ളവർ വിവാഹിതരാകാൻ പാടില്ലെന്ന ശാസ്ത്രസത്യം നാം അറിഞ്ഞിരിക്കേണ്ടതാണ്. അതായത് മുറച്ചെറുക്കനും മുറപ്പെണ്ണും തമ്മിലുള്ള വിവാഹത്തെ നിരുത്സാഹപ്പെടുത്തുകയും വ്യത്യസ്ത ജനിതക ഘടനയുള്ളവർ തമ്മിലുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കുകയും വേണം. കാരണം രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹത്തിലൂടെ വികലമായൊരു പിൻതലമുറയ്ക്കുള്ള സാധ്യതയുണ്ട്. ഇവിടെ ജനിതക വൈകല്യത്തെയാണ് വികലത കൊണ്ടുദ്ദേശിക്കുന്നത്. കല്യാണമെന്നത് കേവലം രണ്ടു വ്യക്തികൾ തമ്മിലുള്ള കൂടിച്ചേരൽ മാത്രമല്ല. അവിടെ പരമ്പരാഗതമായ ചില കൈമാറ്റങ്ങൾ കുഞ്ഞുങ്ങളിലേക്ക് നടക്കുന്നുണ്ട്. ഈ കൈമാറ്റങ്ങളാകട്ടെ ജീനുകൾ വഴിയും. അപ്പോൾ ഇരുവർക്കും ആരോഗ്യമുള്ള ജീനുകൾ തന്നെ വേണ്ടിവരും. അടുത്ത ബന്ധുക്കൾ തമ്മിൽ കല്യാണം കഴിച്ചാൽ എന്തുകൊണ്ടാണ് ജനിതക വൈകല്യമുള്ള കുട്ടികൾ ജനിക്കുന്നത്?

ഇരുവരുടെയും കുടുംബാരോഗ്യചിത്രം പരിശോധിച്ചാലെ അതിന് വ്യക്തമായൊരു മറുപടി നല്കാൻ കഴിയുകയുള്ളൂ. മുൻ തലമുറക്കാരിൽ ആർക്കെങ്കിലുമുണ്ടായിരുന്ന ജനിതകവൈകല്യം ചില തലമുറകളിൽ പ്രത്യക്ഷപെടാതിരിക്കുകയും എന്നാൽ ചിലതിൽ പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോഴാണ് സാധാരണ മാതാപിതാക്കളിൽ അസാധാരണ കുഞ്ഞുങ്ങൾ ജനിക്കുന്നത്. സ്ത്രീപുരുഷ ക്രോമസോമുകളിൽ അടങ്ങിയിരിക്കു

ആരോഗ്യമുള്ളൊരു ഭാവിതലമുറയാണ് ആഗ്രഹിക്കുന്നതെങ്കിൽ കഴിയുന്നതും രക്തബന്ധമുള്ളവർ വിവാഹിതരാകാൻ പാടില്ലെന്ന ശാസ്ത്രസത്യം നാം അറിഞ്ഞിരിക്കേണ്ടതാണ്. അതായത് മുറച്ചെറുക്കനും മുറപ്പെണ്ണും തമ്മിലുള്ള വിവാഹത്തെ നിരുത്സാഹപ്പെടുത്തുകയും വ്യത്യസ്ത ജനിതക ഘടനയുള്ളവർ തമ്മിലുള്ള ബന്ധത്തെ പ്രോത്സാഹിപ്പിക്കുകയും വേണം.


ന്ന ജീനുകളാണല്ലോ പാരമ്പര്യസ്വഭാവങ്ങൾക്ക് കാരണം. കണ്ണിന്റെ നിറം, മുടിയുടെ പ്രകൃതം, മൂക്കിന്റെ ആകൃതി, രക്തത്തിന്റെ ഗ്രൂപ്പ് തുടങ്ങിയവ അതുപോലെ അല്ലെങ്കിൽ നേരിയ വ്യത്യാസത്തോടെ അതുമല്ലെങ്കിൽ ഇരുവരുടെയും സ്വഭാവങ്ങളുടെ കലർപ്പോടെ കൈമാറ്റം ചെയ്യപ്പെടുമ്പോൾ ജീനുകളെന്ന വിരുതൻ തന്മാത്രകളിൽ കള്ളക്കളി നടന്നാൽ ചിലപ്പോൾ ജനിക്കുന്ന കുഞ്ഞിന് മാതാപിതാക്കളുടെ സ്വഭാവം അതേപടിയോ അല്ലെങ്കിൽ ചെറിയ മാറ്റങ്ങളോടെയോ കിട്ടണമെന്നില്ല. ഓരോ സ്വഭാവത്തെയും നിയന്ത്രിക്കുന്ന രണ്ടു ജീനുകളിൽ ഒന്ന് അല്ലെങ്കിൽ രണ്ടും ചിലപ്പോൾ രോഗംപേറുന്നതായിരിക്കാം. അങ്ങനെയെങ്കിൽ ആരോഗ്യമുള്ള മാതാപിതാക്കൾക്ക് ജനിതകവൈകല്യങ്ങളുള്ള കുട്ടികൾ ജനിക്കാം. ചില തലമുറകളിൽ നിഷ്ക്രിയരായിരിക്കുന്ന രോഗാതുരരായ ജീനുകൾ അടുത്തടുത്ത തലമുറകളിൽ അവയുടെ സ്വഭാവം കാണിക്കാതിരിക്കുകയും ചിലപ്പോൾ മൂന്നോ നാലോ തലമുറകൾക്കു ശേഷം സ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യും. അച്ഛനോ അമ്മയ്ക്കോ പ്രമേഹമില്ല. അതുപോലെ അപ്പൂപ്പനും അമ്മൂമ്മയ്ക്കും. എന്നാൽ മക്കൾക്ക് അതുണ്ടായേക്കാം. എങ്കിൽ കുറ്റക്കാരൻ മറ്റാരുമല്ല, ജീനുകൾ തന്നെയാണ്. ഇതിന്റെയൊക്കെ അർഥം ഗ്രഹിക്കണമെങ്കിൽ നമുക്കല്പം ശാസ്ത്രം മനസിലാക്കേണ്ടതായി വരും.

ജനിതക ശാസ്ത്രമനുസരിച്ച് രക്ത ബന്ധമുള്ളവർ വിവാഹിതരായാൽ പ്രകടമാകാത്ത ജീൻ (ശാസ്ത്ര ഭാഷയിൽ പറഞ്ഞാൽ റീസെസ്സിവ് ജീൻ) ജോഡികൾ യാതൊരു മാറ്റവും കൂടാതെ ചില സന്ദർഭങ്ങളിൽ അടുത്ത തലമുറയിലേക്കു കൈമാറ്റം ചെയ്യാൻ സാധ്യതയുണ്ട്. തന്മൂലം പഴയ തലമുറയിലുണ്ടായിരുന്ന ജനിതകവൈകല്യം വരും തലമുറയിൽ പ്രത്യക്ഷപ്പെട്ടേക്കാം. ഒരു ജോഡി ജീനുകളിൽ ഏതെങ്കിലും ഒരെണ്ണം പ്രബലമായാൽ തകരാറുണ്ടാവില്ല. മറ്റൊരു കുടുംബത്തിൽ നിന്നാണ് വിവാഹമെങ്കിൽ ആരോഗ്യമുള്ള ജീൻ കൂട്ടായിവരികയും ജനിതകതകരാറുകളെ ഒഴിവാക്കാനും കഴിയും. സാധാരണ ഗതിയിൽ ഒരാളുടെ ജീൻ ഘടനയിലുള്ള പോരായ്മകൾ പങ്കാളിയുടെ ജീൻകൊണ്ട് നികത്തപ്പെടും. ബന്ധുവിവാഹങ്ങളിൽ ഇത്തരത്തിലുള്ള സാധ്യതയില്ല. രക്തബന്ധം ഉള്ളതിനാൽ ഇവരുടെ ജനിതകശാരീരിക ഘടനകളും ഒരുപോലെയായിരിക്കും. അതിനാൽ ഒന്നിന്റെ കുറവിനെ മറ്റൊന്നുകൊണ്ട് പരിഹരിക്കാനും കഴിയില്ല.

ഒരു ഉദാഹരണത്തിലൂടെ നമുക്കിതിനെ വിശദമാക്കാം. ഹീമോഫിലിയ എന്ന രോഗത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ? ദേഹം മുറിഞ്ഞാൽ രക്തസ്രാവമുണ്ടായി ഒരുപക്ഷെ രോഗി മരിച്ചുപോകാനും സാധ്യതയുള്ള രോഗമാണത്. രക്തം കട്ടിയാകാൻ സഹായിക്കുന്ന പതിമൂന്ന് ഘടകങ്ങളിൽ എട്ടാമനായ ആന്റിഹീമോഫിലിക് ഘടകത്തിന്റെ കുറവുകൊണ്ടാണ് അതുണ്ടാകുന്നത്. ആ ഘടകത്തെ നിർമ്മിക്കാൻ ആവശ്യമായ ജീൻ നിഷ്ക്രിയമാണെങ്കിൽ പ്രസ്തുത ഘടകം നിർമ്മിക്കാതിരിക്കുകയും തന്മൂലം ചെറിയ മുറിവിൽ നിന്നുപോലും രക്തം വാർന്നൊഴുകി രോഗി മരിക്കുന്നതിന് കാരണമാവുകയും ചെയ്യും. ഭാര്യാഭർത്താക്കന്മാരിൽ ആർക്കെങ്കിലും ഒരു ജീനെങ്കിലും പ്രബലം (dominant) ആണെങ്കിൽ മേല്പറഞ്ഞ ഘടകം നിർമ്മിച്ച് രക്തത്തിന്റെ സ്വാഭാവിക അവസ്ഥ നിലനിർത്തി രക്തസ്രാവത്തിൽ നിന്നും രക്ഷിക്കും. എന്നാൽ ആ ജീനുകൾ ഇരുവരിലും ദുർബലം (recessive) ആണെങ്കിൽ അവർക്കു ജനിക്കുന്ന കുട്ടികൾക്ക് രോഗമുണ്ടാകും. ഭാര്യയും ഭർത്താവും രക്തബന്ധുക്കളാണെങ്കിൽ അതിനുള്ള സാധ്യത ഏറെയാണ്. വ്യത്യസ്ത കുടുംബത്തിലുള്ളവരാണെങ്കിൽ ആർക്കെങ്കിലും ഒരാൾക്ക് നല്ല ആരോഗ്യമുള്ള ജീനുണ്ടാവുകയും (dominant) മേൽപ്പറഞ്ഞ തകരാറിൽ നിന്ന് രക്ഷപെടുകയും ചെയ്യും.

പ്രത്യുല്പാദന ക്ഷമത, ഗർഭമലസൽ, പിറവികുറ്റങ്ങൾ, ബുദ്ധിവൈകല്യം തുടങ്ങിയവ ഗൗരവമായി എടുക്കുമ്പോഴാണ് രക്തബന്ധുക്കൾ തമ്മിലുള്ള വിവാഹവും തൻമൂലമുണ്ടാകുന്ന പ്രശ്നങ്ങളെയും പറ്റി നാം ചിന്തിക്കുന്നത്. ഒരേ തരത്തിലുള്ള ജീനുകളുടെ ആവർത്തനവും (ഡോമിനന്റ്/റീ

അച്ഛനോ അമ്മയ്ക്കോ പ്രമേഹമില്ല. അതുപോലെ അപ്പൂപ്പനും അമ്മൂമ്മയ്ക്കും. എന്നാൽ മക്കൾക്ക് അതുണ്ടായേക്കാം. എങ്കിൽ കുറ്റക്കാരൻ മറ്റാരുമല്ല, ജീനുകൾ തന്നെയാണ്. ഇതിന്റെയൊക്കെ അർഥം ഗ്രഹിക്കണമെങ്കിൽ നമുക്കല്പം ശാസ്ത്രം മനസിലാക്കേണ്ടതായി വരും.



സെസ്സിവ്) ഭിന്നജീനകളുടെ (ഹെറ്ററോസൈഗസ്) അസാന്നിധ്യവും ഒക്കെ രക്തബന്ധ വിവാഹത്തിന്റെ ദോഷവശങ്ങളാണ്. കൗതുകവും ചിരിയുമുണ്ടാക്കുന്ന കുള്ളന്മാരെ ബാധിച്ചിരിക്കുന്ന ഡോർഫിസവും (dwarfism) ദേഹമാകെ മുഴകളെകൊണ്ട് നിറയ്ക്കുന്ന ന്യൂറോഫൈബ്രോമ, വർണാന്ധത, ഹീമോഫിലിയ, പേശികൾ ശോഷിച്ചുപോകുന്ന മസ്കുലാർ ഡിസ്ട്രോഫി, ബധിരത, പ്രമേഹം, അപസ്മാരം, ബുദ്ധിമാന്ദ്യം, ആൽബിനിസം (തൊലിക്ക് നിറമില്ലാതിരിക്കുന്ന അവസ്ഥ) തുടങ്ങിയവയൊക്കെ വികലമായ ജീനുകളുടെ പ്രവർത്തനഫലമായി ഉണ്ടാകുന്നവയാണ്.

രക്തബന്ധമുള്ളവർ തമ്മിൽ കല്യാണം (consanguineous marriage) കഴിച്ചാൽ ഉണ്ടാകാവുന്ന പ്രശ്നങ്ങളാണ് മേൽസൂചിപ്പിച്ചത്. അമ്മാവനും മരുമകളും (uncle-niece) അമ്മാവിയും അനന്തിരവനും (aunt-nephew) മുറച്ചെറുക്കനും മുറപ്പെണ്ണും (first cousine) സഹോദരന്മാരുടെ അല്ലെങ്കിൽ സഹോദരിമാരുടെ മക്കൾ തമ്മിൽ (parallel) മുറപ്പെണ്ണിന്റെ മകളുമായി (one and a half cousine) മുറചെറുക്കന്റെയും മുറപ്പെണ്ണിന്റെയും മക്കൾ തമ്മിൽ (second cousine) ഇങ്ങനെപോകുന്ന രക്തബന്ധവിവാഹത്തിന്റെ കണ്ണികൾ. ഇതിൽ മുറപെണ്ണിന്റെയും മുറച്ചെറുക്കന്റെയും വിവാഹമാണ് കേരളത്തിൽ പ്രബലമായി നടക്കുന്നത്.

വടക്കേ ഇന്ത്യയിൽ ബ്രാഹ്മണർക്കിടയിൽ അച്ഛൻ വഴിയിൽ ഏഴുതലമുറയ്ക്ക് ശേഷവും അമ്മവഴി അഞ്ചുതലമുറയ്ക്ക് ശേഷവും മാത്രമേ പിന്നെയൊരു രക്തബന്ധവിവാഹം അനുവദിച്ചിരുന്നുള്ളൂ. എന്നാൽ കേരളത്തിൽ അത്തരത്തിലുള്ളൊരു വിലക്ക് ഉണ്ടോയെന്നറിയില്ല. ജാതിവ്യവസ്ഥയിലെ കടുത്ത യാഥാസ്ഥിതികതയും വിവിധ സാമൂഹ്യാചാരങ്ങളും ഉത്തമനായ ഒരുവനെ കണ്ടെത്താനുള്ള ബുദ്ധിമുട്ടും അന്യകുടുംബത്തിലെ ബാന്ധവക്കാരൻ തങ്ങളുടെ സ്ഥാവരജംഗമ സ്വത്തുക്കളെ അന്യാധീനപ്പെടുത്തുമോയെന്ന ഉൽക്കണ്ഠയും സ്ത്രീധനത്തോടുള്ള ആർത്തിയുമൊക്കെയാകാം മാതാപിതാക്കൾ മക്കൾക്കായി തങ്ങളുടെ കുടുംബത്തിൽ നിന്നും മരുമക്കളെ കണ്ടെത്തി കുടുംബബന്ധം ഒന്നുകൂടി അരക്കിട്ടുറപ്പിക്കുന്നത്.

അങ്ങയുടെ ബുദ്ധിയും എന്റെ സൗന്ദര്യവുമുള്ള ഒരുകുട്ടി ജനിച്ചാൽ ..... വിശ്വസുന്ദരിയും നർത്തകിയുമായ ഇസഡോറ നോബൽ ജേതാവായ ജോർജ് ബെർണാഡ്ഷായോട് ഒരിക്കൽ പറഞ്ഞു. അപ്പോൾ ബെർണാഡ്ഷാ ഇസഡോറയോടൊരു മറുചോദ്യം ചോദിച്ചു. എന്റെ സൗന്ദര്യവും നിന്റെ ബുദ്ധിയുമുള്ള കുഞ്ഞാണെങ്കിലോ! ഇവിടെ ഇസഡോറ ആഗ്രഹം പറഞ്ഞു. ബർണാഡ്ഷാ മറ്റൊരു സാധ്യതയെ സൂചിപ്പിച്ചു. ജനിക്കാനിരിക്കുന്ന കുഞ്ഞ് എങ്ങനെയിരിക്കണമെന്ന മുൻകൂട്ടി പറയാനാവില്ലല്ലോ എന്ന ധ്വനിയാണ് ബെർണാഡ്ഷായുടെ മറുചോദ്യത്തിലുള്ളത്. സൃഷ്ടാക്കൾക്ക് സൃഷ്ടിയിൽ ഒരു പ്രവചനം അസാധ്യമാണെന്ന പ്രപഞ്ച സത്യവും അതിലുണ്ട്. കാരണം അച്ഛനമ്മമാരുടെ തനിപതിപ്പുകളല്ല മക്കൾ. മക്കൾ കുറ്റങ്ങൾക്കും കുറവുകൾക്കും അതീതരായിരിക്കണമെന്ന് അച്ഛനമ്മമാർ ആഗ്രഹിച്ചാൽ നമുക്ക് കുറ്റം പറയാനൊക്കില്ല. പക്ഷെ ഒക്കെ നിശ്ചയിക്കുന്നത് ജീനുകളാവുമ്പോൾ നമുക്കെന്താണ് ചെയ്യാനാവുക?

ഇതൊക്കെ പറഞ്ഞെങ്കിലും ജനിതകതകരാറുള്ള കുട്ടികൾ ജനിക്കുന്നതിനു കാരണം രക്തബന്ധുക്കൾ തമ്മിലുള്ള വിവാഹം കൊണ്ടുമാത്രമാണെന്ന ധരിക്കരുത്. സാധ്യത കൂടുതലെന്നേ അർത്ഥമുള്ളൂ. പെണ്ണും ചെറുക്കനും വ്യത്യസ്തകുടുംബങ്ങളിൽ നിന്നാകുമ്പോൾ പാരമ്പര്യ രോഗങ്ങളുടെ തനിയാവർത്തനം ഒഴിവാക്കാനാകും. ഗർഭാരംഭകാലത്തെ പരിശോധനകൾകൊണ്ട് ജനിതകതകരാറുകളെ കണ്ടെത്താൻ കഴിയുമെന്നത് ആശ്വാസകരമാണെങ്കിലും ഇല്ലാതാക്കാൻ തക്കവണ്ണമുള്ള വളർച്ച ശാസ്ത്രത്തിന് ഇനിയും കൈവരിക്കാനായിട്ടില്ല. ജീൻ തെറാപ്പി ശൈശവം കടന്ന് യൗവനത്തിലെത്തിയാൽ ജനിതകസംബന്ധമായ തകരാറുകൾക്ക് അവസാനമാകും. ആ നല്ലകാലത്തിനായി നമുക്ക് കാക്കാം.

അങ്ങയുടെ ബുദ്ധിയും എന്റെ സൗന്ദര്യവുമുള്ള ഒരു കുട്ടി ജനിച്ചാൽ ..... വിശ്വസുന്ദരിയും നർത്തകിയുമായ ഇസഡോറ നോബൽ ജേതാവായ ജോർജ് ബെർണാഡ്ഷായോട് ഒരിക്കൽ പറഞ്ഞു. അപ്പോൾ ബെർണാഡ്ഷാ ഇസഡോറയോടൊരു മറുചോദ്യം ചോദിച്ചു.

*(പംക്തികാരൻ തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. ഫോൺ 9447342497)*



## സംസ്കാര പുരസ്കാരം ഗോപിനാഥന്

ബാലരാമപുരം സംസ്കാര കലാസാഹിത്യവേദിയുടെ ഏറ്റവും മികച്ച ഗ്രന്ഥശാല പ്രവർത്തകനുള്ള പുരസ്കാരം ബാലരാമപുരം പഞ്ചായത്ത് സെക്രട്ടറി തലയൽ ഗോപിനാഥന് ലഭിച്ചു. ഗ്രന്ഥശാലാ രംഗത്ത് മൂന്ന് ദശാബ്ദത്തിലേറെയായി മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചതിനാണ് പുരസ്കാരം.

# ഓണം മലയാളിയെ ഓർമ്മിപ്പിക്കുന്നത്

**മുരളീധരൻ തഴക്കര**

ആവർത്തിക്കപ്പെടുന്ന പൂക്കാലമാണ് ഓണം. അതിന് പഴമയോടൊരു പ്രത്യേക മമതയുണ്ട്. ചിതലരിച്ചുപോകാത്ത വാക്കും നോക്കും പാട്ടും പകിട്ടുമെല്ലാം ഓണത്തിന് സ്വന്തം. ആർപ്പും ആരവവും കേൾക്കുന്നില്ലേ - കിഴക്കൻ ചക്രവാളത്തിൽനിന്നും മലനാടിന്റെ ചക്രവർത്തി സൂര്യതേജസ്സോടെ വരുന്നതിന്റെ ആത്മഹർഷം ഓർമ്മപുതുക്കാൻ- ഒരുങ്ങി നിൽക്കുകയാണ് പൂവുകൾ, ചാമരംവീശുന്നുണ്ട് തുമ്പികൾ, വിഭവങ്ങൾ അഴകോടെ ചമഞ്ഞ് ഒരില ഓരോ വീട്ടിലും. തുമ്പപ്പൂക്കളുടെ തമ്പുരാൻ വന്നുപോയി. ഒരിക്കലും തേഞ്ഞുമാഞ്ഞു പോകാത്ത പുരാതന സ്മൃതിയോടുള്ള മലയാളനാടിന്റെ നന്ദിപ്രകടനം. അതുകൊണ്ടുതന്നെ ഓണം എല്ലാവരുടെയും ഉത്സവമാണ്, അടുക്കളയുടെയും അരങ്ങിന്റെയും ഉത്സവം.

ഓണം എന്നും എവിടെയായാലും മലയാളിയുടെ ഹൃദയത്തിലെ ഒരു വികാരമാണ്. എത്രയോ പതിറ്റാണ്ടുകളായി രക്തത്തിലലിഞ്ഞുചേർന്ന സംസ്കാരം. ഈ സംസ്കൃതി കേരളത്തിന്റെ കാർഷിക പൈതൃകത്തിന്റേതു കൂടിയാണ്. ആചാരങ്ങളായി പരിവർത്തിക്കപ്പെട്ട ഓണവും തിരുവാതിരയും വിഷുവും നിറപുത്തരിയും ഇല്ലം നിറയും - തുടങ്ങിയുള്ള എല്ലാ കാർഷികോത്സവങ്ങൾക്കു പിന്നിലും ഉദാത്തമായ ദർശനങ്ങളും സങ്കൽപ്പങ്ങളുമുണ്ട്. ഇപ്രകാരം ഓണത്തിൽ ഉൾച്ചേർന്നിരിക്കുന്നത് കാർഷിക സമ്പൽ സമൃദ്ധിയിൽ അധിഷ്ഠിതമായ ഒരു സ്വാശ്രയദർശനമാണ്.

'അത്തം പത്തിന് തിരുവോണം' എന്നാണല്ലോ പറയുക. അത്തം തുടങ്ങിയാൽ മുറ്റത്ത് പൂക്കളങ്ങൾ വിരിയുകയായി. പൂക്കളമിടാനുള്ള നാട്ടുപൂവുകൾ തേടി കുട്ടികൾ തൊടിയായതൊടിയെല്ലാം താണ്ടുകയായി. അതെ, പൂക്കുടയുമായി തൊടികളിലേക്കാണിറങ്ങുന്നത്, നഗരത്തിലെ പൂക്കടയിലേക്കല്ല. അത്തം മുതൽ പത്ത് ദിവസവും പൂക്കളമിടുന്നതിനും നിയതമായ ചില ചിട്ടവട്ടങ്ങളുണ്ടായിരുന്നു. അത്തം നാളിൽ ഓണപ്പൂക്കളത്തിന് ഒരു വൃത്തമേയുണ്ടാകൂ. ഒറ്റ നിറമുള്ള പൂക്കളാൽതീർക്കുന്ന പൂക്കളം. ഇത് 'ഗണപതിയെ സങ്കൽപ്പിച്ചാണിടുന്നത്. ചിത്തിര നാളിൽ രണ്ട് വൃത്തത്തിലുള്ള പൂക്കളമിടുന്നു. ഇത് ശിവനെയും ശക്തിയെയും സങ്കൽപ്പിച്ചാണ്. മൂന്നാം നാളായ ചോതിക്ക് മൂന്നുവൃത്തത്തിൽ പൂക്കളമിടുന്നത് കാലപുരുഷനായ ശിവനെ മാത്രം സങ്കൽപ്പിച്ചാണ്. നാലാമത്തെ നാളായ വിശാഖത്തിന് ബ്രഹ്മാവിനുള്ള സമർപ്പണമാണ്. നാലുവൃത്തങ്ങളുള്ള പൂക്കളമാണിടുക. പഞ്ചഭൂതങ്ങളെ സങ്കൽപ്പിച്ചുകൊണ്ട് അഞ്ചാം നാളിൽ അഞ്ച് വൃത്തങ്ങളിൽ അത്തപ്പൂക്കളമിടും. അത്തം തുടങ്ങി ആറാമത്തെ ദിവസം അറുമുഖനും ദേവ

ഓണം എന്നും എവിടെയായാലും മലയാളിയുടെ ഹൃദയത്തിലെ ഒരു വികാരമാണ്. എത്രയോ പതിറ്റാണ്ടുകളായി രക്തത്തിലലിഞ്ഞു ചേർന്ന സംസ്കാരം.



സേനാനിയുമായ മുരുകനുവേണ്ടി ആറുവൃത്തങ്ങളുള്ള പൂക്കളമിടുന്നു. ഏഴാം നാളിൽ ഏഴുവൃത്തങ്ങളിലിടുന്ന പൂക്കളം ഗുരുവിനായുള്ള സമർപ്പണമാണ്. എട്ടാം ദിനം അഷ്ടദിക്ക് പാലകരെ സങ്കൽപ്പിച്ചുകൊണ്ട് എട്ട് വൃത്തത്തിൽ പൂക്കളിടും. ദേവരാജാവായ ഇന്ദ്രനുവേണ്ടിയുള്ളതാണ് ഒമ്പതാം നാളിൽ ഒരുക്കുന്ന ഒൻപതുവൃത്തങ്ങളുള്ള പൂക്കളം. ആദ്യത്തെ എട്ടു ദിവസങ്ങളിലും ഉപയോഗിക്കാത്ത കടും നിറത്തിലുള്ള പൂക്കൾ കൊണ്ടായിരിക്കണം ഒമ്പതാം ദിവസം പൂക്കളമിടേണ്ടത്. അത്തം തുടങ്ങി പത്താം നാളായ തിരുവോണദിവസം മഹാവിഷ്ണുവിനായുള്ള സമർപ്പണമാണ്. കഴിയുന്നത്ര വെളുത്ത പൂക്കൾ കൊണ്ടുതന്നെ പൂക്കളമിടുവാനും നിഷ്കർഷിച്ചിരുന്നു.

ആചാരപരമായ ഈ നിഷ്ഠയ്ക്കു പിന്നിൽ ശാസ്ത്രീയമായ കാഴ്ചപ്പാടു തന്നെയാണുള്ളത്. ഓരോ ദിവസത്തെയും വ്യത്യസ്ത സങ്കൽപ്പത്തിൽ പത്തു ദിവസവും പത്തുതരം പൂക്കളാണ് ഉപയോഗിക്കുക. ഈ നാട്ടുപൂക്കളെല്ലാം വിരിയേണ്ടത് നമ്മുടെ മുറ്റത്തോ അയൽപക്കങ്ങളിലോ ആയിരിക്കണമെന്നതിൽ നിഷ്ക്കർഷയുണ്ടായിരുന്നു.

ഇന്നത്തെ കണക്കിന് പൂക്കളും മത്സ്യമാംസാദികളും ദിവസങ്ങളോളം സൂക്ഷിക്കാൻ കഴിയുന്ന 'മോർച്ചറികൾ നിലവിലില്ലായിരുന്ന കാലത്തെ നിർദ്ദേശങ്ങളും നിഷ്കഷ്ടകളുമായിരുന്ന ഇതൊക്കെയും. നമ്മുടെ മുറ്റത്തും വളപ്പിലും ഇങ്ങനെയുള്ള പൂക്കൾ വിരിയണമെങ്കിൽ പ്രകൃതി നമ്മെ ഉദാരമായി അനുഗ്രഹിച്ചേ തീരൂ. പ്രകൃതിയോടു ചേർന്നു നിന്നുകൊണ്ടുള്ള സ്വാശ്രയബോധത്തിന്റെ സാക്ഷ്യമായിരുന്ന നമ്മളൊരുക്കിയിരുന്ന ഓണപ്പൂക്കളങ്ങൾ.

പഞ്ഞ കർക്കിടകം താണ്ടിയെത്തുന്ന മനുഷ്യന്റെ വിശപ്പിനെ അടുത്ത ഒരാണ്ടോളം പിടിച്ചു നിർത്തുന്ന രുചിഭേദങ്ങളുടെ മേളനമാണ് ഓണസദ്യ. ചേമ്പിൻ താൾകറിവെച്ചതും പച്ചിലകൾ വേവിച്ചതും കണ്ണൻ ചേമ്പ് പുഴുങ്ങിയതും ആഞ്ഞിലിക്കുരു വറുത്തതും മറ്റുംആഹരിച്ച് കർക്കിടക വറുതിയെ അതിജീവിച്ച ശേഷം വയറു നിറയെ ഭക്ഷണം കഴിക്കുന്നത് ഓണത്തിനാണ്. രുചിമുകുളങ്ങളെ മത്തുപിടിപ്പിക്കുന്ന വിഭവങ്ങളുടെ ഉത്സവം. ഓണസദ്യയൊരുക്കുവാൻ വേണ്ടതെല്ലാംകഴിയാവുന്നത്ര സ്വന്തം അദ്ധ്വാനത്തിലൂടെ വയലിലും തൊടിയിലുമായി വിളയിച്ചെടുത്തിരുന്നു. ഒന്നാം വിള അഥവാ വിരിപ്പ് കൊയ്തെടുത്ത പുന്നെല്ലിന്റെ ചോറ്, സ്വന്തം വിയർപ്പു വീണുവിളഞ്ഞ നേന്ത്രക്കുലയും മരച്ചീനിയും ചേമ്പും ചേനയും കൊണ്ടുള്ള നാനാജാതിവിഭവങ്ങൾ. ഓണത്തിന് വിളവെടുക്കാൻ പാകത്തിൽ പൊതിഞ്ഞുകെട്ടി നിർത്തിയിരുന്ന നേന്ത്രക്കുല മുറിച്ചെടുത്ത് അരിഞ്ഞ് ഉപ്പേരി വറുക്കുന്നതാകട്ടെ നമ്മുടെ പറമ്പിലെ നാളീകേരം ആട്ടിയെടുത്ത വെളിച്ചെണ്ണയിൽ, നാളീകേരവും വെളിച്ചെണ്ണയും നമ്മുടെ പൂർവ്വീകരുടെ സന്തോഷവും വിയർപ്പുമാണെന്ന് ഒരു ചൊല്ലുതന്നെയുണ്ട്.

താമസിക്കുന്ന പറമ്പിൽ തന്നെ വിളയുന്ന വിഭവങ്ങളാലൊരുക്കുന്ന കറികളാണ് ഓണവിഭവങ്ങൾ എന്നത് യാദൃശ്ചികമല്ല. ഒരു നാടിന്റെ സാമൂഹിക- സാംസ്കാരിക സാഹചര്യങ്ങളെയും ജിവിതക്രമങ്ങളെയും മാനസിക ശാരീരിക ആരോഗ്യത്തെയുമെല്ലാം കണക്കിലെടുത്തു കൊണ്ടുള്ള വിഭവ വൈവിധ്യതയും തനിമയുമുണ്ടായിരുന്നു നമ്മുടെ ഓണസദ്യയ്ക്ക്. ഊഞ്ഞാലിടുന്നതിനുള്ള കയർ മുതൽ ഓണക്കോടി വരെ നമ്മുടെ നാടിന്റെ ഉൽപ്പന്നമായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. മഞ്ഞപ്പട്ടുകോടി കുഞ്ഞുങ്ങൾക്കു കൊടുക്കുമ്പോൾ അതു നാടൻ തറിയിൽ വെള്ളനൂലിൽ നെയ്തെടുത്ത് മഞ്ഞൾ വെള്ളത്തിൽ മുക്കിയെടുത്തിരുന്നു എന്നു പറയുമ്പോൾ-നമ്മുടെ പൂർവ്വികരുടെ സ്വാശ്രയ മനോഭാവം എത്ര കണ്ടുണ്ടായിരുന്നുവെന്നു നാം ആലോചിക്കണം.

ഇന്ന് നമുക്ക് എന്നും ഓണമാണ്. പണ്ടത്തെ മലയാളിക്ക് ഓണം ആണ്ടിലൊന്നേയുള്ളു. അത് എത്ര കണ്ട് പൊടിപൂരമായി ആഘോഷിക്കാമോ അത്രതന്നെ ആഘോഷിച്ചിരുന്നു. ഓണത്തിന് സവിശേഷമായ ചില കളികളുണ്ടായിരുന്നു, കേരളത്തിന്റെ മണ്ണിന്റെ മണവും ചേതവുമുള്ള കളികൾ. കുട്ടിയും കോലും, തലപ്പന്ത്, കബഡി തുടങ്ങിയുള്ള നാനാജാതികളികളുടെ ശാസ്ത്രീയ

**പഞ്ഞ കർക്കിടകം താണ്ടിയെത്തുന്ന മനുഷ്യന്റെ വിശപ്പിനെ അടുത്ത ഒരാണ്ടോളം പിടിച്ചു നിർത്തുന്ന രുചിഭേദങ്ങളുടെ മേളനമാണ് ഓണസദ്യ.**





തയോട് കിടപിടിക്കാൻ കഴിയുന്ന ഏത് കളികളാണുള്ളത്? കുട്ടിയുംകോലും സമർത്ഥമായി കളിക്കാനറിയുന്നവൻ മികച്ച ക്രിക്കറ്റ് കളിക്കാരനെക്കാളും ഒരു പണത്തൂക്കം മുന്നിൽ നിൽക്കും! തിരുവാതിരയും തുമ്പിതുള്ളലും കുടമൂത്തും തണുവലിയും നിറയ്ക്കുന്ന താളക്കൊഴുപ്പിന് പ്രകൃതിയുടെ ശ്വാസഗതിയോടാണ് ബന്ധം.

ഓണം പൂർണ്ണമായും നമ്മുടേതായിരുന്നു. മലയാളിയുടെ സ്വന്തം അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയുംതാളവും തഞ്ചവും ഗന്ധവുമായിരുന്ന നമ്മുടെ ഓണത്തിന്. മണ്ണിൽ നിന്ന് കാലു വലിച്ച് കൃഷിയിൽ നിന്ന് അകന്നുപോയ മലയാളിക്ക് സ്വാശ്രയബോധത്തിന്റെ ഉത്സവമായ ഓണം ഒരുക്കാൻ, ഓണമുണ്ണാൻ അയൽ നാട്ടുകളിൽ നിന്ന് അരിയും പച്ചക്കറികളും പൂവും ഇലയും പലവ്യഞ്ജനങ്ങളും തുണിയും വരണം. മലനാടിന്റെ മക്കളായ മലയാളി കൈക്കൊണ്ട് മെയ്യനങ്ങി ഒന്നും ചെയ്യില്ല. അഥവ എന്തെങ്കിലും ചെയ്യുന്നെങ്കിൽ അത് കുന്നിടിച്ചും വയൽ നികത്തിയും മണ്ണിനെ കൊല്ലാനുള്ള - മണ്ണ് വിറ്റ് കാശാക്കാനുള്ള ശ്രമം മാത്രമായിരിക്കുന്നു.

ഓണം എന്ന പേര് മാത്രമേ ഇപ്പോൾ നമ്മോടൊപ്പമുള്ളൂ. അതിന്റെ സത്ത പഴയ നാട്ടിൻപുറത്തെ ഇല്ലാക്കൊമ്പത്തെ ഊഞ്ഞാലിൽ ആടാതെയിരിക്കുന്നു. നമുക്കാ പേരു മാത്രം മതി - കേരളത്തിന്റെ ഏറ്റവും വിലപ്പെട്ട ബ്രാൻഡ് നെയിം-ഓണം. ഓണം നമുക്കു മുന്നിൽ വെയ്ക്കുന്നത് പുരാവൃത്തകഥ മാത്രമല്ല പ്രത്യാശയുടെ താക്കോൽ കൂടിയാണ്. ആഘോഷത്തിന്റെ പൊലിപ്പും  പൊലിമയും ധാരാളിത്തവും കൂട്ടമ്പോഴാണോ ഉത്സവങ്ങൾ സാർത്ഥകമാകുന്നത്? ഇന്നിതാ ഓണം മലയാളിയുടെ മനസ്സിൽ നിന്നും കുടിയിറങ്ങി കമ്പോളത്തിന്റെ വർണ്ണപ്രഭയിൽ അലഞ്ഞുതിരിയുന്നു.

പോയകാലത്തെ പൂമാല ചൂടിച്ച മഹാസങ്കല്പത്തിന്റെ വർണ്ണക്കുടകൾ നമ്മെ സംരക്ഷിക്കട്ടെ. അതിനെ തകർത്തു കളയുന്ന അതിന്റെ ശോഭ കെടുത്തുന്ന നന്മനഷ്ടപ്പെടുത്തുന്ന മഹാവർഷപാതങ്ങളിൽ നിന്നുംകഴിയുന്നത്ര വീണ്ടെടുക്കണം നമ്മുടെ ഓണത്തെ. ഓണംചോർന്നു പോയാൽ - ഓണത്തിന്റെ സ്വാശ്രയ സങ്കൽപ്പം നഷ്ടമായാൽ പിന്നെ മലയാളിയെവിടെ?

അതിനാൽ അടുത്ത ഓണത്തിനെങ്കിലും ഉപ്പേരി വറുക്കുന്നതിനുള്ള ഒരു നേന്ത്രക്കുല നമ്മൾ നട്ടു നനച്ച് വളർത്തുന്ന നേന്ത്രവാഴയിൽ നിന്നും വിളവെടുക്കുന്നതാകണം. ഓണത്തിന് ഒരു പറ നെല്ല്കൊയ്തെടുക്കാൻ പാകത്തിൽ വീട്ടുവളപ്പിലെ ഏതെങ്കിലും ഒരു ഭാഗത്ത് ഇത്തിരി കരനെല്ല് നമുക്ക് കൃഷി ചെയ്യാം. നമ്മുടെ കുഞ്ഞുങ്ങൾ നെല്ലും നെല്ലുവിളയുന്ന ചെടിയും അങ്ങനെയെങ്കിലും ഒന്നു കാണട്ടെ. രണ്ടു മൂട് മരച്ചീനിയും ചേനയും വെട്ടു ചേമ്പും അത്യാവശ്യം കായ്കറികളുംഅടുക്കള മുറ്റത്തോട്ടു ചേർന്നു തന്നെ ഓണം കണക്കാക്കി നടാം നമുക്ക്. ഓണസദ്യ വിളമ്പുവാൻ തൂശനില മുറിച്ചെടുക്കുവാൻ ഒന്നുരണ്ടു പാളയങ്കോടൻ വാഴയോ ഞാലിപ്പൂവനോ കുഴിച്ചു വെയ്ക്കണം. ഇതിനൊക്കെ വേണ്ടിയുള്ള കൊച്ചുകൊച്ചു അദ്ധ്വാനം ആരോഗ്യരക്ഷയ്ക്കുള്ള മരുന്നു കൂടിയാണ്. മാത്രമല്ല, നമ്മുടെ അടുക്കളയിലെ മാലിന്യങ്ങൾ കവറിലാക്കി വഴിയോരത്ത് വലിച്ചെറിയാതെ ഈ വാഴച്ചുവട്ടിലിടാം. അത് വാഴയ്ക്ക് വളമായി മാറുകയും ചെയ്യും. നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഓണത്തെ വീണ്ടെടുക്കുവാൻ ഇങ്ങനെയേ നമുക്കുകഴിയൂ. ആഘോഷങ്ങളുടെ നിയോൺ വെളിച്ചത്തിൽ വിപണി ബ്രാൻഡ് അംബാസിഡറാക്കി വികൃതമാക്കിയ മഹാബലി ചക്രവർത്തിയെ മോചിപ്പിക്കുവാനും ഇതാണ് മാർഗ്ഗം.

**അടുത്ത ഓണത്തിനെങ്കിലും ഉപ്പേരി വറുക്കുന്നതിനുള്ള ഒരു നേന്ത്രക്കുല നമ്മൾ നട്ടു നനച്ച് വളർത്തുന്ന നേന്ത്രവാഴയിൽ നിന്നും വിളവെടുക്കുന്നതാകണം. ഓണത്തിന് ഒരു പറ നെല്ല് കൊയ് തെടുക്കാൻ പാകത്തിൽ വീട്ടുവളപ്പിലെ ഏതെങ്കിലും ഒരു ഭാഗത്ത് ഇത്തിരി കരനെല്ല് നമുക്ക് കൃഷി ചെയ്യാം.**

*(ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ് - 9447220197)*

# നാവിലൂറും പുളി

**മിനി എൽദോ**

പ്രസിഡന്റ്, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത്

## മാമ്പഴ പുളിശ്ശേരി

ആവശ്യമായ ചേരുവകൾ

1. ചന്ദ്രക്കാരൻ മാങ്ങ - 5 (പഴുത്തത്)
2. ഇടത്തരം തേങ്ങ - 1
3. ഉപ്പ് - ആവശ്യത്തിന്
4. മുളക് പൊടി - 1 ടേബിൾ സ്പൂൺ
5. മഞ്ഞൾപ്പൊടി - 1/4 ടീസ്പൂൺ
6. വെളുത്തുള്ളി - 2 അല്ലി
7. ജീരകം - 1/4 ടീസ്പൂൺ
8. കറിവേപ്പില - 3 ഇതൾ
9. ഉലുവ - 1/4 ടീസ്പൂൺ
10. കടുക് - 1/4 ടീസ്പൂൺ
11. പഞ്ചസാര - 1/4 ടീസ്പൂൺ
12. വെളിച്ചെണ്ണ - 25 ഗ്രാം
13. നാടൻ തൈര് - 1/2 ലിറ്റർ
14. വറ്റൽ മുളക് - 3 എണ്ണം
15. പച്ചമുളക് - 5 എണ്ണം

**തയ്യാറാക്കുന്ന വിധം**

മാങ്ങ നന്നായി കഴുകിയെടുത്ത ശേഷം ഒരു പാത്രത്തിൽ ഒരു ഗ്ലാസ് വെള്ളമൊഴിച്ച് മാങ്ങയിട്ട് ചെറുതായി തിളപ്പിക്കുക. ചൂടാറിയ ശേഷം തൊലി പൊളിച്ചെടുക്കുക. തേങ്ങ ചിരവിയത് 5,6,7,8 ചേരുവകൾ ചേർത്ത് നന്നായി അരച്ച് വയ്ക്കുക (കല്ലിൽ അരച്ചാൽ കൂടുതൽ നല്ലത്). അടുപ്പിൽ ചീനച്ചട്ടി വച്ച് ചൂടാകുമ്പോൾ വെളിച്ചെണ്ണ കുറച്ച് ഒഴിക്കുക. ഉലുവ ഇടുക, പൊട്ടിയശേഷം കടുക് ഇടുക അതിനുശേഷം വേപ്പില, വറ്റൽ മുളക് എന്നിവ ഇടുക. അതിനുശേഷം മാങ്ങയിടുക. പച്ചമുളക് ചെറുതായി അരിഞ്ഞത് ചേർക്കുക. ഉപ്പ് ആവശ്യത്തിന് ചേർക്കുക. അല്പം മുളകുപൊടി ചേർത്ത് ഇളക്കുക. അതിനുശേഷം അരച്ച് വച്ചിരിക്കുന്ന അരപ്പ് ചേർക്കുക. അരപ്പ് നന്നായി ചൂടായി വരുമ്പോൾ തൈര് ഒഴിച്ച് ഇളക്കുക. തിളയ്ക്കുന്നതിന് മുമ്പ് ഇറക്കുക. മൺകലത്തിലേക്ക് മാറ്റുക. അതിനുശേഷം ചീനച്ചട്ടി വച്ച് ചൂടാകുമ്പോൾ വെളിച്ചെണ്ണ ഒഴിച്ച് (തീ കുറച്ചിടണം) കുറച്ച് മുളക് പൊടി ഇടുക. മുളക് പൊടി അല്പം മൂത്ത ശേഷം അല്പം വെള്ളമൊഴിച്ച് (1/4 ഗ്ലാസ്സ്) തിളപ്പിച്ച് കറിയിലേക്ക് ഒഴിക്കുക. മാമ്പഴ പുളിശ്ശേരി റെഡി.

## തനി നാടൻ പുളിയിഞ്ചിക്കറി

ആവശ്യമായ ചേരുവകൾ

1. ഇഞ്ചി - 100 ഗ്രാം
2. ശർക്കര - 100 ഗ്രാം
3. ഉപ്പ് - ആവശ്യത്തിന്
4. വാളൻ പുളി - 100 ഗ്രാം
5. മുളക് പൊടി - 1 ടേബിൾ സ്പൂൺ
6. മഞ്ഞൾപ്പൊടി - 1/4 ടീസ്പൂൺ
7. വെളിച്ചെണ്ണ - 100 ഗ്രാം
8. കറിവേപ്പില - 2 ഇതൾ
9. വറ്റൽ മുളക് - 2 എണ്ണം
10. ഉലുവ - 1/4 ടീസ്പൂൺ
11. കടുക് - 1/4 ടീസ്പൂൺ

**തയ്യാറാക്കുന്ന വിധം**

ഇഞ്ചി വൃത്തിയാക്കിയെടുത്ത് കഴുകി (കുറച്ച്) മിക്സിയിലിട്ട് അരച്ച് പിഴിഞ്ഞെടുക്കുക. ബാക്കി ചെറുതായി അരിഞ്ഞെടുക്കുക. വാളൻ പുളി കുറച്ച് നേരം മുമ്പ് തന്നെ വെള്ളത്തിലിട്ട് വയ്ക്കണം. അടുപ്പിൽ ചീനച്ചട്ടി വച്ച് ചൂടാകുമ്പോൾ വെളിച്ചെണ്ണ ഒഴിക്കുക. ഉലുവ ഇടുക. പൊട്ടിയശേഷം കടുക് ഇടുക. അതിനുശേഷം കറിവേപ്പില, വറ്റൽ മുളക് എന്നിവ ഇടുക. അരിഞ്ഞ് വച്ചിരിക്കുന്ന ഇഞ്ചി ചേർത്തിളക്കുക. തീ കുറച്ച ശേഷം മുളക് പൊടി, മഞ്ഞൾപ്പൊടി ഇവ ചേർക്കുക. വെള്ളത്തിലിട്ട് വച്ചിരിക്കുന്ന പുളി പിഴിഞ്ഞെടുത്ത് സത്ത് മാത്രം ചേർക്കുക (പുളിയുടെ അവശിഷ്ടങ്ങൾ ചേർക്കരുത്) നന്നായി ഇളക്കുക. അതിനുശേഷം മിക്സിയിലിട്ട് അരച്ച് പിഴിഞ്ഞെടുത്ത നീരിന്റെ തെളിമാത്രം ചേർക്കുക. ഉപ്പ് ആവശ്യത്തിന് ചേർക്കുക. ശർക്കര ചേർത്ത് നന്നായി ഇളക്കുക അല്പം കട്ടിയാകുമ്പോൾ വാങ്ങിവയ്ക്കാം. തനി നാടൻ പുളിയിഞ്ചിക്കറി റെഡി.

# നിലാപ്പൂവാകണം

**വി.എം.ഗിരിജ**

എന്നിട്ടുമുണ്ടോ വിരലിലൽപ്പം
തങ്ങി നിൽക്കുന്നു പുതു സുഗന്ധം?
ഇന്നലെ നീ വന്നു തൊട്ടു നിന്നു
വന്നു പുതുച്ചിങ്ങമെന്നു ചൊല്ലീ,
കണ്ണിൽക്കവിളിൽ കലി പടർക്കെ -
ചൊല്ലിയില്ലൊന്നും, ഞാൻ മൂളിയില്ലാ.

ചില്ലകൾ താഴ്ത്തും മരങ്ങൾ, പൂവാൽ
നിന്റെ പാവാട നിറച്ചിരുന്നു,
നിന്റെ തൊടിയിലും വേലിയിലും
മഞ്ഞയും ചോപ്പും നിറഞ്ഞിരുന്നു.

മത്തകൾ, കുമ്പളം, കോളാമ്പി മഞ്ഞകൾ
മുക്കുറ്റിയും കണ്ണനാട തുന്നീ.....
കുഞ്ഞിക്കാൽ തുള്ളുന്ന പച്ചക്കടലുകൾ;
തുമ്പകൾ കാടായി കാറ്റിലാടീ.

ഉണ്ടാകാമാ മണം, മന്ദഹാസം,
ഉണ്ടാകാം ഊഞ്ഞാൽക്കുതിപ്പും പാട്ടും
ഉള്ളിലൊരല്പം, അത് കൊണ്ടാവാം
നിൻ വിരൽ വിട്ടു പുറത്തിറങ്ങീ.

ഓണമില്ലെന്നും കഴിഞ്ഞുവെന്നും
ഓണം വിപണിയിലോണമെന്നും
ഓണമുണ്ടുള്ളിൽ ഒളിച്ചിരിപ്പൂ
വരും നാളെയെന്നും മൊഴി ഏറിടുന്നോ?.

മേലോട്ട് മാത്രമാണൽപ്പദൂരം
പൂന്തിങ്കൾ പൂവുപോൽ ഉണ്ടുദിപ്പൂ!
എന്റെ മുഖത്തും പുറത്തുമാഹാ
പണ്ട് നാം കൊണ്ട കുളിർത്തരികൾ.

ഉണ്ട്, നാം കോരിക്കുടിച്ച നീരും
ഉണ്ട് നാം മുങ്ങിയ തേൻചുഴിയും
ഉണ്ട് നീ പാവാടത്തുമ്പ് നീട്ടി-
യന്നു നിറച്ച നിലാവുപൂവും.

# ഓണപ്പട

**വെള്ളനാട് രാമചന്ദ്രൻ**

> മദ്ധ്യകാലഘട്ടത്തിലെ കലാ കായികസംസ്കാരങ്ങളുടെ നേർസാക്ഷ്യങ്ങളാണ് ഓണക്കളികളും ഓണവിനോദങ്ങളും. മദ്ധ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന കളരി സംസ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞുകിടക്കുന്ന ഒരു ഓണവിനോദമാണ് മലബാറിലെ ഓണത്തല്ല് അഥവാ ഓണപ്പട.

“കാണം വിറ്റും ഓണമുണ്ണണം” എന്ന ചൊല്ലിന് പുതുമയൊന്നുമില്ലെങ്കിലും മലയാളിയുടെ തഴക്കവും വഴക്കവും വച്ചുനോക്കിയാൽ താലിയും തറവാടും വിറ്റിട്ടായാലും ഓണം കൊള്ളണം എന്നാണർത്ഥമാക്കേണ്ടത്. അതിനു കാരണം ഓണമെന്നത് മലയാളിക്ക് വെറുമൊരാഘോഷമല്ല; അതൊരു വികാരമാണ്.

ഓണത്തോളം ജനകീയത പുലർത്തുന്നൊരാഘോഷം മലയാളികൾക്കോ മറുനാട്ടുകാർക്കോ വേറെ അധികമുണ്ടെന്ന് തോന്നുന്നില്ല. അതിനുള്ള കാരണങ്ങൾ പലതാണ്. മാറുന്ന കാലത്തിനനുസരിച്ച് വഴങ്ങിക്കൊടുക്കുവാനുള്ള കഴിവ് ഓണത്തിന് മാത്രം സ്വന്തം. അമ്പലത്തിനോ, പള്ളിക്കോ, പുരോഹിതനോ ഓണാഘോഷത്തിൽ പ്രത്യേകിച്ച് ഒരു പങ്കുമില്ല. ഉള്ളവനും ഇല്ലാത്തവനും ഉള്ളതുപോലെ ആഘോഷിക്കാൻ തക്കവണ്ണം ഒതുങ്ങിക്കൊടുക്കുന്ന സ്വഭാവവും ഓണത്തിനുണ്ട്. ഓണത്തിമിർപ്പിനു മുമ്പിൽ ജാതിയും മതവും പ്രത്യയശാസ്ത്രവും ഒഴിഞ്ഞുമാറുന്നു. ഓണത്തിന്റെ പുരാവൃത്തങ്ങൾ ശരിയായാലും അല്ലെങ്കിലും, അതിന്റെ ചരിത്രസത്യങ്ങൾ തേടിപ്പോകാനൊന്നും ഒരു ശരാശരി മലയാളിമിനക്കെടാറില്ല. മാവേലിമന്നൻ നാടുകാണാനെത്തുന്ന സുദിനമാണോ വാമനജയന്തിയാണോ വസന്തോത്സവമാണോ എന്ന തർക്കങ്ങളിലൊന്നും അവന് താൽപര്യവുമില്ല. കാരണം ഓണം അവനൊരു പാരമ്പര്യമാണ്. ഒരു സംസ്കാരമാണ്. ഒന്നു കൂടി വിശദമാക്കിയാൽ ഓണസദ്യ മലയാളിയുടെ ഭക്ഷണസംസ്കാരത്തേയും ഓണക്കോടി അവന്റെ വസ്ത്രസംസ്കാരത്തെയും ഓണപ്പാട്ടുകൾ ഭാഷണസംസ്കാരത്തെയും അടയാളപ്പെടുത്തുന്നു. മദ്ധ്യകാലഘട്ടത്തിലെ കലാ കായികസംസ്കാരങ്ങളുടെ നേർസാക്ഷ്യങ്ങളാണ് ഓണക്കളികളും ഓണവിനോദങ്ങളും. മദ്ധ്യകാലഘട്ടത്തിൽ നിലനിന്നിരുന്ന കളരി സംസ്കാരത്തിന്റെ മുദ്രകൾ പതിഞ്ഞുകിടക്കുന്ന ഒരു ഓണവിനോദമാണ് മലബാറിലെ ഓണത്തല്ല് അഥവാ ഓണപ്പട.

വിശാലമായ ഒരു മൈതാനമാണ് ഓണത്തല്ലിനായി തെരഞ്ഞെടുക്കുക. ഇതിന് തല്ലുമന്ദ് എന്നാണ് പേര്. കളരി പരിശീലനം സിദ്ധിച്ച യുവാക്കൾ രണ്ടുചേരിയായി തല്ലുമന്ദിൽ അണിനിരക്കും. തെക്കേച്ചേരിയെന്നും വടക്കേച്ചേരിയെന്നുമാണ് സംഘങ്ങളുടെ വിളിപ്പേരുകൾ. കിഴക്കും പടിഞ്ഞാറുമായിട്ടാണ് കാണികളുടെ സ്ഥാനം നിശ്ചയിച്ചിട്ടുള്ളത്. തല്ലുമന്ദിന്റെ മദ്ധ്യത്തുകൂടി കുറുകേ ഒരു രേഖ വരച്ചിരിക്കും. അതാണ് ഇരു ചേരികളുടെയും അതിർത്തി. കൈകൾ നിവർത്തിവച്ചേ തല്ല് നടത്താവൂ എന്നാണ് നിയമം; കൈമുറുക്കി ഇടിക്കാൻ പാടില്ലെന്നർത്ഥം. ഓണത്തല്ലുകാർ നിയമം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും നിയന്ത്രിക്കാനും ചുമതലപ്പെട്ടവരുടെ സാങ്കേതികസംജ്ഞ ‘‘ചേതൻമാർ’’ എന്നാണ്. തല്ല് നടക്കുന്നത് ദേശവാഴിയുടെയോ കരപ്രമാണിയുടെയോ അദ്ധ്യക്ഷതയിലായിരിക്കും. ദേശവാഴിക്ക് ഇരിക്കാനുള്ള പീഠം ചുമക്കാനും മുറുക്കാൻ തെറുത്ത് കൊടുക്കാനും കുട പിടിക്കുവാനും വീശിക്കൊടുക്കുവാനുമായി വാല്യക്കാർ ചുറ്റും നിൽക്കും. മുൻനിരയിലുള്ള ഇരിപ്പിടങ്ങളിൽ ഒന്നരയും മുണ്ടും ധരിച്ച്, ചുണ്ടുകൾ മുറുക്കി ചുമപ്പിച്ച്, കുറിക്കൂട്ടുകളണിഞ്ഞ് സർവ്വാഭരണ വിഭൂഷിതകളായി ശ്രേഷ്ഠകുലജാതകളായ അച്ചിമാർ നിരന്നിരിക്കും. തല്ലുകാരെയും കാണികളെയും നിശ്ചിത സ്ഥാനങ്ങളിൽ ഒതുക്കുന്ന ‘‘ചേരിയൊതുക്കം’ കഴിഞ്ഞാൽ തല്ല് ആരംഭിക്കും.

വടക്കേച്ചേരിയിലും തെക്കേച്ചേരിയിലുമുള്ള ഓരോരുത്തർ മൈതാനമദ്ധ്യത്തുള്ള അതിർത്തിയോളമെത്തി കളരിമുറയഭ്യാസങ്ങൾ പ്രകടിപ്പിച്ച് മടങ്ങും. അഭ്യാസങ്ങൾക്ക് അകമ്പടിയായി ആർപ്പുവിളികളും ഘോഷങ്ങളും ഉയരും. തുടർന്ന് ഓരോ ചേരിയിൽ നിന്ന് ഓരോരുത്തർ മുന്നോട്ട് വന്ന് കൈകൾ കോർത്ത് പിടിക്കുകയും പിന്നീട് പിടികൾ വിട്ടുവിച്ച് കൈകൾ മലർത്തി തല്ലാൻ ആരംഭിക്കുകയും ചെയ്യുന്നു. എതിരാളി ഒഴിഞ്ഞും തിരിഞ്ഞും മറിഞ്ഞും അടികൊള്ളാതിരിക്കാൻ



ശ്രമിക്കും. അടികൊള്ളാതെ എതിർചേരിയുടെ അതിർത്തിക്കുള്ളിൽ കയറിപ്പറ്റുകയാണ് ഓരോ കളിക്കാരന്റെയും ലക്ഷ്യം. കളി മുറുകുന്തോറും ഓരോ ചേരിയിൽ നിന്നും ഒന്നിലധികം പേർ കളത്തിലിറങ്ങുകയും കരണം മറിച്ചിൽ, കളരി മുറകൾ എന്നീ പ്രകടനങ്ങളോടൊപ്പം തല്ല് തുടരുകയും ചെയ്യും. തല്ലുകൊള്ളുന്നയാൾ കളിയിൽ നിന്ന് പുറത്താവുകയും പകരം അതേ ചേരിയിൽ നിന്ന് മറ്റൊരാൾ കളത്തിലിറങ്ങുകയും ചെയ്യും. ഓരോ ദിവസവും ജയിക്കുന്ന സംഘമാണ് അടുത്ത ദിവസം പുതിയ സംഘവുമായി ഏറ്റുമുട്ടുന്നത്. ഇങ്ങനെ അത്തം മുതൽ പത്ത് ദിവസവും തുടരും. പതിനൊന്നാം ദിവസമായ അവിട്ടത്തിനാണ് കലാശത്തല്ല്. ഇതിന് അവിട്ടത്തല്ല് എന്നും പറയാറുണ്ട്.

ഓണത്തല്ലിൽ ജയിക്കുന്ന സംഘത്തിന് നാട്ടുവാഴിയുടെയും നാട്ടുകാരുടെയും വക സമ്മാനങ്ങൾ നൽകും. കാണികളായ പ്രൗഢാംഗനമാരുടെ പ്രശംസകളും കടാക്ഷങ്ങളും വേറെ. ഓണത്തല്ലിൽ തോറ്റുപോയ സംഘങ്ങളെ ജയിച്ചവർക്ക് എവിടെവച്ചും ആക്ഷേപിക്കാനും കളിയാക്കാനുമുള്ള അവകാശമുണ്ട്. പരാജിതർ ഒരു കൊല്ലക്കാലം ഈ അപമാനം സഹിക്കേണ്ടതുണ്ട്. കാലം മാറി. കളരികളും കരപ്രമാണിമാരും ചരിത്രത്തിലൊതുങ്ങി. പുതിയ ഓണക്കാഴ്ചകൾ മുറ്റത്തും മുറിയിലുമെത്തിയപ്പോൾ ഓണത്തല്ലും വിസ്മൃതിയിലാണ്ടു. ഇന്ന് പാലക്കാട് ജില്ലയിൽ പറശ്ശനയിൽ പേരിന് അവിട്ടത്തല്ലുമാത്രം നടന്നു വരുന്നതായി അറിയുന്നു.

മലബാറിലെ ഓണത്തല്ലിന്റെ തെക്കൻ പതിപ്പാണ് പാക്കിൽപ്പട എന്ന ഓണപ്പട. കോട്ടയം ജില്ലയിലെ ഒരു ഗ്രാമമാണ് പാക്കിൽ. തെക്കുംകൂർ[1] രാജാക്കന്മാരുടെ പുരസ്കർതൃത്വത്തി ലാണ് പാക്കിൽപ്പട അരങ്ങേറിയിരുന്നത്. ഒരു വ്യത്യാസമുള്ളത് കവണയേറ്, ധനുർവിദ്യ എന്നിവകൂടി കളത്തിൽ പ്രദർശിപ്പിച്ചിരുന്നു എന്നതാണ്. ഓണക്കാലത്തല്ലെങ്കിലും സമാനസ്വഭാവം പേറുന്ന ഒരു പടകളിയാണ് ആലപ്പുഴ ജില്ലയിൽ മാവേലിക്കരത്താലൂക്കിലെ പടനിലത്ത് അരങ്ങേറിയിരുന്ന ആയില്യം മകംപട. തെക്കുംകൂറും ചെമ്പകശ്ശേരിയും[2] തമ്മിൽ അതിർത്തി പങ്കിടുന്നതിന്റെ പേരിൽ നടന്ന യുദ്ധത്തിന്റെ സ്മരണ പുതുക്കാൻ നടന്നുവന്നിരുന്ന ഒരു അനുഷ്ഠാനരൂപമായിരുന്നു ഇത്. പടവെട്ടിമരിച്ച ചാവേറുകളായ അടിയാളവർഗ്ഗത്തിന്റെ ഗോത്രസ്മൃതികളുണർത്തുന്ന ഒരു ചടങ്ങായിരുന്നു എന്ന് ഗവേഷകമതം. ആയില്യം മകം കളിയുടെ മറ്റൊരു രൂപമാണ് ഓച്ചിറക്കളി. പ്രാചീനകാലത്ത് ചെമ്പകശ്ശേരിയും കായംകുളവും[3] തമ്മിൽ നടന്ന യുദ്ധത്തിന്റെ പുനരാവിഷ്കരണമാണ് കൊല്ലം ജില്ലയിലെ ഓച്ചിറ പടനിലത്ത് ആചാരപൂർവ്വം നടന്നുവരുന്ന ഓച്ചിറക്കളി.

ഓണപ്പടയും പാക്കിൽപ്പടയും ഓച്ചിറക്കളിയുമെല്ലാം പ്രാചീനകേരളത്തിൽ നിലനിന്നിരുന്ന നാട്ടുരാജ്യങ്ങളുടെയും അവർ നിലനിർത്തിപ്പോന്ന ആയുധക്കളരികളുടേയും അവർ നടത്തിയ

ഓണത്തല്ലിൽ ജയിക്കുന്ന സംഘത്തിന് നാട്ടുവാഴിയുടെയും നാട്ടുകാരുടെയും വക സമ്മാനങ്ങൾ നൽകും. കാണികളായ പ്രൗഢാംഗനമാരുടെ പ്രശംസകളും കടാക്ഷങ്ങളും വേറെ.



രണ്ടാം ചേരസാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്നു. വെമ്പൊലിനാട്, കോട്ടയം, മീനച്ചൽ, വൈക്കം പ്രദേശങ്ങൾ ഈ പ്രവിശ്യയിൽ ഉൾപ്പെട്ടിരുന്നു. AD 1100 നടുപ്പിച്ച് വെമ്പെലിനാട് തെക്കുംകൂറെന്നും വടക്കുംകൂറെന്നും രണ്ടായിപ്പിരിഞ്ഞു. ഇന്നത്തെ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, തിരുവല്ല താലൂക്കുകളും മീനച്ചൽ താലൂക്കിന്റെ ഒരു ഭാഗവും തെക്കുംകൂറിൽപ്പെട്ടിരുന്നു. AD 1749ൽ മാർത്താണ്ഡവർമ്മ തിരുവിതാംകൂറിനോട് ചേർത്തു.

(2) **കായംകുളം**

ചെങ്ങന്നൂർ, മാവേലിക്കര, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി താലൂക്കുകളുടെ ഭാഗങ്ങൾ ഉൾക്കൊണ്ടിരുന്ന ഒരു നാട്ടുരാജ്യം. ആദ്യനാമം ഓടനാട് എന്നായിരുന്നു. AD 1746ൽ മാർത്താണ്ഡവർമ്മ കായംകുളത്തിനെ തിരുവിതാംകൂറിനോട് ചേർത്തു.

(3) **ചെമ്പകശ്ശേരി**

അമ്പലപ്പുഴ, കുട്ടനാട് താലൂക്കുകൾ ചെമ്പകശ്ശേരിയിൽ ഉൾപ്പെട്ടിരുന്നു. പുറക്കാട് എന്നും വിളിപ്പേരുണ്ടായിരുന്നു. ദേവനാരായണൻ എന്ന പട്ടപ്പേരോടു കൂടിയ ബ്രാഹ്മണ രാജാക്കൻമാരായിരുന്നു ഭരണാധികാരികൾ. AD 1746ൽ മാർത്താണ്ഡവർമ്മ ആക്രമിച്ചു കീഴടക്കി.

പടയോട്ടങ്ങളുടേയും അന്നത്തെ സാമൂഹ്യാവസ്ഥകളുടേയും ചരിത്രാംശം പേറുന്നവയാണ്. മദ്ധ്യകാലകേരളത്തിന്റെ കലാകായിക ചരിത്രോന്മീലനത്തിന് തയ്യാറെടുക്കുന്നവർക്ക് ഒരു വഴിച്ചൂട്ടെന്ന നിലയ്ക്കാണ് മറയിലും മറവിയിലും ആണ്ടുപോയ ഈ പടകളികളെ കുറിച്ചിടുന്നത്.

*(ലേഖകൻ ചരിത്രകാരനാണ് - 9495828585)*

**കുറിപ്പുകൾ**

(1) **തെക്കുംകൂർ-**

AD 9-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടുവരെ കൊടുങ്ങല്ലൂർ കേന്ദ്രമാക്കി കേരളം വാണിരുന്ന

## മാലിന്യസംസ്കരണം കാര്യക്ഷമമായി നടപ്പിലാക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കും

ഉറവിടമാലിന്യസംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് കർശന നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവായി. ഹോട്ടലുകൾ, ക്ലബുകൾ, കല്യാണമണ്ഡപങ്ങൾ/ വിവാഹ ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യ വസ്തുക്കൾ വില്ക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി- പഴവിപണന കടകൾ, മത്സ്യം, മാംസം എന്നിവ വില്ക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കേണ്ടതാണ്. അപ്രകാരം സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കാത്ത സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് റദ്ദാക്കും. നഗരസഭകളിൽ പൊതുനിരത്തുകളിൽ മാലിന്യം വലിച്ചെറിയുന്ന തട്ടുകടകൾക്കും, വഴിയോരക്കടകൾക്കുമെതിരെയും കർശന നടപടിയുണ്ടാകും.

(സ.ഉ(സാധാ)നം.2511/2017/തസ്വഭവ, തീയതി 22-07-2017).



# മലനാടിന്റെ മധുരോദാരവികാരം

**ഡോ. അജയപുരം ജ്യോതിഷ് കുമാർ**

പഞ്ഞക്കർക്കിടകം പടിയിറങ്ങിപ്പോയി. പറമ്പിലും പാതയോരത്തും ചിങ്ങത്തുമ്പി പറക്കുകയാണ്.

വിതയും കൊയ്ത്തും കൊയ്ത്തുപാടവുമൊക്കെ ച്ചേർന്ന് സജീവമാക്കിയ ഗ്രാമാന്തരീക്ഷത്തിന്റെ പിന്നാമ്പുറങ്ങളിലെവിടെയോ നിന്ന് ചിങ്ങത്തിരുവോണത്തിന്റെ തിരനോട്ടം. തൊടിയിൽ തുമ്പയും മുക്കുറ്റിയും ജമന്തിയും പിച്ചകവുമൊക്കെ പൂവിട്ടു നിൽക്കുന്നു. പുഷ്പഗന്ധം പേറിയെത്തുന്ന കാറ്റ് നാട്ടിടവഴികളിൽ ഒച്ചയുണ്ടാക്കാതെ വീശിനിറയുന്നു. പ്രജകളും പ്രകൃതിയും ത്യാഗമൂർത്തിയായ ഒരു രാജാവിനെ കാത്തിരിക്കുകയാണ്. കാലമെത്ര കഴിഞ്ഞു പോയിട്ടും ഈ കാത്തിരിപ്പിന് പുതുമ പോകുന്നതേയില്ല. കേരളത്തിലെന്നല്ല ആഗോളപ്രപഞ്ചത്തിലെവിടെയും മലയാളിയുടെ മനസ്സിൽ നിത്യഹരിതാഭ പടർത്തുന്ന കാല്പനികസ്വപ്നം....ആർദ്രവികാരം.... അതത്രേ ഓണം.

ഉർവരതയുടെ ഈ ഉണർവുവേളയിൽ പടിപ്പുരമുറ്റത്ത് പുഞ്ചിരിച്ചെത്തുന്ന ശ്രാവണപ്പുലരി അതുല്യമായൊരു പുഷ്പോത്സവത്തെയാണ് കാഴ്ചവയ്ക്കുന്നത്.

തിരുവോണപ്പുലരി തൻ തിരുമുൽക്കാഴ്ച വാങ്ങാൻ അണിഞ്ഞൊരുങ്ങുന്ന തിരുമുറ്റത്തെക്കുറിച്ച് ഒരു കവി പാടിയത് കേട്ടിട്ടില്ലേ... ?

പൊന്നിൻ കതിർക്കുലയേന്തി വന്നു പോകുന്ന ചിങ്ങമാസം ഇന്ന് വെറും കവിഭാവനയായി മാറി. മരതകപ്പട്ടു ചാർത്തി നോക്കെത്താദൂരത്തോളം വിസ്തൃതിയിൽ പരന്നു കിടക്കുന്ന പാടശേഖരങ്ങളും തറവാട്ടുമുറ്റം നിറയെ കറ്റ മെതിച്ചെടുക്കുന്ന നെന്മണിക്കൂമ്പാരങ്ങളും കരുത്തിന്റെ വിയർപ്പൊഴുകുന്ന ശരീരമുള്ള പണിയാളുകളും ഒരിക്കലും ഒഴിയാത്ത കൂറ്റൻ പത്തായങ്ങളുമൊക്കെ സർവ്വസാധാരണമായിരുന്ന ഗതകാല കാർഷികജീവിതത്തിന്റെ മധുരസ്മരണയിലാണ് ഇന്നും നമ്മൾ ഓണം കൂടുന്നത്. കാർഷികസംസ്കൃതിയെ കുടഞ്ഞെറിഞ്ഞ മലയാളിയുടെ അടുക്കളയിൽ ഇന്നു പാകമാവുന്ന ചമ്പാവരിച്ചോറുപോലും അയൽദേശക്കാരന്റെ അധ്വാനവും കാരുണ്യവുമാണല്ലോ. പക്ഷേ ... ഏതു പ്രാരാബ്ധഭാരത്തിനിടയിലും എത്ര അലസഗമനത്തിനൊടുവിലും നാം ഓണത്തെ അറിയുന്നു..അടുത്തു വിളിക്കുന്നു. കാരണം അതു നമ്മുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന ഉത്സവപ്പൊലിമയാണ്. ശാരദാകാശത്തിന്റെ നീലിമയിലും പാൽനിലാവിലും കുളിച്ചൊരുങ്ങിക്കൊണ്ട് മലയാളദേശം എന്നും ഈ കാർഷികോത്സവത്തിന്റെ വരവിനായി നിറമനസ്സോടെ കാത്തിരിക്കുന്നു....

പ്രകൃതിക്കു തന്നെ ഓണവേളയിൽ ചില പരിവർത്തനങ്ങൾ സംഭവിക്കുന്നുണ്ട്. ഹരിതശോഭയാർന്ന ശ്രാവണത്തിന്റെ ലാവണ്യാനുഭവം ചുറ്റുപാടിലാകെ അനുഭവവേദ്യമാണ്.

പ്രകൃതിക്കു തന്നെ ഓണവേളയിൽ ചില പരിവർത്തനങ്ങൾ സംഭവിക്കുന്നുണ്ട്. ഹരിതശോഭയാർന്ന ശ്രാവണത്തിന്റെ ലാവണ്യാനുഭവം ചുറ്റുപാടിലാകെ അനുഭവവേദ്യമാണ്.



അച്ഛൻ, അമ്മ, മുത്തശ്ശി, മക്കൾ, പേരക്കിടാങ്ങൾ.... കണ്ണി പൊട്ടാത്ത സ്നേഹത്തിന്റെ ശൃംഖലകൾ. എല്ലാവർക്കും ഒന്നിച്ചുകൂടാനായി ചില ആഘോഷവേളകൾ. അതിലേറ്റവും പ്രധാനം ചിങ്ങത്തിരുവോണം തന്നെ.

ചിങ്ങത്തിന്റെ വിരൽ സ്പർശമേറ്റ് ആർദ്രവും സ്നിഗ്ധവുമായ മനസ്സ് സ്വായത്തമാക്കിയ മലനാടൻ മണ്ണ്....കാറൊഴിഞ്ഞ് വെണ്മലുകിച്ചിരിക്കുന്ന ആകാശമേലാപ്പ്... ചുരങ്ങളെയും മലനിരകളെയും തഴുകിയെത്തുന്ന പുഷ്പഗന്ധിയായ ഇളംകാറ്റ്.... ഗ്രാമഭൂമിയിലെ വയൽവരമ്പുകളിൽ വിനയാന്വിതരായി നിന്ന് കാണിക്കവെയ്ക്കുന്ന ഓണമലരുകൾ...നിലാവിന്റെ വെള്ളിവെളിച്ചത്തിൽ പുഞ്ചിരി തൂകുന്ന ഓണരാവുകൾ... ഓണം നൽകുന്ന ഗ്രാമചിത്രങ്ങൾ ഇതൊക്കെയാണല്ലോ.........അതേസമയം ആൾത്തിരക്കിന്റെ വിസ്മയങ്ങളിൽപ്പെട്ടുഴലുന്നതാണ് ഓണക്കാലത്തെ നഗരത്തിന്റെ നട്ടുച്ചകൾപോലും . ഓണം ഇവിടെ കച്ചവടത്തിന്റെ പൂരമഹോത്സവമാണ്. കമനീയമായി അലങ്കരിക്കപ്പെട്ട ബഹുനില ഷോപ്പിംഗ് മാളുകൾക്കു മാത്രമല്ല, തെരുവോരത്ത് ആകാശമേൽക്കൂരയ്ക്കു ചുവട്ടിൽ പുരുഷാരത്തെ കൈമാടി വിളിക്കുന്ന വഴിവാണിഭക്കാർക്കും ഇതു വിപണനത്തിന്റെ മഹോത്സവം തന്നെ.

പരസ്യങ്ങളുടെ പ്രലോഭനങ്ങൾ, സൗജന്യവാഗ്ദാനങ്ങൾ, ഡിസ്കൗണ്ട് ഓഫറുകൾ... ഉപഭോക്താവിനെ കീഴടക്കാനുള്ള യുക്തിബോധം പല നിലയിലാണ് പൊടിപൊടിക്കുന്നത്. ഉദ്യോഗസ്ഥൻമാരുടെ ഓട്ടക്കൈകൾ നിറയുന്ന കാലമാണിത്. ബോണസ്, ഉത്സവബത്ത, മുൻകൂർശമ്പളം... പണത്തിനു പഞ്ഞമില്ല. വിപണിയുടെ കാവലാളുകൾ അതറിഞ്ഞ് കെണിയൊരുക്കുന്നു.

ഒരിക്കൽ കുടുംബത്തിന്റെ ഉത്സവമായിരുന്നു ഓണം. സ്നേഹവും കടപ്പാടും വ്യക്തിബന്ധങ്ങളും ഒക്കെച്ചേർന്ന് ഹർഷപുളകിതമായ കുടുംബാന്തരീക്ഷമായിരുന്നു ഇവിടത്തെ തറവാടുകളിൽ. അച്ഛൻ, അമ്മ, മുത്തശ്ശി, മക്കൾ, പേരക്കിടാങ്ങൾ.... കണ്ണി പൊട്ടാത്ത സ്നേഹത്തിന്റെ ശൃംഖലകൾ. എല്ലാവർക്കും ഒന്നിച്ചുകൂടാനായി ചില ആഘോഷവേളകൾ. അതിലേറ്റവും പ്രധാനം ചിങ്ങത്തിരുവോണം തന്നെ. ഇത്രത്തോളം പങ്കാളിത്തസ്വഭാവവും സാർവ്വജനീനതയുമുള്ള മറ്റൊരുത്സവം ലോകത്തിലൊരിടത്തും ഉണ്ടാകാനിടയില്ല. പക്ഷെ, കൂട്ടായ്മയുടെ ആഹ്ലാദാരവങ്ങളുയർന്നിരുന്ന ആ കാലം അസ്തമിച്ചു. ഓരോരുത്തരായി മറുനാടുകളിലേക്ക്, നഗരത്തിരക്കുകളിലേക്ക്, സ്വകാര്യാനന്ദങ്ങളിലേക്ക്... കൂട്ടായ്മയുടെ വലിപ്പം കുറഞ്ഞു, ഹൃദയബന്ധങ്ങൾ അയഞ്ഞു, എല്ലാം വെറും ചടങ്ങുതീർക്കൽ. എങ്കിലും.... എങ്കിലും....... തിരുവോണമേ നിനക്കു വരാതെ വയ്യല്ലോ...!!!

വറുതിയും ദാരിദ്ര്യവുമുള്ളപ്പോഴും എല്ലാം മറന്ന് ഒന്നാകലിന്റെ മഹോത്സവമൊരുക്കുന്ന ഓണത്തെപ്പറ്റി, അതിന്റെ അന്യാദൃശമായ ദൃശ്യചാരുതയെപ്പറ്റി കവികൾ പാടാതിരിക്കുന്നതെങ്ങനെ?

"എങ്ങും വറുതിതൻ പേക്കോലങ്ങ-
ളെങ്കിലുമോണമാണോണപ്പൂവേ.."

എന്ന് പൂവിനെ ഓർമ്മിപ്പിക്കുക മാത്രമല്ല കുഞ്ഞിരാമൻ നായർ ചെയ്തത്. ഓണത്തിന്റെ സമഭാവനയെ പൂവിൽ നിന്ന് പൂമ്പാറ്റയിലേക്കും കൊണ്ടുപോയി,

"'ചിത്രശലഭങ്ങൾക്കൊക്കെയിപ്പോൾ
പട്ടൊളിപ്പൂത്തനുടുപ്പുകിട്ടി
താളത്തിൽ തുള്ളൽ പഠിക്കുവാനായ്
താളും തകരയും നാടു വിട്ടു"

എന്ന വരികൾ വായിക്കുമ്പോൾ ഒരു ബാലമനസ്സിന്റെ ഓണോല്ലാസം നാം തിരിച്ചറിയുന്നു. ഓണത്തിന് അച്ഛൻ വാങ്ങിത്തരുന്ന വർണ്ണഭംഗിയുള്ള ഓണക്കോടിയുടെയും ഗ്രാമകന്യകമാരുടെ ചന്തം നിറഞ്ഞ തുമ്പിതുള്ളലിന്റെയും ഓർമ്മകളാണ് ഈ ശലഭവും ചെടികളും നമ്മിൽ നിറച്ചുവയ്ക്കുന്നത്.

"പൂമരം പൂത്ത വഴിയിൽക്കൂടി
മാമരച്ചാർത്തിനിടയിൽക്കൂടി
ഓർമ്മതന്നോടക്കുഴലുമൂതി
ഓണനിലാവു വിരുന്നു" വരുന്നത് കവിഭാവനയിൽ മാത്രമല്ല, ഓരോ മലയാളിയുടെയും ജീവിതത്തിലേക്കു കൂടിയാണ്. കാലമാറ്റത്തിനൊത്ത രീതിഭേദങ്ങൾ വന്നു ഭവിച്ചുവെങ്കിലും ഓണം പകരുന്ന മാനസികോല്ലാസത്തിന് ഇന്നും വേറിട്ടൊരു വിതാനമുണ്ട്.

"മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം

ആപത്തങ്ങാർക്കുമൊട്ടില്ല താനും"

എന്ന നാടോടിപ്പാട്ട് മൂളിനോക്കാത്ത ഒരു മലയാളിയുമുണ്ടാവില്ല. ആദർശസുന്ദരമായ ഒരു ഭരണകാലത്തിന്റെ അയവിറക്കലാണ് അപൂർവസുന്ദരമായ ഈ മാവേലിപ്പാട്ട്. ദുരിതത്തിന്റെയും അരുതായ്മകളുടെയും നടപ്പുകാലത്ത് ജനമനസ്സുകളിൽ മധുരത്തേന്മഴയായി എന്നും പെയ്തിറങ്ങുന്ന പാട്ട്.സമത്വത്തിന്റെയും സമൃദ്ധിയുടെയും പ്രകീർത്തനമാണ് നന്മനിറഞ്ഞ മാവേലിക്കാലത്തെക്കുറിച്ചുള്ള ഈ പാട്ടിൽ നിറയെ. നമ്മുടേത് ഇങ്ങനെയൊരു നാടായെങ്കിൽ എന്നു വീണ്ടും വീണ്ടും പ്രാർത്ഥിച്ചു പോകുന്നു. ആ പ്രാർത്ഥനയുടെ പ്രതിഫലനം തന്നെയാണ് വർഷം തോറും ഹർഷപുളകത്തോടെ നാം പ്രത്യാനയിക്കുന്ന ചിങ്ങത്തിരുവോണം. ചുട്ടുപൊള്ളിക്കുന്ന യാഥാർത്ഥ്യങ്ങൾക്കിടയിൽ സങ്കല്പത്തിന്റെ ശീതോപചാരത്തിൽ ആശ്വസിക്കുക ഏതു ജനതയുടെയും സഹജസ്വഭാവമാണ്. ദുരന്തങ്ങൾക്കും ദുശ്ശകുനങ്ങൾക്കുമിടയിൽ മലയാളി താലോലിക്കുന്ന സുഖശീതള സ്വപ്നമാണ് പൊന്നോണം.

ചിങ്ങമാസത്തിലെ അത്തംനാളിൽ പൂക്കളമിട്ടുകൊണ്ടാണ് ഓണവരവേൽപ്പ് ആരംഭിക്കുക. പൂക്കളമിടാൻ ഉത്സാഹത്തിമിർപ്പോടെ കുതിച്ചെത്തുന്ന ബാലസംഘത്തെ കണ്ടില്ലേ? ഇന്നലെ മുഴുവൻ ഇവർ തൊടിയിൽ ഓടി നടക്കുകയായിരുന്നു. കൈയിലുള്ള പൂക്കുടയിൽ നിറയെ മത്സരിച്ച് പൂക്കൾ ശേഖരിക്കാനായിരുന്നു ആ ഓട്ടം. പിച്ചകം,തെച്ചി, മുക്കുറ്റി, ജമന്തി, ശംഖുപുഷ്പം, തുമ്പ തുടങ്ങി വർണ്ണവൈവിധ്യമുള്ള പൂക്കൾ... ചുവപ്പ്, വെള്ള, മഞ്ഞ, വയലറ്റ്, ... നിറങ്ങളുടെ അപൂർവ്വമേളനം. ഈ പൂച്ചങ്ങാതിമാരെ കളംവരച്ച് നിരത്തി എടുക്കുന്ന കരവിരുത് ഒന്നു വേറേതന്നെ.

മനുഷ്യനിൽ മാത്രമല്ല, സകല ചരാചരങ്ങളിലും ഓണത്തിന്റെ ആഘോഷത്തിമിർപ്പുണ്ട്.

വീടുകൾ വീടുകളായി നിന്നു,
നാടുകൾ നാടുകളായി വന്നു
ആസ്വദിക്കുന്നിതുറുമ്പുമിപ്പോ-
ളാനന്ദത്തേൻകണമോണക്കാലം

ഉത്രാടപ്പാച്ചിൽ എന്നു കേട്ടിട്ടില്ലേ..ഓണത്തിന്റെ അവസാന ഒരുക്കങ്ങൾക്കായുള്ള ഉത്രാടദിവസത്തെ നെട്ടോട്ടമാണത്. പൂക്കളമൊരുക്കാൻ പൂ പറിക്കുന്ന ചിലർ, സദ്യ വിളമ്പാൻ നാക്കില തേടി ചിലർ, ഓണവിരുന്നിനെത്തുന്നവരെ സ്വീകരിക്കാനുള്ള തത്രപ്പാടിൽ ചിലർ, നാട്ടുകൂട്ടവും ആസൂത്രണവുമായി ഇനിയും ചിലർ. ആകെ തിരക്കു നിറഞ്ഞ ഉത്രാടം. .

ഒട്ടേറെ ഓണക്കളികൾ ഉണ്ടായിരുന്നു ഇവിടെ. പെണ്ണൊരുമയുടെ പ്രത്യക്ഷോദാഹരണമായിരുന്നു അവയിൽ പലതും. ഇന്നിപ്പോൾ നാട്ടിൻപുറങ്ങളിൽ നിന്നു പോലും ഓണക്കളികൾ നാടുനീങ്ങിപ്പോയി. വേഗതയേറിയ ഒരു കാലത്തിനൊപ്പമാണല്ലോ നാമിപ്പോൾ. ഒരുങ്ങിവരുമ്പോഴേക്കും കടന്നു പോകുന്നതാണ് ഇന്നത്തെ ഓണം. ഇതിനിടയിൽ ഓണപാക്കേജുകൾ, വിസ്മയം പരത്തുന്ന ചാനൽക്കാഴ്ചകൾ...

ആനുകാലിക പ്രസിദ്ധീകരണങ്ങളാകട്ടെ ഓണപ്പതിപ്പുകളുടെ പരമ്പരയൊരുക്കി മത്സരിക്കുന്നു. ഉപഭോക്താവിനെ കീഴടക്കുന്ന യുക്തിബോധം എല്ലായിടത്തും പൊടി പൊടിക്കുന്നു. എങ്കിലും നിരവധി പുരുഷായുസ്സുകളിലൂടെ കൈമാറിവന്ന ആ മധുരോദാരവികാരത്തെ മറക്കുവതെങ്ങനെ....ഈ ഉത്സവഛായയിലെങ്കിലും



നമ്മൾ ഇത്തിരിനേരം സ്വാർത്ഥത വെടിഞ്ഞ മലയാളികളാകേണ്ടതാണ്.

സാഹോദര്യത്തിന്റെയും ജീവിതമൂല്യങ്ങളുടെയും നല്ല പാഠങ്ങൾ പങ്കിടുന്ന ഓണം. ത്യാഗത്തിന്റെ മഹത്വം വിളംബരം ചെയ്യുന്ന ഓണം. ലക്ഷ്യബോധമുള്ള ഭരണസംവിധാനത്തെ കൃത്യമായി നിർണയിച്ചുവച്ച ഓണം. അതേ.... ഓരോ വർഷവും പൊന്നോണ സൂര്യോദയത്തിലേക്ക് കൺചിമ്മിയുണരാൻ നാം കാത്തിരിക്കുന്നു. പ്രശ്നഭരിതമായ ഈ പ്രയാണ വേളയിൽ പ്രത്യാശയുടെ പൂപ്പൊലിപ്പാട്ടുമായി വിരുന്നിനെത്തുവാൻ ഓണമല്ലാതെ മറ്റൊരു തിരുനാൾ നമുക്കില്ലല്ലോ... അതു കൊണ്ട്, പ്രിയപ്പെട്ട പൊന്നോണമേ നിനക്ക് നന്ദി. മാനുഷരെല്ലാരും ഒന്നായി ആമോദത്തോടെ കഴിഞ്ഞ ആ നല്ല നാളുകളുടെ രജതസ്മൃതിയുമായി, മാവേലിത്തമ്പുരാന്റെ തേരുരുളൊച്ചയുമായി ഈ മലനാടിൻ വായുവിൽ നിറയുന്ന മധുരോദാരവികാരമേ നീ വീണ്ടും വരിക.

*ലേഖകൻ
തിരുവനന്തപുരം
മഹാത്മാഗാന്ധി
കോളേജിൽ
അസ്സോസിയേറ്റ്
പ്രൊഫസറാണ്.
9447502337*

## ...എന്ന് വായനക്കാർ

### ഏവരേയും ആകർഷിക്കും

പഞ്ചായത്ത്‌രാജ് മികച്ച മാസിക ആകുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന 'ഭൂതക്കണ്ണാടി' എന്ന പംക്തി. പരക്കെയുള്ള ചില വിശ്വാസങ്ങളുടെ ശാസ്ത്രസത്യം വളരെ മനോഹരമായ ശൈലിയിൽ അവതരിപ്പിക്കുന്നു. വായനയ്ക്കിടയിൽ ഒരാൾ എഴുത്തുകാരന്റെ പേരിലേക്ക് ഒന്നുകൂടി ശ്രദ്ധിക്കുന്നത് ആ രചനയുടെ വിജയമാണ്. വട്ടവിള വിജയകുമാറിന് അഭിനന്ദനങ്ങൾ 'വായിച്ചിരിക്കേണ്ട പുസ്തകം'- പംക്തിയും ശ്രദ്ധേയമാണ്. ഇത്തരം പംക്തികൾ ഏവരേയും ആകർഷിക്കും - സന്തോഷം.

ഷീലാലാൽ, രാജാക്കാട്

### പ്രസക്തിയേറിയ ചരിത്ര ലേഖനം


ഗുരുവായൂർ സത്യാഗ്രഹം വീണ്ടും വായിക്കുമ്പോൾ എന്ന ടി.വി. അബ്ദു റഹിമാൻ കുട്ടിയുടെ ലേഖനം വായിച്ചു. ഇദംപ്രഥമമായ ചരിത്രബോധ്യങ്ങളിലേക്ക് വിദ്യാർത്ഥികളെ നയിക്കാൻ പോന്ന പ്രകാശമാനമായ ദൗത്യമാണ് ലേഖകൻ നിർവ്വഹിച്ചിരിക്കുന്നത്. ജാതിവിവേചനവും മതാന്ധതയും തത്ഫലമായ വർഗീയ ചിന്താഗതികളും ശക്തിപ്പെടുത്താൻ അന്ധകാരശക്തികൾ അധികസമയ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് കേരളം താണ്ടിക്കടന്ന കയ്പുകടലുകൾ ഏതൊക്കെയാണെന്ന് വിരൽചൂണ്ടുന്ന പ്രസ്തുത ചരിത്രലേഖനത്തിന് പ്രസക്തിയേറുന്നത്.

അയുക്തികവും അരാഷ്ട്രീയവുമായ കഥകളുടെ കുമ്പാരമാണ് നമ്മുടെ ഇന്നലെകൾ എന്ന് സമർത്ഥിക്കാനും അതുവഴി തലയും മുറയുമില്ലാത്ത ഒരു തലമുറയെ സൃഷ്ടിക്കാനും ഉത്തര-മധ്യേന്ത്യൻ പ്രദേശങ്ങളിൽ നടത്തുന്ന ശ്രമങ്ങൾ വിപൽക്കരമായ അനന്തര ഫലങ്ങൾ സൃഷ്ടിച്ചിരിക്കേ, നന്മയിലേക്ക് പാത തീർക്കുന്ന ലേഖകനും പഞ്ചായത്ത്‌രാജിനും അഭിനന്ദനങ്ങൾ.

സുരേഷ്കുമാർ കന്നൂര്, കൊയിലാണ്ടി

**കണ്ണും കാതും** **വീ.സീ.അഭിലാഷ്**

### കേരളക്കരയിൽ ഓണച്ചൂടേറി







## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

**PANCHAYAT RAJ (Monthly)** August 2017
Annual Subscription ₹120, Published on 20 August 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17


# ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

## പരാതിപ്പെടാം... ഓൺലൈനിലൂടെ

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.




Printed & Published by V. Ratheesan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: V. Ratheesan IAS